ISSN-0971-8397

# യോജന

ജൂൺ 2016 | ഒരു വികസന പത്രിക | ₹ 22

## ഇന്ത്യ മുന്നോട്ട്

**സാമ്പത്തിക വളർച്ചയിലൂടെ സമഗ്ര വികസനം**
ചരൺ സിങ്

**ഇ–ഗവേണൻസും സാമൂഹിക ശാക്തീകരണവും**
രഞ്ജിത്ത് മേഹ്ത്ത

**ഫോക്കസ്**
**കൃഷിയും കർഷകാഭിവൃദ്ധിയും : ഒരു അവലോകനം**
ജെ.പി.മിശ്ര



**സ്പെഷ്യൽ സെഗ്മെന്റ് : യോഗ**

**യോഗ : ഒരു ആരോഗ്യ ജീവിത ശൈലി**
ഈശ്വർ എൻ ആചാര്യ

**അന്താരാഷ്ട്രതലത്തിൽ യോഗയുടെ പ്രാധാന്യം**
ഡോ. ഈശ്വർ വി ബാസവ റെഡ്ഡി

**യോഗാ പരിശീലകരുടെ സർട്ടിഫിക്കേഷനും മൂല്യ നിർണയവും**
രവി.പി.സിങ്, മനീഷ് പാണ്ഡേ




# കുടുംബാരോഗ്യവും പരിസ്ഥിതി സംരംക്ഷണവും ലക്ഷ്യമിട്ട് 'പ്രധാന മന്ത്രി ഉജ്വല യോജന'

2016 മേയ് ഒന്നിന് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത 'പ്രധാനമന്ത്രി ഉജ്വല യോജന' പദ്ധതി, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള രാജ്യത്തെ അഞ്ചുകോടി വീട്ടമ്മമാർക്കാണ് പ്രയോജനമാകുന്നത്. മൂന്നു വർഷംകൊണ്ട് (2016-17, 2017-18, 2018-19) നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്കു ഗവണ്മെന്റ് 8,000 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്കു (ബിപിഎൽ) എൽപിജി കണക്ഷൻ നൽകുവാൻ ഗവണ്മെന്റ് 1600 രൂപ വീതം ഓരോ വീടിനും സഹായം നൽകും. സംസ്ഥാന, കേന്ദ്രഭരണ പ്രദേശങ്ങളിലെ ഗവണ്മെന്റുകളുടെ സഹായത്തോടെയാണ് അർഹരായ ബിപിഎൽ കുടുംബങ്ങളെ കണ്ടെത്തുക.

രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ക്ഷേമ പദ്ധതി കോടിക്കണക്കിനു പാവപ്പെട്ട സ്ത്രീകൾക്കു ഉപകാരപ്പെടുന്ന രീതിയിൽ നടപ്പാക്കുന്നത്. നമ്മുടെ രാജ്യത്തു പാവപ്പെട്ടവർക്ക് എൽപിജി ഇപ്പോഴും കിട്ടാക്കനിയാണ്. എൽപിജി സിലിണ്ടറുകളുടെ ഉപയോഗം പ്രധാനമായുമുള്ളത് നഗരങ്ങളിലും അർധനഗരങ്ങളിലുമുള്ള ഇടത്തരക്കാരുടേയും ധനികരുടേയും വീടുകളിലാണ്.

മണ്ണെണ്ണ, വിറക് തുടങ്ങിയവ ഉപയോഗിച്ചുള്ള പാചകം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ടനുസരിച്ച്, പാചകത്തിനു ശുദ്ധമായ ഇന്ധനം ഉപയോഗിക്കാത്തതുമൂലം ഇന്ത്യയിൽ പ്രതിവർഷം അഞ്ചു ലക്ഷം പേരാണ് മരിക്കുന്നത്.

ഹൃദയാഘാതം, കടുത്ത ശ്വാസകോശരോഗങ്ങൾ, ശ്വാസകോശ കാൻസർ തുടങ്ങിയ രോഗങ്ങൾകൊണ്ടാണ് ഈ മരണത്തിൽ നല്ലൊരു പങ്കും സംഭവിക്കുന്നതെന്നും റിപ്പോർട്ടു ചൂണ്ടിക്കാണിക്കുന്നു. കുട്ടികളിൽ ഗുരുതരമായ ശ്വസാകോശരോഗങ്ങൾക്കുള്ള മുഖ്യകാരണം വീടിനുള്ളിലെ വായുമലിനീകരണമാണെന്നാണ് റിപ്പോർട്ട്.

അടുക്കളയിൽ വിറകു കത്തിച്ചു പാചകം നടത്തുന്നതു മൂലമുള്ള പുക ശ്വസിക്കുന്നത് മണിക്കൂറിൽ 400 സിഗററ്റ് വലിക്കുന്നതിനു തുല്യമാണെന്നാണ് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ബിപിഎൽ കുടുംബങ്ങൾക്ക് എൽപിജി കണക്ഷൻ നൽകുന്നതു വഴി ശുദ്ധമായ പാചക വാതക ഇന്ധനം സാർവത്രികമായി രാജ്യത്തു ലഭ്യമാക്കാൻ കഴിയും. ഇതു സ്ത്രീകളെ ശാക്തീകരിക്കുമെന്നു മാത്രമല്ല, അവരുടെ ആരോഗ്യം സംരക്ഷിക്കപ്പെടുകയും ചെയ്യും. പാചകത്തിനു കൂടുതൽ സമയം ചെലവഴിക്കുന്നതു കുറയ്ക്കാനും സാധിക്കും. കൂടാതെ ഗ്രാമത്തിലെ യുവാക്കൾക്കു പാചക വാതക വിതരണശംഖലയിൽ കൂടുതൽ തൊഴിൽ അവസരവുമുണ്ടാക്കുവാനും ഇതു സഹായിക്കും.

ജൂൺ 2016

വാല്യം 44 | ലക്കം 11

# യോജന

മലയാളം പതിപ്പ്

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ കെ.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**





**ഈ ലക്കത്തിൽ**

## ഇന്ത്യ മുന്നോട്ട്


**മലയാളം പതിപ്പ് :** റ്റി.സി 25/139, ഗവണ്മെന്റ് പ്രസ് റോഡ്, തിരുവനന്തപുരം – 695 001. ഫോൺ : 0471 – 2323826
ഇ–മെയിൽ : **yojanamal50@yahoo.co.in**

**വെബ്സൈറ്റ്** : www.yojana.gov.in

**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48–53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ് ന്യൂഡൽഹി 110 003

വരിസംഖ്യ: ഒരു വർഷം 230/–, രണ്ടു വർഷം 430/–, മൂന്നു വർഷം 610/–



യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.


യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ : ജി.പി. ധോപെ




## ലേഖനങ്ങൾ ക്ഷണിയ്ക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

# ലേഖനങ്ങൾ

**വിദഗ്ദ്ധരിൽനിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു

*വിലാസം:*

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

ഇ-മെയിൽ :

yojanamal50@yahoo.co.in

യോജന
● ജൂൺ 2016 ●വാല്യം 44 ●ലക്കം പതിനൊന്ന്

# ഉള്ളടക്കം

## ഇന്ത്യ മുന്നോട്ട്

7 സാമ്പത്തിക വളർച്ചയിലൂടെ സമഗ്രവികസനം
ചരൺ സിങ്

11 ഇ-ഗവേണൻസും സാമൂഹ്യ ശാക്തീകരണവും
രഞ്ജിത് മേഹ്ത

15 ഫോക്കസ്

കൃഷിയും കർഷക അഭിവൃദ്ധിയും: ഒരു അവലോകനം
ഡോ. ജെ. പി മിശ്ര

20 ദേശീയ നൈപുണ്യ വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്ക്
പ്രമോദ് ഭാസിൻ

24 അന്താരാഷ്ട്ര ബന്ധങ്ങളിലൂടെ ആഭ്യന്തര വികസനം
അചൽ മൽഹോത്ര

29 ഇമ്മ്യൂണൈസേഷൻ: നിലവിലെ സാഹചര്യവും വെല്ലുവിളികളും
ഗോകുൽ.ജി.ആർ.

34 ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഇന്ത്യൻ പശ്ചാത്തലത്തിൽ
ദിശ നവാനി

36 ആഗോള മാനവശേഷി കേന്ദ്രമാകാൻ ഭാരതം
ഡോ. പി. ഗോപിനാഥൻ പിള്ള

41 യോഗ പകരുന്ന ജീവിത ദർശനം
എച്ച് ആർ നാഗേന്ദ്ര

45 യോഗ : ഒരു ആരോഗ്യ ജീവിതശൈലി
ഡോ. ഈശ്വര എൻ. ആചാര്യ, ഡോ. രാജീവ് റസ്തോഗി

49 അന്താരാഷ്ട്രതലത്തിൽ യോഗയുടെ പ്രാധാന്യം
ഡോ. പി. ഗോപിനാഥൻ പിള്ള

51 യോഗാപരിശീലകരുടെ സർട്ടിഫിക്കേഷനും ഗുണനിലവാര മാനദണ്ഡങ്ങളും
രവി. പി. സിങ്ങ്, മനീഷ് പാണ്ഡേ

54 നിങ്ങൾക്കറിയാമോ?

## അടുത്ത ലക്കം

ജൂലൈ 2016

**ജലം**

# രാജ്യം വളർച്ചാ പാതയിൽ

സാമ്പത്തികം, സാമൂഹികം പരിസ്ഥിതി, മനുഷ്യശേഷി തുടങ്ങി പസ്പരം ബന്ധപ്പെട്ടു കിടക്കുന്ന നിരവധി ഘടകങ്ങൾ ഒരു രാജ്യത്തിന്റെ വികസനത്തെ സ്വാധീനിക്കുന്നുണ്ട്. ഈ വ്യത്യസ്ത ഘടകങ്ങളുടെ കൂടിച്ചേരലുകൾ ഓരോ വികസ്വര രാജ്യത്തിനും വ്യത്യസ്തങ്ങളായ വികസന വെല്ലുവിളികളാണ് ഉയർത്തുന്നത്.

വിശാലാടിസ്ഥാനത്തിലുള്ള സാമ്പത്തിക വളർച്ചയാണ് ആവശ്യം. മാത്രമല്ല ഈ വളർച്ചയുടെ നേട്ടം എല്ലാവർക്കും ലഭ്യമാകുകയും എല്ലാവരേയും ഈ വളർച്ചാപ്രക്രിയയിൽ ഉൾപ്പെടുത്തുകയും വേണം. ഇതിനർത്ഥം ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം അവസരങ്ങൾ സൃഷ്ടിക്കുകയെന്നതാണ്. വിദ്യാഭ്യാസം, പ്രാവീണ്യവികസനം എന്നിവയിലൂടെ ജനങ്ങളെ ശാക്തീകരിക്കുകയും എല്ലാവർക്കും അവസരവും തുല്യതയും ലഭ്യമാക്കുകയെന്നതുമാണ്.

വൈവിധ്യമാർന്ന 120 കോടി ജനങ്ങൾ വസിക്കുന്ന ഈ രാജ്യത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി സമൂഹത്തിന്റെയും രാജ്യത്തിന്റെയും എല്ലാ ഭാഗത്തു നിന്നുമുള്ള വളർച്ചയുടെ തലം ഉയർത്തിക്കൊണ്ടുവരിക എന്നതാണ്. ഇവിടെയാണ് ഗവൺമെന്റിന്റെ പങ്ക് കടന്നുവരുന്നത്. ഗവൺമെന്റ് നയങ്ങളും പദ്ധതികളുമെല്ലാം ഈ വികസനഘടകങ്ങളെ കൈകാര്യം ചെയ്യാവുന്ന വിധത്തിലായിരിക്കണം.

ഏതൊരു സമൂഹത്തിന്റെയും വളർച്ചയുടെ ആദ്യത്തെ ഘടകം ആ രാജ്യത്തെ പ്രാവീണ്യമുള്ള മനുഷ്യശേഷിയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം വഴി മനുഷ്യശേഷി വികസനം ഉറപ്പാക്കാം. രാജ്യത്തിന്റെ ഏതു മൂലയിൽ ജീവിക്കുന്ന കുട്ടിക്കും നല്ല വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയണം. അതുപോലെ തന്നെ പ്രധാനമാണ് എല്ലാവർക്കും ജീവിതോപാധി ഉറപ്പാക്കുകയെന്നതും.

ഇപ്പോൾ പരിസ്ഥിതി വിഷയങ്ങളും കൂടി വികസന ഘടകങ്ങളുടെ പട്ടികയിൽ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. കാരണം ഒരു രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹ്യ വികസനത്തിൽ കാലാവാസ്ഥാ വ്യതിയാനം മുഖ്യഘടകമായി മാറിതാണ്. വരൾച്ചയും വെള്ളപ്പൊക്ക ദുരന്തവും കർഷകന്റെ സാമ്പത്തികാവസ്ഥയേയും സാമൂഹ്യ ഘടനയേയും പ്രതികൂലമായി ബാധിക്കുന്നു. അതുകൊണ്ടുതന്നെ മുൻഗണന നൽകി ഗവണ്മെന്റ് ഇതിനെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

ഗവൺമെന്റിന്റെ വികസനോൻമുഖമായ പദ്ധതികൾ സാധാരണക്കാരിലേക്കും താഴേത്തട്ടിലുള്ളവരിലേക്കും എത്തേണ്ടതുണ്ട്. കാർഷികമേഖലയ്ക്കും കൃഷിക്കാരുടെ ക്ഷേമത്തിനുമായി ബജറ്റിൽ വലിയ തുകയാണ് വകയിരുത്തിയിട്ടുള്ളത്. മാത്രവുമല്ല ഗവൺമെന്റ് മുൻകൈയെടുത്തു നടപ്പാക്കിയ പ്രധാനമന്ത്രി ജൻ ധൻ യോജന, മുദ്ര ബാങ്ക്, സേതു (SETU), ബേട്ടി ബച്ചാവോ ബേട്ടി പഠാവോ തുടങ്ങിയവ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്കു കൊണ്ടുവരുവാനും അവരെ ദ്രുത സാമ്പത്തിക വളർച്ചയുടെ ഗുണഫലങ്ങൾ അനുഭവിക്കാനും പ്രാപ്തരാക്കുന്നു. പ്രധാന മന്ത്രി ജീവൻ ജ്യോതി ബീമാ യോജന, അടൽ പെൻഷൻ യോജന എന്നിവ ഏർപ്പെടുത്തിയതു രാജ്യത്തിനകത്തു സാമൂഹ്യ സുരക്ഷ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ്.

മറ്റൊരു പ്രധാന മേഖലയാണ് ഇ-ഗവേണൻസ്. വികസനത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാരനു ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡിബിടി) തുടങ്ങിയ പരിപാടികളിൽ ഗവൺമെന്റ് ശ്രദ്ധ നൽകിവരുന്നു. തൊഴിൽ ലഭ്യതയ്ക്കുള്ള പ്രാവീണ്യ വികസനം, സംരംഭകവികസനത്തിനുള്ള സ്റ്റാർട്ട് അപ്പും സ്റ്റാൻഡ് അപ് ഇന്ത്യയും, തുടങ്ങിയവയെല്ലാം സമഗ്ര വികസനം എന്ന ലക്ഷ്യം നേടാൻ സഹായിക്കുന്നു.

വികസനത്തിന്റെ ഗുണഫലങ്ങൾ പൗരന്മാർക്കു അനുഭവിക്കാൻ കഴിയണമെങ്കിൽ ആദ്യം ഉണ്ടാകേണ്ടത് നല്ല ആരോഗ്യമാണ്. ആരോഗ്യത്തിൽ യോഗയ്ക്കുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ ലോകം എല്ലാ വർഷവും ജൂൺ 21-ന് 'അന്താരാഷ്ട്ര യോഗാദിനം' ആചരിക്കുകയാണ്. യോഗയെ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നതിൽ ഒരു രാജ്യമെന്ന നിലയിൽ ഇന്ത്യ പ്രമുഖമായ പങ്കു വഹിച്ചിട്ടുണ്ട്.

ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്തിരുന്ന, തൊഴിലുകൾ കിട്ടാക്കാനിയായിരുന്ന, പോഷാകാഹരക്കുറവും രോഗങ്ങളും മൂലം മനുഷ്യശേഷി കുറഞ്ഞിരുന്ന ദീർഘകാലത്തെ ആശ്രിതത്വത്തിന്റേയും അതീവ ദാരിദ്ര്യത്തിന്റേയും നാളുകളിൽനിന്നു ഇന്ത്യ വളരെ മുന്നോട്ടു പോയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ആറു ദശകത്തിനു ശേഷം ഇന്ത്യ ഇന്ന് എല്ലാക്കാര്യത്തിലും എണ്ണപ്പെട്ട സ്വതന്ത്ര ശക്തികളിൽ ഒന്നായി മാറിയിരിക്കുന്നു.

# സാമ്പത്തിക വളർച്ചയിലൂടെ സമഗ്രവികസനം



**ചരൺ സിങ്**

ഇന്ത്യയുടെ വളർച്ചാനിരക്ക് 9 ശതമാനത്തിനു മുകളിൽ എത്തിക്കാനുള്ള പരിശ്രമത്തിലാണ് കേന്ദ്ര ഗവൺമെന്റ്. ഉയർന്ന വളർച്ചാ നിരക്ക് ലക്ഷ്യം മുൻനിർത്തി വികസനാധിഷ്ഠിത നയങ്ങളിലൂടെ നിരവധി നടപടികളാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. എട്ടു നൂറ്റാണ്ടോളം വൈദേശിക ആധിപത്യത്തിൻ കീഴിലായിരുന്ന രാജ്യത്ത് ഇന്ന് വിഭവങ്ങളുടെ വൻതോതിലുള്ള ശോഷണവും വളരെ താഴ്ന്ന നിരക്കിലുള്ള പ്രതിശീർഷ സാമ്പത്തിക വളർച്ചയുമാണ് അനുഭവപ്പെടുന്നത്. 1951 ൽ രാജ്യത്തെ 53 ശതമാനം (200 ദശലക്ഷം) ജനങ്ങളും ദാരിദ്ര്യ രേഖയ്ക്കു താഴെയായിരുന്നു. അന്ന് ഇന്ത്യ താഴ്ന്ന വരുമാനമുള്ള രാഷ്ട്രമായിട്ടാണ് കരുതപ്പെട്ടു പോന്നിരുന്നത്. എന്നാൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നിരവധി വൈവിധ്യമാർന്ന സാമൂഹിക ആസൂത്രണപദ്ധതികൾക്ക് പ്രാമുഖ്യം നൽകി. ഇത്തരം നടപടികളുടെയും നയങ്ങളുടെയും ഭാഗമായി 2000 ത്തിന്റെ ആരംഭത്തിൽ ഇന്ത്യ പ്രധാനപ്പെട്ട കമ്പോളസമ്പദ് വ്യവസ്ഥയായി ഉയർന്നു വന്നു.

2015 മുതൽ വിജയകരമായി ദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പാക്കിക്കൊണ്ട് ലോകത്തിൽ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യയ്ക്ക് മാറാനായിട്ടുണ്ട്. ഇപ്പോൾ നമ്മുടെ സാമ്പത്തിക വളർച്ചാ നിരക്ക് 7.3 ശതമാനമാണ്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ കാർഷിക മേഖലയുടെ വിഹിതം ചുരുങ്ങുകയും സേവനമേഖലയുടെ വിഹിതം കുത്തനെ ഉയരുകയും വ്യവസായം 25 ശതമാനം എന്ന നിരക്കിൽ നിശ്ചലമായി തുടരുകയും ചെയ്തു. ശക്തമായ അടിത്തറയോടെ സുസ്ഥിര വളർച്ചാനിരക്ക് ഉറപ്പാക്കാൻ വ്യവസായ മേഖല ശക്തമാക്കി എന്നത് പ്രാധാന്യമർഹിക്കുന്നു. കേന്ദ്ര സർക്കാരിന്റെ മെയ്ക്ക് ഇൻ ഇന്ത്യ പ്രവർത്തനങ്ങൾ ഈ വളർച്ചയുടെ ചാലക ശക്തികളാണ്.

വികസനത്തിന്റെ ആദ്യ ഘട്ടത്തിൽ ബാങ്കുകൾ അതി പ്രധാനമായ പങ്ക് വഹിക്കുന്നു. അതിനാൽ ധനകാര്യ സ്ഥാപനങ്ങളുടെ ശൃംഖല സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളും മുന്നേറേണ്ടതുണ്ട്. അവയുടെ കടന്നു വരവ് ശക്തമാണെന്നും, അതുവഴി പൗരന്മാർക്ക് ആവശ്യമുള്ള സാമ്പത്തിക സഹായം വേണ്ടത്ര വേഗത്തിൽ ലഭ്യമാകുന്നു എന്ന കാര്യവും ഉറപ്പാക്കണം. സാമ്പത്തിക വിഭവങ്ങൾക്കൊപ്പം വ്യവസായങ്ങൾ നടത്തുന്നതിനാവശ്യമായ പശ്ചാത്തലവും സൃഷ്ടിക്കണം. പ്രധാനമന്ത്രിയുടെ ജൻ ധൻ യോജന വഴി ബാങ്ക് അക്കൗണ്ടുകൾ ഉറപ്പാക്കിയ ശേഷം ഗവൺമെന്റ് മറ്റ് സംരംഭങ്ങളായ മുദ്ര ബാങ്ക്, സ്റ്റാർട്ട് അപ്പ്, സ്റ്റാൻഡ് അപ് ഇന്ത്യ, അടൽ ഇന്നൊവേഷൻ മിഷൻ എന്നിവയും നല്ല രീതിയിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

ആഗോളതലത്തിൽ നോക്കുമ്പോൾ വളരെ വേഗംവളരുന്ന സമ്പദ്‌വ്യവസ്ഥയും, ചെറുപ്പക്കാർ അധികമുള്ള ജനസമൂഹവും ഇന്ത്യയ്ക്ക് സ്വന്തമാണെങ്കിലും ഈ ജനസംഖ്യാ സാധ്യത വേണ്ടവിധം ഉപയോഗിക്കാൻ ഇനിയും നമുക്ക് സാധിച്ചിട്ടില്ല. അടുത്ത പത്തു വർഷത്തിനുള്ളിൽ ഇന്ത്യയുടെ ജനസംഖ്യയിൽ മൂന്നിൽ രണ്ട് ഭാഗവും ജോലി ചെയ്യാവുന്ന പ്രായപരിധിയ്ക്കുള്ളിലാകും. അവർക്കായി കാർഷികേതര മേഖലയിൽ ഏകദേശം 11 കോടി തൊഴിലവസരങ്ങൾ കൂടി സൃഷ്ടിക്കേണ്ടതുണ്ട്. രാജ്യത്തിന്റെ തൊഴിൽ സേന 2022 ആകുമ്പോഴേയ്ക്കും ഒരു ദശലക്ഷമായി ഉയരും. അതിനാൽ തൊഴിലില്ലായ്മ മൂലം ഉണ്ടായേക്കാവുന്ന സാമൂഹിക അസ്വസ്ഥത ഒഴിവാക്കുന്നതിന് ഇവർക്ക് ആവശ്യമായ തൊഴിലുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യത്തിനു ശേഷം ആസൂത്രണത്തിന്റെ ആദ്യ വർഷങ്ങളിൽ വർധിച്ചു കൊണ്ടിരുന്ന തൊഴി

ലാളിസമൂഹത്തിന് ജോലി നല്കുന്നതിന് സർക്കാർ തലത്തിൽ വേണ്ട ശ്രമങ്ങൾ നടന്നു. തുടർന്ന് ഈ മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങളാണ് നിർണായക സംഭാവനകൾ നല്കിയത്. 2012 ലെ കണക്കുപ്രകാരം തൊഴിലാളികളിൽ 90 ശതമാനവും അനൗപചാരിക മേഖലയിലാണ് ജോലി ചെയ്യുന്നത്.

## ബാങ്കുകളുടെ പങ്ക്

സുസ്ഥിര വളർച്ച ഉറപ്പാക്കുന്നതിന് ശക്തമായ സാമ്പത്തിക സംവിധാനം അനിവാര്യമാണ്, പ്രത്യേകിച്ച് ബാങ്കുകൾ. ബാങ്കുകളിൽ നിക്ഷേപകർ സൂക്ഷിക്കുന്ന പണം ഉത്പാദനപരമായ സംരംഭങ്ങൾക്കായി ലഭ്യമാക്കണം. ബാങ്കുകളാണ് ആസ്തി കൈമാറ്റം ചെയ്യുന്നത്. നിക്ഷേപകർ അവരുടെ പണം ബാങ്കിൽ സൂക്ഷിക്കുന്നു. ബാങ്കുകൾ അത് വിപണയിൽ വായ്പ യായി നല്കുന്നു. സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി വളർച്ചയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കി സമ്പദ്‌വ്യവസ്ഥയിലെ ദാരിദ്ര്യ ലഘൂകരണത്തിനും ബാങ്കുകൾക്ക് സഹായിക്കാനാകും. കാര്യക്ഷമമായി പ്രവർത്തിക്കാത്ത സാമ്പത്തിക സംവിധാനം രാജ്യത്ത് സാമ്പത്തിക അസമത്വം വളർത്തും. മേഖലയിൽ പണത്തിന്റെ വ്യപകമായ ലഭ്യത ഉറപ്പാക്കുന്നതിനാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 1955 ൽ ദേശസാത്ക്കരിച്ചത്. രാജ്യത്തെ ബാങ്കിങ് ആസ്തിയുടെ നിയന്ത്രണം ഏതാനും ബാങ്കിങ് സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കി സാമ്പത്തിക വളർച്ചയും സാമൂഹ്യ നീതിയും ഉറപ്പാക്കുന്നതിന് 1969 ൽ 14 ബാങ്കുകളും 1980 ൽ മറ്റ് ആറു ബാങ്കുകളും കൂടി ദേശസാത്ക്കരിച്ചു. അതു മുതലാണ് ബാങ്കിങ് സംവിധാനം ഘടനാപരമായ മാറ്റത്തിന് വിധേയമായത്. അതോടെ കാർഷിക മേഖല, ചെറുകിട, നാമാത്ര, ഇടത്തരം സംരംഭങ്ങൾ, വ്യവസായങ്ങൾ എന്നിവയ്ക്ക് ന്യായമായ തുക വായ്പ നല്കുന്നതിൽ ബാങ്കുകൾ വിജയിച്ചു. സമൂഹത്തിലെ പാർശ്വവത്കൃത വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആൻഡ് റൂറൽ ഡവലപ്മെന്റ് (നബാർഡ്) ഉം ശക്തമായി വാദിച്ചു. 2011 ലെ സെൻസസ് വെളിപ്പെടുത്തിയത് ഇന്ത്യയിലെ 24.7 കോടി കുടുംബങ്ങളിൽ 14.5 കോടി(58.7 ശതമാനം)കുടുംബങ്ങൾക്കു മാത്രമെ ബാങ്കുകളുമായി ഇടപാടുള്ളൂവെന്നാണ്. ഗ്രാമങ്ങളിൽ 16.8 കോടി കുടുംബങ്ങളുള്ളതിൽ 9.1 കോടി (54.5 ശതമാനം) കുടുംബങ്ങൾക്കു മാത്രമെ ബാങ്ക് അക്കൗണ്ടുള്ളൂ. അങ്ങനെയാണ് 2014 ഓഗസ്റ്റിൽ ഗവൺമെന്റ് പ്രധാനമന്ത്രി ജൻ ധൻ യോജന ആവിഷ്കരിച്ച് നടപ്പാക്കിയത്. അക്കൗണ്ടുകൾ തുറക്കുക, നിക്ഷേപങ്ങൾ നടത്തുക, വായ്പ എടുക്കുക, താങ്ങാവുന്ന സ്ഥിതിയിലുള്ള പെൻഷൻ, ഇൻഷുറൻസ് തുടങ്ങിയ ക്ഷേമ പദ്ധതികൾ ആരംഭിക്കുക എന്നിങ്ങനെ ബാങ്കുകളിലെ സാമ്പത്തിക സേവനങ്ങളുമായി രാജ്യത്തെ മുഴുവൻ ജനങ്ങളെയും ബന്ധിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പദ്ധതി പ്രകാരം 2016 ഏപ്രിൽ 27 വരെ രാജ്യത്തെ വിവിധ ബാങ്കുകളിലായി 21.7 കോടി പുതിയ അക്കൗണ്ടുകൾ തുറക്കപ്പെട്ടു. 2014 മാർച്ച് 31 വരെ രാജ്യത്തെ മൊത്തം ബാങ്കുകളിലെ അക്കൗണ്ടുകൾ 122 കോടിയായിരുന്നു. ഇതിൽ 17.9 കോടി അക്കൗണ്ടുകൾക്ക് റുപ്പി കാർഡ് നല്കി. 9.7 കോടി അക്കൗണ്ടുകൾ ആധാർ അടിസ്ഥാനമാക്കിയാണ്. 83 ശതമാനം അക്കൗണ്ടുകളും സജീവമാണ്. പൊതുമേഖലാ ബാങ്കുകളിൽ 20.9 കോടി അക്കൗണ്ടുകളാണുള്ളത്. ഇതിൽ 12.8 കോടി അക്കൗണ്ടുകൾ ഗ്രാമങ്ങളിലാണ്. ഏറ്റവും കൂടുതൽ അക്കൗണ്ടുകൾ തുറന്നത് (3.3 കോടി) ഉത്തർ പ്രദേശിലാണ്. ബീഹാറിലും പശ്ചിമ ബംഗാളിലും രണ്ടു കോടി വീതം അക്കൗണ്ടുകളും തുറന്നു. ശ്രദ്ധേയമായ വസ്തുത ഇതോടെ 95 ശതമാനം കുടുംബങ്ങളും ബാങ്കുകളിൽ അക്കൗണ്ട് തുറന്നു എന്നതാണ്. പ്രധാന മന്ത്രി ജൻ ധൻ യോജനയിൽ ത്രിവിധ ജാം (JAM) നമ്പരുകളാണുള്ളത്. ജൻ ധൻ യോജന, ആധാർ, മൊബൈൽ ഫോൺ (JAM) എന്നിവയാണ് അവ. ഏറ്റവും പാവപ്പെട്ട കുടുംബങ്ങൾക്കു പോലും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കണം എന്നതാണ് ലക്ഷ്യം. ബാങ്ക് ശാഖ സന്ദർശിക്കാതെ തന്നെ ഇടപാടുകാർക്ക് മൊബൈൽ ഫോൺ ഉപയോഗിച്ച് വായ്പ ലഭ്യമാകുന്നതാണ്.

## മുദ്ര ബാങ്കും സാമൂഹിക സുരക്ഷിതത്വവും

ചെറുകിട വ്യവസായ സംരംഭകർക്ക് വായ്പകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഗവൺമെന്റ് 2015 ഏപ്രിൽ 8ന് ആരംഭിച്ച പദ്ധതിയാണ് മൈക്രോ യൂണിറ്റ്സ് ഡവലപ്മെന്റ് റിഫൈനാൻസ് ഏജൻസി അഥവാ മുദ്ര ബാങ്ക്. രാജ്യത്ത് ഏകദേശം ആറു കോടി ചെറുകിട സംരംഭങ്ങൾ പ്രവർത്തിക്കുന്നതാ

യാണ് കണക്ക്. ഇതിൽ വെറും നാലു ശതമാനത്തിനു മാത്രമെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുള്ളു. പത്തു ലക്ഷം രൂപ വരെ മുതൽ മുടക്ക് ആവശ്യമുള്ള വ്യവസായങ്ങളെയാണ് മുദ്ര ബാങ്ക് സഹായിക്കുന്നത്.

ബാങ്ക് അക്കൗണ്ടുകൾ വഴി സാമൂഹിക സുരക്ഷയ്ക്കുള്ള അടൽ പെൻഷൻ യോജന, ജീവൻ ജ്യോതി ഇൻഷുറൻസ്, സുരക്ഷ ഇൻഷുറൻസ് എന്നീ മൂന്നു പദ്ധതികൾ 2015 മെയ് 9-ന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു.

## സ്റ്റാന്റ് അപ്/സ്റ്റാർട്ട് അപ് സംരംഭങ്ങൾ

സമൂഹത്തിലെ താഴേതട്ടിലുള്ള സംരംഭകരെയും സ്ത്രീകളെയും ഉദ്ദേശിച്ച് 2016 ഏപ്രിലിൽ ആരംഭിച്ച സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതിയിൽ 10 ലക്ഷം മുതൽ ഒരു കോടി രൂപ വരെയാണ് വായ്പ നല്കുക. കേന്ദ്ര ബജറ്റിൽ സ്റ്റാർട്ട് അപ്പുകൾ ശക്തിപ്പെടുത്തുന്നതിന് വിഭവ വിതരണം, നൈപുണ്യ പദ്ധതികൾ, നികുതി ഇളവുകൾ, വ്യവസായ സൗകര്യങ്ങൾ തുടങ്ങി നിരവധി പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി. രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാർട്ട് അപ്പുകൾ വികസിപ്പിക്കും എന്നായിരുന്നു ബജറ്റ് പ്രഖ്യാപനം.

## വെല്ലുവിളികൾ

ഗവൺമെന്റിന്റെ പരിശ്രമങ്ങൾ ഫലം കാണുന്നുണ്ടെങ്കിലും ഉയർന്ന വളർച്ച നേടുന്നതിന് പല വെല്ലുവിളികളും നേരിടേണ്ടതുണ്ട്.

**1. പലിശ നിരക്ക് -**

സ്വകാര്യ പണമിടപാടുകാർ പൊതുവിൽ കൊള്ള പലിശ വാങ്ങുന്നവരാണ് എന്ന യാഥാർത്ഥ്യം നിലനിൽക്കവേ തന്നെ വായ്പയ്ക്കായി എല്ലാവരും അവരുടെ പക്കലേയ്ക്ക് പോകുന്നു, തൊട്ടടുത്ത് ബാങ്ക് ശാഖ ഉണ്ടെങ്കിൽ പോലും. എന്തുകൊണ്ടാണ് കൊള്ളപ്പലിശ വാങ്ങിയിട്ടും അയാളുടെ ബിസിനസ് ഇത്ര വിജയകരമായി മുന്നേറുന്നത് എന്ന വിഷയം പഠന വിധേയമാക്കേണ്ടതാണ്. പലിശ നിരക്ക് മാത്രമായിരിക്കില്ല അതിലെ ഘടകം. ചരിത്രം പരിശോധിച്ചാൽ, ഒരുസമയത്ത് സാധാരണ പലിശനിരക്ക് 15 ശതമാനമായിരുന്ന ഒരു കാലത്ത് അന്നത്തെ കച്ചവടക്കാർ 60 ശതമാനം വരെ പലിശ ഈടാക്കിയിരുന്നു. ചരക്കുകൾ വനത്തിലൂടെ കടത്തിക്കൊണ്ടുപോരേണ്ട അവസ്ഥയിൽ 120 ശതമാനം വരെ പലിശ ഈടാക്കിയിരുന്നു. കൂടാതെ കയറ്റുമതി ഇറക്കുമതി മേഖലയിൽ ഏർപ്പെട്ടിരുന്നവരിൽ നിന്ന് 240 ശതമാനം വരെ പലിശ വാങ്ങിയിരുന്നുവത്രേ.

**2 സാമ്പത്തിക പ്രാപ്യത**

ജൻധൻ യോജനയുടെ കീഴിൽ തുറന്ന അക്കൗണ്ടുകളിലൂടെയുള്ള സാമ്പത്തിക ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ മാർഗങ്ങളാണ് അവലംബിച്ചു വരുന്നത്. കുറഞ്ഞ വരുമാനം, ചെറിയ കൃഷിഭൂമി, സാമ്പത്തിക പദ്ധതികളെ കുറിച്ചുള്ള അജ്ഞത, നടപടി ക്രമങ്ങൾക്കുള്ള ഉയർന്ന ചെലവ്, ഗുണഭോക്താവിന് ഇണങ്ങാത്ത പദ്ധതി, താങ്ങാനാവാത്ത ചെലവ്, ബാങ്കുകളുമായി വലിയ ഇടപാടില്ലാത്തവർക്ക് ഉണ്ടാകുന്ന പരിചയമില്ലായ്മ തുടങ്ങിയവയാണ് ഈ സാമ്പത്തിക സംവിധാനത്തിന് വിഘാതമായി നില്ക്കുന്ന മുഖ്യ ഘടകങ്ങൾ. ഗ്രാമങ്ങളിലും ബാങ്കുമായി ബന്ധമില്ലാത്തവരിലും ബാങ്കിന്റെ സേവനം എത്തിക്കുന്നതിന് കൂടുതൽ എടിഎം കൗണ്ടറുകൾ ആവശ്യമാണ്. സ്വകാര്യ പണമിടപാടുകാരൻ വെറും അഞ്ചു മിനിട്ടുകൊണ്ട് തീർക്കുന്ന ജോലി ബാങ്ക് അഞ്ചു മണിക്കൂർ കൊണ്ടു മാത്രമെ അവസാനിപ്പിക്കുകയുള്ളു. കാരണം ഇന്ത്യയിലെ 50000 ഗ്രാമങ്ങളിൽ മാത്രമെ ബാങ്ക് ശാഖകൾ പ്രവർത്തിക്കുന്നുള്ളൂ. ഇത് പരിഹരിക്കപ്പെടേണ്ടതാണ്.

**3. മുദ്ര ബാങ്ക്**

കൂടുതൽ ചെറുകിട സംരംഭകർക്ക് വായ്പ നല്കുന്നതിന് രാജ്യത്തെ ബാങ്കുകൾ സന്നദ്ധരാകണം. പ്രത്യേകിച്ച് മുദ്ര ബാങ്കുകൾക്കു കീഴിൽ വരുന്ന പ്രവർത്തനങ്ങൾക്ക്. ഇത്തരം ചെറുകിട സംരംഭകരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ സഹായിക്കുക എന്നതാണ് ഇപ്പോൾ വേണ്ടത്.

സ്റ്റാൻഡ് അപ്പ് ആൻഡ് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആദ്യം സംരംഭകരെ സൃഷ്ടിക്കാനുള്ള സാഹചര്യം ആവശ്യമാണ്. ഇന്ത്യയിൽ സംരംഭകത്വം പഠിപ്പിക്കുന്ന ലോക നിലവാരമുള്ള സ്ഥാപനവും അതിനുള്ള പാഠ്യപദ്ധതിയും ആവശ്യമാണ്. കുറഞ്ഞ പക്ഷം രാജ്യത്തെ ഐഐടികളും ഐഐഎമ്മുകളും കാർഷിക സർവകലാ

ശാലകളും ഓൺലൈനായിട്ടെങ്കിലും ഈ ചുമതല നിർവഹിക്കണം. മാത്രവുമല്ല, രാജ്യമെമ്പാടും ലോക നിലവാരമുള്ള കോളേജുകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് നമ്മുടെ വിദ്യാഭ്യാസ നയം ഊന്നൽ കൊടുക്കണം. രാജ്യത്ത് ഇപ്പോൾ തൊഴിലിന് യോജിച്ച തൊഴിലാളികളുടെ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഗവൺമെന്റിന്റെ തന്നെ കണക്കു പ്രകാരം വർഷം തോറും 12 ദശലക്ഷം ബിരുദധാരികൾ കോളേജുകളിൽ നിന്നും സർവകലാശാലകളിൽ നിന്നും പഠനം പൂർത്തിയാക്കി പുറത്തു വരുന്നുണ്ട്. പക്ഷെ അതിൽ 10 ശതമാനം പോലും ഇവിടുത്തെ തൊഴിലാളി സമൂഹത്തിൽ ചേരുന്നതിനുള്ള പ്രാപ്തി ഉള്ളവരല്ല. സംരംഭങ്ങൾ തുടങ്ങുന്നതിനോട് ഒരു വിയോജിപ്പ് സമൂഹത്തിനാകെയുണ്ട്. കുടുംബാംഗങ്ങൾ, അധ്യാപകർ, സുഹൃത്തുക്കൾ തുടങ്ങി എല്ലാവരും അത് നിരുത്സാഹപ്പെടുത്തും. മാത്രവുമല്ല, ഇന്ത്യൻ മൂല്യ സമ്പ്രദായത്തിൽ തോൽവിയോടു നമുക്ക് സഹിഷ്ണുത തീരെ കുറവാണ്. പക്ഷെ സിലിക്കൺ വാലിയിലെ എയ്ഞ്ചൽ ഇൻവെസ്റ്റർമാർ ആദ്യ ശ്രമത്തിൽ പരാജയം സംഭവിച്ച സംരംഭകർക്കാണ് പണം നല്കി സഹായിക്കുന്നത്. അതിനാൽ സംരംഭങ്ങളിൽ പരാജയപ്പെടുന്നവരെ സഹായിക്കാൻ ഗവൺമെന്റ് പ്രത്യേക സംവിധാനം ഉണ്ടാക്കണം. അനുകൂല സാഹചര്യങ്ങളും, കൂടുതൽ ഇങ്കുബേറ്ററുകളും ഗവൺമെന്റ് അംഗീകാരങ്ങളും ഉണ്ടെങ്കിൽ സംരംഭങ്ങൾക്ക് അത് സഹായകമാകും. 1982 മുതൽ പ്രതിവർഷം 500 സ്റ്റാർട്ട്അപ് സംരംഭങ്ങൾ ഗവൺമെന്റ് പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതിനായി 110 ഇങ്കുബേറ്ററുകളും പ്രവർത്തിക്കുന്നു. എന്നിട്ടും 40,000 സാങ്കേതിക തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ മാത്രമെ സാധിച്ചുള്ളു. സംരംഭകത്വം പരിപോഷിപ്പിക്കാൻ ഉപദേഷ്ടാക്കളെ നല്കിയും അനുഭവങ്ങൾ പങ്കിട്ടും ടെലിവിഷനിലും റേഡിയോയിലും സമാനമായ പ്രചാരണം നല്കിയും പരമാവധി കുതിപ്പേകാൻ ഗവൺമെന്റ് പരിശ്രമിച്ചുവരുകയാണ്.

യുവജന ശക്തിക്കൊപ്പം മുന്നോട്ടു കുതിക്കുന്ന സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയുടേത്. യുവാക്കൾക്കു മുൻതൂക്കമുള്ള ഈ ജനസംഖ്യയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തണമെങ്കിൽ അതിനു വേണ്ടത്ര അവസരങ്ങൾ നാം വളർത്തിയെടുക്കണം. കഴിഞ്ഞ രണ്ടു വർഷമായി ബാങ്കിങ് സൗകര്യങ്ങൾ വ്യാപകമാക്കാനും സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഗവൺമെന്റ് കഴിയുന്നത്ര പരിശ്രമിച്ചു വരുന്നു. ഇന്ത്യയുടെ വളർച്ച 9 ശതമാനത്തിനും മുകളിലേയ്ക്ക് എത്താൻ യുവജന ശാക്തീകരണം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യക്ക് ആഗോളശക്തിയായി ഉയരുന്നതിന് ഇത് അത്യാവശ്യവുമാണ്.

*(റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിങ് ഗവേഷണ വിഭാഗം മുൻ ഡയറക്ടറും ബാംഗ്ലൂർ ഐഐഎമ്മിൽ സാമ്പത്തിക വിഭാഗം പ്രൊഫസറുമാണ് ലേഖകൻ)*

*വിജ്ഞാനപാത*

## അടൽ ഇന്നവേഷൻ മിഷനും (AIM) സെൽഫ് എംപ്ലോയ്മെന്റ് ടാലന്റ് യൂട്ടിലൈസേഷനും (SETU)

രാജ്യത്ത് നൂതന ആശയങ്ങളും സംരംഭകത്വവും വളർത്തുക എന്ന ദൗത്യം നിറവേറ്റുന്നതിനായി ഗവൺമെന്റ് ഉന്നത തല കമ്മറ്റിയെ നിയമിച്ചു. AIMന്റെയും, SETUവിന്റെയും നടത്തിപ്പ് ചുമതല ഈ ഉന്നതതല കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഈ ദൗത്യത്തിനു വേണ്ടിയുള്ള രൂപരേഖ തയ്യാറാക്കാൻ, പദ്ധതി നടത്തിപ്പ് തുടങ്ങിയവ ഉന്നതതല കമ്മറ്റിയുടെ ചുമതലകളിൽ പെടുന്നു. ഡൽഹി ആയിരിക്കും ഇതിന്റെ ആസ്ഥാനം.

2015-16 ബജറ്റ് പ്രഖ്യാപനത്തിൽ AIMന് 500 കോടിയും SETUവിന് 1000 കോടി രൂപയും വിലയിരുത്തിയതായി ധനകാര്യമന്ത്രി അറിയിച്ചിരുന്നു. ബജറ്റ് പ്രഖ്യാപനത്തിന് തുടർച്ചയായി, ഹാർവാർഡ് യുണിവേഴ്സിറ്റിയുടെ സൗത്ത് ഏഷ്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ പ്രൊഫസർ തരുൺ ഖന്നയെ നൂതന ആശയങ്ങളും സംരംഭകത്വത്തിനും വേണ്ടിയുള്ള കമ്മറ്റിയുടെ ചെയർമാൻ ആയി നീതി ആയോഗ് നിയമിച്ചു.

# ഇ – ഗവേണൻസും സാമൂഹ്യ ശാക്തീകരണവും



**രഞ്ജിത് മേഹ്ത**

നൂതന ആശയ വിനിമയ സേവന സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി വിവര വിനിമയം, സേവന നിർവഹണം എന്നിവയിൽ കാര്യക്ഷമത, ഫലപ്രാപ്തി, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്ന സാമൂഹ്യ ശാക്തീകരണ പ്രക്രിയയാണ് ഇ-ഗവേണൻസ്. ഇന്റർനെറ്റ് ശൃംഖലയുടെ സഹായത്താലുണ്ടായ സാമൂഹിക വളർച്ചയിലെ ഏറ്റവും ശ്രദ്ധേയമായ വികസനമാണ് ഇ-ഗവേണൻസിന്റെ ഉദയം. ജനാധിപത്യ രാജ്യങ്ങളിലെ ഗവൺമെന്റുകൾ പിന്തുടരുന്ന പ്രാതിനിധ്യ ഭരണ സംവിധാനത്തിനു കീഴിൽ ഇ-ഗവേണൻസിന് പ്രത്യേക പ്രാധാന്യമുണ്ട്.

ആഗോളതലത്തിൽ വേൾഡ് വൈഡ് വെബ്ബിന്റെ ആവിർഭാവത്തോടെ വിവിധ ഗവൺമെന്റുകൾ വിവര സാങ്കേതിക വിദഗ്ധരെ കൂടുതലായി ഭരണനിർവഹണത്തിൽ ആശ്രയിച്ചു തുടങ്ങിയത് തൊണ്ണൂറുകളിലാണ്. അതിനു ശേഷം സാങ്കേതിക വിദ്യയും ഇ-ഗവേണൻസ് സംരംഭങ്ങളും വളരെയേറെ പുരോഗമിച്ചു. ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയുടെ മുന്നേറ്റം വഴി പുതിയ സാങ്കേതിക വിദ്യകൾ ചൂഷണം ചെയ്യുന്നതിന് പൗരന്മാർ പഠിച്ചു തുടങ്ങി. അങ്ങനെ ഇ-സിറ്റിസൺഷിപ്പ് ഇപ്പോൾ ഏതാണ്ട് സാർവത്രികമായിരിക്കുന്നു.

ഇന്ത്യയിൽ 1960 കളുടെ അവസാനത്തിലും 70 കളുടെ തുടക്കത്തിലുമാണ് പ്രതിരോധം, സാമ്പത്തിക ആസൂത്രണം, ദേശീയ കനേഷുമാരി കണക്കെടുപ്പ്,തെരഞ്ഞെടുപ്പ്, നികുതി പിരിവ് തുടങ്ങിയ മേഖലകളിൽ കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ ഇ-ഗവേണൻസ് ആരംഭിക്കുന്നത്. 1990 കളുടെ തുടക്കത്തിൽ ഇ-ഗവേണൻസ് കുറെക്കൂടി വിപുലമായി. ഗ്രാമങ്ങളിൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ മേഖലയിലും സന്നദ്ധ സംഘടനകളിലും വിവര സാങ്കേതികവിദ്യയുടെ പ്രയോഗം നടപ്പാക്കിക്കൊണ്ടായിരുന്നു ഇത്. ആദ്യം കമ്പ്യൂട്ടർവത്ക്കരണത്തിനായിരുന്നു ഊന്നൽ. പിന്നീട് കൂടുതൽ കമ്പ്യൂട്ടറുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ശൃംഖല, അതുവഴി ശേഖരിക്കുന്ന വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിനുള്ള സേവനങ്ങൾ എന്നിവയ്ക്കും തുടക്കമായി. കാര്യക്ഷമത, സുതാര്യത, വിശ്വാസ്യത എന്നിവ ഉറപ്പാക്കിക്കൊണ്ട്, എല്ലാ ഗവൺമെന്റ് സേവനങ്ങളും താങ്ങാവുന്ന ചെലവിൽ സാധാരണക്കാർക്കും പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2006 മെയ് മാസത്തിലാണ് നാഷണൽ ഇ-ഗവേണൻസ് പ്ലാൻ (എൻഇജിപി) നടപ്പിലാവുന്നത്.

ഇന്ന് കേന്ദ്ര, സംസ്ഥാന, പ്രാദേശിക ഗവൺമെന്റ് തലങ്ങളിലായി എൻഇജിപിയിൽ 27 പദ്ധതികളും അവയെ സഹായിക്കാൻ എട്ട് വിഭാഗങ്ങളുമുണ്ട്. കേന്ദ്ര തലത്തിൽ വരുമാന നികുതി, കസ്റ്റംസ്, അബ്ക്കാരി,പാസ്പോർട്ട് എന്നിവയും സംസ്ഥാനതലത്തിൽ ഭൂരേഖകൾ, കൃഷി, ഇ - ഡിസ്ട്രിക്ട് എന്നിവയും പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ പ്രാദേശിക തലത്തിലും പ്രവർത്തിക്കുന്നു.

ഇതുവഴി വിവിധ ഗവൺമെന്റ് വകുപ്പുകളിൽ സേവനങ്ങളുടെ കാര്യക്ഷമത പതിന്മടങ്ങ് വർധിക്കുകയും ആശയവിനിമയ ചെലവ് കുത്തനെ താഴുകയും ഒപ്പം സുതാര്യത വർദ്ധിക്കുകയും ചെയ്തു. പൊതുജനത്തിനാകട്ടെ, ഓൺലൈൻ വഴി പണം അടയ്ക്കൽ, ആനുകൂല്യങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കൽ തുടങ്ങിയവയും വിദൂര വിദ്യാഭ്യാസം, ടെലിമെഡിസിൻ എന്നിങ്ങനെ സങ്കീർണമായ മേഖലയിലെ സേവനങ്ങളും അനായാസം ലഭിക്കുന്നതിനും ഇത് ഉപകരിച്ചു.

അടുത്ത കാലത്ത് ഗവൺമെന്റ് ഇ-ഗവേണൻസ് വഴി സ്വീകരിച്ച ചില നടപടികൾ താഴെ സൂചിപ്പിക്കുന്നു.

## പഹൽ പദ്ധതി

പാചകവാതക ഉപഭോക്താക്കൾക്കുള്ള സബ്സിഡി നേരിട്ട് നല്കുന്ന (ഡിബിടിഎൽ) പദ്ധതി 2013 ജൂൺ 1 നാണ് തുടങ്ങിയത്. ആദ്യം 291 ജില്ലകളിലായിരുന്നു പദ്ധതി നടപ്പാക്കിയത്. പുതിയ ഗവൺമെന്റാകട്ടെ പദ്ധതിക്ക് കാലോചിതമായ പരിഷ്കരണം നടത്തി 2014 നവംബർ 14 മുതൽ 54 ജില്ലകളിലായി 2.5 കോടി വീടുകളിൽ നടപ്പാക്കി. പരിഷ്ക്കരിച്ച ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 2015 ജനുവരി 1 മുതൽ രാജ്യത്തെ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

ഈ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവർ അവരുടെ ആധാർ നമ്പരും ബാങ്ക് അക്കൗണ്ട് നമ്പരും എൽ പി ജി കൺസ്യൂമർ നമ്പരുമായി ബന്ധിപ്പിക്കണം. ആധാർ കാർഡ് ഇല്ലാത്തവർ ബാങ്ക് അക്കൗണ്ട് അവരുടെ 17 അക്ക എൽപിജി ഐഡി നമ്പരുമായി നേരിട്ട് ബന്ധിപ്പിക്കണം. ഉപഭോക്താവ് ഒരിക്കൽ ഈ പദ്ധതിയിൽ ചേർന്നാൽ അയാൾക്ക് വിപണിവിലയ്ക്ക് സിലണ്ടർ ലഭിക്കുകയും സബ്സിഡി നേരിട്ട് ബാങ്ക് അക്കൗണ്ടിൽ എത്തുകയും ചെയ്യും. ഇതുപ്രകാരം ആദ്യ സിലണ്ടർ ബുക്ക് ചെയ്യുമ്പോൾ തന്നെ പദ്ധതിയിൽ ചേരുന്ന ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 568 രൂപ മുൻകൂർ എത്തുന്നു. ഇത് ഉപയോഗിച്ച് വിപണി വിലയ്ക്ക് സിലണ്ടർ വാങ്ങാം. സിലണ്ടറിനു ലഭിക്കുന്ന സബ്സിഡി കൂടാതെയാണ് ഈ ആനുകൂല്യം. ഉപഭോക്താക്കൾക്ക് സിലണ്ടർ ലഭിക്കുന്നതിനുള്ള അവരുടെ മുൻഗണനാക്രമം അറിയുന്നതിന് ഓരോ ഘട്ടത്തിലും മൊബൈലിൽ എസ്എംഎസ് സന്ദേശവും ലഭിച്ചുകൊണ്ടിരിക്കും. ഈ സൗകര്യം ലഭിക്കുന്നതിന് എല്ലാ എൽപിജി ഉപഭോക്താക്കളും അവരുടെ മൊബൈൽ നമ്പർ വിതരണക്കാരുടെ പക്കൽ രജിസ്റ്റർ ചെയ്യണം. രാജ്യത്തെ 676 ജില്ലകളിലെ 15.3 കോടി ഉപഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കും. നിലവിൽ 6.5 കോടി ഉപഭോക്താക്കൾ (43 ശതമാനം) ഈ പദ്ധതിയിൽ അംഗമായിട്ടുണ്ട്. അവർക്ക് സബ്സിഡി തുക ബാങ്ക് അക്കൗണ്ടുകളിലൂടെ ലഭിക്കുന്നു. സബ്സിഡി തുക യഥാർത്ഥ ഗാർഹിക ഉപഭോക്താവിനു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കാനാണ് നേരിട്ടുള്ള സബ്സിഡി വിതരണം ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുവഴി രാജ്യത്തിന്റെ പൊതു സമ്പത്താണ് ലാഭിക്കുന്നത്. അതിനാൽ എല്ലാ എൽപിജി ഉപഭോക്താക്കളും ഈ പദ്ധതിയിൽ അംഗങ്ങളാവേണ്ടതുണ്ട്.

രാജ്യത്തെ 20 ലക്ഷം എൽപിജി ഉപഭോക്താക്കൾക്കായി 2014 ഡിസംബർ 30 വരെ 624 കോടി രൂപ സബ്സിഡിയിനത്തിൽ വിതരണം ചെയ്തു കഴിഞ്ഞു. ഈ പദ്ധതിയിൽ ആർക്കെങ്കിലും സബ്സിഡി ആവശ്യമില്ലെങ്കിൽ അയാൾക്ക് അത് സ്വമേധയാ ഉപേക്ഷിക്കാം. 2016 മാർച്ചു മുതൽ ഇന്ത്യാ ഗവൺമെന്റ് ഇതിനായും പ്രചാരണം ആരംഭിച്ചിട്ടുണ്ട്. ഏപ്രിൽ മാസം വരെ ഏകദേശം ഒരു കോടിയോളം ആളുകൾ സബ്സിഡി ഉപേക്ഷിച്ചു കഴിഞ്ഞു.

## ഡിജിറ്റൽ ഇന്ത്യ

രാജ്യാന്തര ബ്രോഡ് ബാൻഡ് ലഭ്യത, മൊബൈൽ കണക്ഷൻ തുടങ്ങിയ പതാകാ നൗക പദ്ധതികളിൽ സംഭവിച്ച കാലതാമസം പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ് ഡിജിറ്റൽ ഇന്ത്യ സംരംഭം. പൊതു മേഖലാ സ്ഥാപനങ്ങളായ ബിഎസ്എൻഎൽ, റെയിൽടെൽ, പിജിസിഐഎൽ തുടങ്ങിയവ വഴിയുള്ള നേരിട്ടുള്ള ചെലവഴിക്കൽ നിയന്ത്രിക്കും. അതേസമയം ഇന്ത്യയിലെ ജനസംഖ്യയിൽ 68 ശതമാനവും ജീവിക്കുന്ന ഗ്രാമീണ മേഖലകളിലേയ്ക്ക് സേവനങ്ങൾ ഓൺ ലൈനായി ഏർപ്പെടുത്തും. ഡിജിറ്റൽ ഇന്ത്യ പദ്ധതി ലക്ഷ്യമിടുന്നത് ഇലക്ട്രോണിക് സേവനങ്ങൾ, ഉത്പ്പന്നങ്ങൾ, നിർമ്മാണം, തൊഴിലവസരങ്ങൾ തുടങ്ങിയവയുടെ സമഗ്ര വളർച്ചയാണ്. ഇത് പ്രധാനമായും മൂന്ന് മേഖലകളിലാണ്:

- ഡിജിറ്റൽ സംവിധാനം എല്ലാവർക്കും ഉപയോഗയോഗ്യമാക്കുക.
- സേവനങ്ങളും ഭരണ നിർവഹണവും സമയബന്ധിതവും കാര്യക്ഷമവുമാക്കുക.
- പൗരന്മാരെ ഡിജിറ്റൽ മേഖലയിൽ ശാക്തീകരിക്കുക.

ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ വകുപ്പാണ് ഈ പദ്ധതി ഏകോപിപ്പിക്കുന്നത്. വിവിധ കേന്ദ്ര മന്ത്രാലയങ്ങളും വകുപ്പുകളും ഇതിനോട് സഹകരിക്കുന്നുണ്ട്. പ്രധാനമന്ത്രിയാണ് ഡിജിറ്റൽ ഇന്ത്യയുടെ നിരീക്ഷണ കമ്മിറ്റി ചെയർമാൻ. നിലവിലുള്ള എല്ലാ ഇ-ഗവേണൻസ് സംരംഭങ്ങളും ഡിജിറ്റൽ ഇന്ത്യയുടെ തത്വങ്ങളുമായി യോജിച്ചു പോകത്തക്ക വിധത്തിൽ നവീകരിച്ചിട്ടുണ്ട്. ഇതുവഴി എല്ലാ ഗ്രാമ പഞ്ചായത്തുകളെയും തമ്മിൽ ബന്ധിപ്പിക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഗ്രാമങ്ങളിൽ ഫൈബർ ഒപ്റ്റിക്കൽ കേബിളുകൾ വഴി പരസ്പര ശൃംഖലകൾ ഒരുക്കുന്നതിന് ഗവൺമെന്റ് പൊതു മേഖലാ സ്ഥാപനങ്ങളെ നിയോഗിച്ചിരിക്കുകയാണ്. ഗ്രാമങ്ങളിൽ ഒന്നടങ്കം ഇന്റർനെറ്റ് ശൃംഖല സ്ഥാപിക്കാൻ ശേഷിയുള്ള സേവന ദാതാക്കളെയാണ് ഗവൺമെന്റ് ഇപ്പോൾ അന്വേഷിക്കുന്നത്. ആദ്യഘട്ടത്തിൽ ഫൈബർ ഒപ്റ്റിക്കൽ ശൃംഖല സ്ഥാപിക്കപ്പെടണം. എന്നാൽ സ്വകാര്യ മേഖലയിലുള്ള ഇന്ത്യൻ കമ്പനികൾ വളരുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലോ, ഡിജിറ്റൽ ഇന്ത്യ സംരംഭത്തിലോ സാങ്കേതിക വിദ്യ ചെലഴിക്കാൻ വലിയ താല്പര്യം പ്രകടിപ്പിക്കാതെ നില്ക്കുന്നു. തന്മൂലം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും സാങ്കേതിക ഉപദേശ സേവനങ്ങൾക്കും മറ്റുമായി ഇന്ത്യയുടെ ചെലവ് 2016 -17 സാമ്പത്തിക വർഷം 12 ശതമാനം കണ്ട് ഉയരും എന്നാണ് റിപ്പോർട്ട്. ഈ ഇനത്തിലുള്ള ഇന്ത്യയുടെ ചെലവ് 2015 ൽ 2.08 ലക്ഷം കോടിയായിരുന്നു. ഇത് 2016 ൽ 2.32 ഉം 2017 ൽ 2.59 ഉം കോടി രൂപ ആയി ഉയരും. ഇതിൽ ഇന്ത്യൻ കമ്പനികൾ ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്നത് കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ വാങ്ങുന്നതിനാവും. എന്നാൽ വാർത്താവിനിമയ ഉപകരണങ്ങൾക്കുള്ള ചെലവ് സാവകാശത്തിലായിരിക്കും വർധിക്കുക.

രാജ്യത്തെ 100,000 ഗ്രാമ പഞ്ചായത്തുകളെ ഫൈബർ ഒപ്റ്റിക്കൽ ശൃംഖല കൊണ്ട് ബന്ധിപ്പിക്കണമെന്നായിരുന്നു 2014-15 ൽ കേന്ദ്ര ഗവൺമെന്റ് ആദ്യം നിശ്ചയിച്ചിരുന്നത്. അത് പിന്നീട് 50,000 ആയി ചുരുക്കി. എന്നാൽ ദേശീയ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയിൽ 20,000 ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കാൻ മാത്രമെ ഇതുവരെ കഴിഞ്ഞുള്ളു. ഇതിനെ പിന്നീട് ഭാരത്നെറ്റ് എന്ന് പുനർ നാമകരണം ചെയ്തു. ഔദ്യോഗിക രേഖകൾ പ്രകാരം 2015 ഡിസംബർ വരെ 32,272 ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് 76,624 കിലോമീറ്റർ ഫൈബർ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. രാജ്യത്തെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും 2017 ആകുമ്പോഴേയ്ക്കും സെക്കന്റിൽ 2 മുതൽ 20 വരെ മെഗാ ബൈറ്റ് ശേഷിയുള്ള ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കുക എന്നതാണ് ഭാരത് നെറ്റ് പദ്ധതിയുടെ ലക്ഷ്യം.

ഡിജിറ്റൽ ഇന്ത്യയുടെ കീഴിലെ ചില പദ്ധതികൾ ചുവടെ:

1. **ഡിജിറ്റൽ ലോക്കർ സംവിധാനം** - കടലാസ് രേഖകളുടെ ഉപയോഗം പരമാവധി കുറച്ച് എല്ലാ രേഖകളും ഡിജിറ്റൽ രൂപത്തിൽ ഉപയോഗിക്കാൻ പ്രാപ്തമാക്കുക എന്നതാണ് ഈ സംവിധാനം കൊണ്ട് ഉദ്ദേശിക്കുക. അധികാരപ്പെടുത്തിയിട്ടുള്ള ഓഫീസുകൾ വഴി മാത്രം ഇത്തരം രേഖകൾ ലഭ്യമാക്കിക്കൊണ്ട് ഇത്തരം ഓൺലൈൻ രേഖകളുടെ ആധികാരികത ഉറപ്പാക്കും.
2. **MyGov.in** - പൗരന്മാർക്കും പൊതു സമൂഹത്തിനും പറയുക, പ്രവൃത്തിക്കുക, പ്രചരിപ്പിക്കുക എന്ന സമീപനത്തിലൂടെ രാജ്യത്തെ ഭരണത്തിൽ പങ്കാളികളാകാനുള്ള വേദിയാണ് ഈ വെബ്സൈറ്റ്. മൊബൈൽ ഫോണിലും ഇത് ഉപയോഗിക്കാം.
3. **സ്വച്ഛ്ഭാരത് മിഷൻ മൊബൈൽ ആപ്ലിക്കേഷൻ-** വ്യക്തികൾക്കും ഗവൺമെന്റ് സ്ഥാപനങ്ങൾക്കും സ്വച്ഛ്ഭാരത് മിഷൻ ലക്ഷ്യങ്ങൾ നേടാൻ ഉപയോഗിക്കാനുള്ള ഓൺലൈൻ സംവിധാനം.
4. **ഇ-സിഗ്നേച്ചർ ചട്ടക്കൂട്** - ആധാർ ആധികാരികത ഉപയോഗിച്ചു കൊണ്ട് ഓൺലൈൻ രേഖകളിൽ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തുന്ന രീതി.
5. **ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം -** ഇ ഹോസ്പിറ്റൽ അപേക്ഷയിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ, പണം അടയ്ക്കൽ, അപ്പോയിന്റ്മെന്റ്, ഫീസ് നല്കൽ, പരിശോധനാ ഫലങ്ങൾ ലഭിക്കൽ, അന്വേഷണങ്ങൾ, രക്ത ലഭ്യത തുടങ്ങിയവ ഈ സംവിധാനത്തിലൂടെ നടക്കും.

6. **ദേശീയ സ്കോളർഷിപ്പ് പോർട്ടൽ-** ഇന്ത്യാ ഗവൺമെന്റ് രാജ്യത്തെ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള എല്ലാത്തരം സ്കോളർഷിപ്പുകൾക്കും അപേക്ഷ നലകാനും അത് ഒത്തുനോക്കാനും, അധികൃതർക്ക് അനുവദിക്കാനും വിതരണം ചെയ്യാനും ആശ്രയമായിട്ടുള്ള പോർട്ടലാണ് ഇത്.

7. **ഡിജിറ്റലൈസ്ഡ് ഇന്ത്യ പ്ലാറ്റ്ഫോം (DIP)**- പൗരന്മാർക്ക് ആവശ്യമുള്ള സേവനങ്ങൾ ഫലപ്രദമായി ലഭ്യമാക്കുന്നതിന് രേഖകളെ വൻതോതിൽ ഡിജിറ്റൽ രീതിയിലേയ്ക്ക് മാറ്റുന്ന പ്രവൃത്തി.

8. **ഭാരത് നെറ്റ് –** രാജ്യത്തെ 2.5 ലക്ഷം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ത്വരിത വേഗ ഡിജിറ്റൽ ഹൈവേയാണ് ഭാരത് നെറ്റ്. ഓപ്റ്റിക്കൽ കേബിൾ വഴി ബന്ധിതമാകുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ ഗ്രാമീണ ബ്രോഡ് ബാൻഡ് ശൃംഖലയാണ് ഇത്.

9. **ആധുനിക ശൃംഖല –** അടുത്ത തലമുറയിൽ പെട്ട ഇന്റെർനെറ്റ് ശൃംഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി ബിഎസ്എൻഎൽ രാജ്യത്തെ 30 വർഷത്തിലധികം പഴക്കമുള്ള എക്സ്ചേഞ്ചുകൾ ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായ ഇന്റർനെറ്റ് പ്രോട്ടോക്കോളിന്റെ കീഴിൽ കൊണ്ടുവരും. വാർത്താവിനിമയ മേഖലയിലെ ശബ്ദ, ചിത്ര,വിവര പിന്തുണയുള്ള എല്ലാ സേവനങ്ങളും ഇതുവഴി ഉപഭോക്താക്കൾക്ക് ലഭിക്കും.

10. **വൈഫൈ ഹോട്ട് സ്പോട്ടുകൾ** രാജ്യമെമ്പാടും ആരംഭിക്കാനുള്ള വൻ പദ്ധതി ബിഎസ്എൻഎൽ ഏറ്റെടുത്തു കഴിഞ്ഞു. ഉപഭോക്താവിന് അവരുടെ മൊബൈൽ ഫോണിൽ വൈഫൈ സംവിധാനം ലഭിക്കും.

## പുത്തൻ നയ സംരംഭങ്ങൾ

ഇ-ഗവേണൻസിനു കീഴിൽ ഇ – ക്രാന്തി ചട്ടക്കൂട്, ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറിനുള്ള പരിഷ്കരിച്ച നയങ്ങൾ, ഇ – ഗവേണൻസിൽ ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ ഉപയോഗിക്കാനുള്ള പുത്തൻ നയങ്ങൾ, ഇ-മെയിൽ പോളിസി ഓഫ് ഇന്ത്യ, റീ എൻജിനിയറിങ് ഗൈഡ് ലൈൻ തുടങ്ങി നിരവധി കാര്യങ്ങളിൽ നിലവിലുള്ള നയങ്ങൾ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ശ്രമം ഗവൺമെന്റ് തുടങ്ങിയിട്ടുണ്ട്.

- **ബിപിഒ നയം –** വിവിധ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും മറ്റു സംസ്ഥാനങ്ങളിലെ ചെറിയ പട്ടണങ്ങളിലും ബിപിഒ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നയം ഗവൺമെന്റ് അംഗീകരിച്ചു.
- **ഇലക്ട്രോണിക്സ് ഡവലപ്മെന്റ് ഫണ്ട് –** രാജ്യത്ത് സംരംഭക നിധിക്കായി സുസ്ഥിര ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിന് പുതിയ കണ്ടു പിടുത്തങ്ങൾ, ഗവേഷണം, ഉത്പന്ന വികസനം തുടങ്ങിയവയ്ക്ക് ആവശ്യമായ നയമാണ് ഇത്.
- **നാഷണൽ സെന്റർ ഫോർ ഫ്ളക്സിബിൾ ഇലക്ട്രോണിക്സ് –** ഇലക്ട്രോണിക്സ് മേഖലയിൽ ഗവേഷണവും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റ് ആരംഭിച്ചിട്ടുള്ള ഒരു സംരംഭമാണിത്.
- **മികവിന്റെ കേന്ദ്രം –** സെന്റർ ഫോർ എക്സലൻസ് ഓൺ ഇന്റർനെറ്റ് ഓൺ തിങ്സ് (IoT) എന്നത് ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി വകുപ്പുകളുടെയും ഇർനെറ്റ് (ERNET), നാസ്കോം (NASSCOM) എന്നിവയുടെയും സംയുക്ത സംരംഭമാണ്.

ഇന്ത്യയുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്ക് ഊർജ്ജം പകരാനുള്ള ശക്തമായ വേദിയാണ് ഇ-ഗവേണൻസ് പരിഷ്കാരങ്ങൾ. പാവപ്പെട്ടവരെ ആരോഗ്യകരവും ക്രിയാത്മകവുമായ ജീവിത സാഹചര്യങ്ങളിലേയ്ക്ക് നയിക്കാൻ ഈ മേഖലയിലെ ഇടപെടലുകൾ സഹായകമാകും. ഇന്ത്യയിലെ ദരിദ്രരിൽ ഇതിന്റെ പ്രയോജനം എത്തിക്കുക എന്നതാണ് മുന്നിലുള്ള ഉത്തരവാദിത്തം. ഓരോ ഗുണഭോക്താവിനും അർഹതപ്പെട്ട ആനുകൂല്യങ്ങൾ സമയത്ത് ലഭ്യമാക്കിക്കൊണ്ട് സാമ്പത്തിക സമത്വവും സാമൂഹിക നീതിയും ഉറപ്പാക്കാൻ ഇ-ഗവേണൻസ് ഉപകരിക്കും.

*(ന്യൂഡൽഹിയിലെ PHD ചേമ്പർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയിൽ ഡയറക്ടറാണ് ലേഖകൻ)*



# കൃഷിയും കർഷക അഭിവൃദ്ധിയും: ഒരു അവലോകനം

ഡോ. ജെ. പി മിശ്ര

ഇന്ത്യൻ സമ്പദ്ഘടനയിലെ സുപ്രധാന മേഖലകളിലൊന്നാണ് കാർഷികമേഖല. 2014-15-ൽ ജിഡിപിയുടെ 16.1 ശതമാനമാണ് കാർഷികമേഖലയുടെ സംഭാവന. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ഗ്രാമീണ മേഖലയിലെ വലിയൊരു വിഭാഗത്തിനു തൊഴിൽ നൽകുന്നതിനും കൃഷിക്കു വലിയ സ്ഥാനമാണുള്ളത്. കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 1993-94-ല 64.8 ശതമാനത്തിൽനിന്നു 2011-12-ൽ 48.9 ശതമാനമായി കുറഞ്ഞു. വ്യവസായ, സേവന മേഖലകളിൽ ജോലി ചെയ്യുന്നവരുടെ വരുമാനത്തേക്കാൾ ഇവരുടെ വരുമാനം വളരെ കുറവാണെങ്കിൽപോലും ഇപ്പോഴും ഏറ്റവും കൂടുതൽ പേർക്കു തൊഴിൽ നൽകുന്നതു കാർഷിക മേഖല തന്നെയാണ്.

കൃഷിക്കാരും കാർഷികമേഖലയും പതിവായി നേരിടുന്ന പ്രശ്നങ്ങളാണ് അടിക്കടിയുള്ള വിലവ്യതിയാനവും ഉത്പാദനത്തിലെ കുറവും. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ബുദ്ധിമുട്ടും രൂക്ഷമാണ്. ഇക്കാരണങ്ങളാൽ കർഷക കുടുംബങ്ങളുടെ ക്ഷേമത്തിനു തീവ്ര ശ്രമങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

കൃഷിക്കാരുടെ ക്ഷേമത്തിനുവേണ്ടി പരിശ്രമിക്കുമ്പോൾ പരിഹാരം കാണേണ്ട നിരവധി പ്രശ്നങ്ങളുണ്ട്. കർഷകരുടെ നന്മയ്ക്കായി നടപടികൾ സ്വീകരിക്കുന്നതിനൊപ്പം ഒത്തുപോകേണ്ട സംഗതികളാണ് ഈ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പരിഷ്കരണവും നൂതന സാങ്കേതിക വിദ്യയുടെ പ്രയോഗവത്കരണവും. കർഷകർക്കു ഉയർന്ന വരുമാനം ലഭ്യമാക്കുന്നതിനൊപ്പം ഭക്ഷ്യധാന്യങ്ങളുടേയും മറ്റു ഉത്പന്നങ്ങളുടേയും വർധിച്ചുവരുന്ന ആവശ്യകതയും നിറവേറ്റണ്ടതുണ്ട്.

2020-21ൽ 277 ദശലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളും 71 ദശലക്ഷം ടൺ എണ്ണക്കുരുക്കളും വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്പോഴത്തെ വളർച്ചാതോതു കണക്കിലെടുത്താൽ ഭക്ഷ്യധാന്യ ആവശ്യം നിറവേറ്റാൻ കഴിഞ്ഞേക്കുമെന്നാണ് പ്രതീക്ഷ. എന്നാൽ ചിലയിനം പയറുത്പന്നങ്ങളിൽ കുറവു പ്രതീക്ഷിക്കുന്നു. പച്ചക്കറികൾ, ഭക്ഷ്യയെണ്ണ എന്നിവയിലാണ് വലിയ കമ്മിയുണ്ടാകാൻ സാധ്യത. ഭക്ഷ്യയെണ്ണ ആവശ്യത്തിന്റെ 60 ശതമാനവും ശതമാനവും ഇറക്കുമതി വഴി നികത്തേണ്ടതായി വരും.

ഉത്പാദനക്ഷമത ഉയർത്താനും കൃഷിക്കാർക്ക് ആകർഷകമായ ആദായം ലഭ്യമാക്കാനും കാർഷിക മേഖലയുടെ കാര്യക്ഷമത വർധിപ്പിക്കുന്ന വിധത്തിൽ ഭൂമി, വിപണി പരിഷ്കാരങ്ങൾ ഉൾപ്പെടെ സമഗ്ര വികസനശ്രമം ഉണ്ടാവേണ്ടിയിരിക്കുന്നു. കർഷകർക്കു മറ്റു തൊഴിലിലേക്കു ചേക്കേറാനുള്ള അവസരവും ഇതോടൊപ്പമുണ്ടാക്കണം.

നിലവിലുള്ളതിനു പകരമായി വടക്കുകിഴക്കൻ മേഖലയെ ഭക്ഷ്യധാന്യ ഉത്പാദന കേന്ദ്രമായി

വളർത്തുന്നതിനു സഹായിക്കുന്ന മികച്ച സ്ഥാപനങ്ങളും വിതരണ സംവിധാനവും സൃഷ്ടിക്കുന്നതിനു പ്രത്യേക ശ്രദ്ധ നൽകണം. ഇതൊടൊപ്പം നഷ്ട സാധ്യത ലഘൂകരിക്കുന്നതിനും കാർഷികമേഖലയിലെ വിവിധ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമുള്ള പിന്തുണ കർഷകർക്കു നൽകണം.

മെച്ചപ്പെട്ട ഉത്പാദനം ലഭിക്കത്തക്കവിധത്തിൽ കൂടുതൽ സ്ഥലങ്ങളിലേക്കു ജലസേചനം വ്യാപിപ്പിക്കൽ, ഗുണമേന്മയുള്ള വിത്തും വളവും ലഭ്യമാക്കൽ, വിളനാശത്തിനും വിലവ്യതിയാനത്തിനുമെതിരേ സുരക്ഷിതത്വം ഉറപ്പാക്കുവാൻ ക്രോപ് ഇൻഷുറൻസ് പദ്ധതി, ദേശീയ കാർഷിക വിപണി, വില സ്ഥിരതാ പദ്ധതി തുടങ്ങിയവ ഗവൺമെന്റിന്റെ പുതിയ കാർഷിക പദ്ധതികളിലുൾപ്പെടുന്നു. കാർഷികമേഖലയുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി ഉയർന്ന മൂല്യം ലഭിക്കുന്ന ജൈവകൃഷി, പാരമ്പര്യ കൃഷി, കാലിവളർത്തൽ, മീൻ വളർത്തൽ തുടങ്ങിയവയും പ്രധാന പരിഗണനാ വിഷയങ്ങളാണ്.

കൂടാതെ കൃഷിയുടെ വിവിധ വശങ്ങളെപ്പറ്റിയും ഏറ്റവും പുതിയ സാങ്കേതികവിദ്യകളെക്കുറിച്ചും വിവിധ വിപണന സാധ്യതകളെക്കുറിച്ചുമൊക്കെ കൃഷിക്കാർക്കു അറിവു നൽകുവാൻ 'കിസാൻ ചാനൽ' ആരംഭിച്ചിട്ടുണ്ട്. കർഷക ക്ഷേമത്തിനായി ഗവണ്മെന്റ് ആരംഭിച്ച നിരവധി പദ്ധതികളിൽ പ്രധാനപ്പെട്ടവ ചിലത് ചുവടെ:

1. **പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പിഎംകെഎസ്‌വൈ):** അമ്പത്തിയഞ്ചു ശതമാനത്തോളം കൃഷി സ്ഥലത്തു ജലദൗർലഭ്യം അനുഭവിക്കുന്ന ഒരു രാജ്യത്ത് 'ഓരോ തുള്ളിക്കും കൂടുതൽ വിളവ്' എന്നതിലൂടെ മാത്രമേ കൃഷിക്കാരുടെ ക്ഷേമമെന്ന ലക്ഷ്യം നേടാൻ സാധിക്കൂ. ദീർഘവീക്ഷണത്തോടെ ആരംഭിച്ചിട്ടുള്ള പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയിൽ ജലശേഖരം വർധിപ്പിക്കുന്നതിനൊപ്പം കാര്യക്ഷമമായി വെള്ളം ഉപയോഗിക്കുന്നതിനും ഊന്നൽ നൽകിയിട്ടുണ്ട്. ഒപ്പം എല്ലാ സ്ഥലങ്ങളേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ഗതാഗതശൃംഖലയ്ക്കും പ്രധാന്യം നൽകുന്നു.

പിഎംകെഎസ്‌വൈ പ്രകാരം ഏതാണ്ട് 28.5 ലക്ഷം ഹെക്ടർ കൃഷിഭൂമിയിൽ പുതിയതായി ജലസേചനം കൊണ്ടുവന്നിട്ടുണ്ട്. ജലവിഭവ, നദീവികസന മന്ത്രാലയം നടപ്പാക്കുന്ന പിഎംകെഎസ്‌വൈയ്ക്ക് 2015-16 ബജറ്റിൽ 4510 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

2016-17 കേന്ദ്ര ബജറ്റിൽ പിഎംകെഎസ്‌വൈയ്ക്ക് മുൻഗണനകൾ നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് എഐബിപിയുടെ കീഴിൽ 89 ജലസേചന പദ്ധതികൾ നടപ്പാക്കും. ഇതുവഴി 80.6 ലക്ഷം ഹെക്ടർ കൃഷി ഭൂമിയിൽ ജലസേചനം ലഭ്യമാക്കുവാൻ സാധിക്കും. ഈ പദ്ധതി നടപ്പാക്കാൻ നടപ്പു വർഷം 17,000 കോടി രൂപ വേണമെന്നാണ് അനുമാനം. അടുത്ത അഞ്ചുവർഷക്കാലത്തേക്ക് 86,500 കോടി രൂപ വേണ്ടിവരുമെന്നും കണക്കാക്കുന്നു. 2017 മാർച്ച് 31-ന് മുമ്പ് 23 പദ്ധതികൾ പൂർത്തിയാക്കുവാനും ലക്ഷ്യമിടുന്നു.

ജലസംരക്ഷണത്തിനും വെള്ളക്കൊയ്ത്തിനുമായി പല സംസ്ഥാനങ്ങളും നവീന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കമ്പനികളുടെ സാമൂഹ്യ ഉത്തരവാദിത്ത ഫണ്ടുപയോഗിച്ച് പുതിയ ജലശേഖരണികൾ നിർമിക്കാനും പഴയവയെ നവീകരിക്കുവാനും 'ജൽയുക്ത ശിവാർ പദ്ധതി'ക്കു മഹാരാഷ്ട്ര രൂപം നൽകിയിട്ടുണ്ട്.

കൈയിൽ പിടിക്കാവുന്ന ചെറു ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സൂക്ഷ്മജലസേചനത്തെ ഗുജറാത്ത് സർക്കാർ സ്ഥാപനവത്ക്കരിച്ചിരിക്കുകയാണ്. ഇതിനായുള്ള ഗുജറാത്ത് ഗ്രീൻ റവലൂഷൻ കോർപറേഷന് കേന്ദ്രത്തിൽനിന്നു ഫണ്ടു ലഭിക്കുന്നുണ്ട്. മൂന്നു വർഷത്തേക്ക് ഈ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ കോർപറേഷൻ നടത്തും. കനാൽ കമാൻഡ് ഏരിയായിൽ രാജസ്ഥാൻ 'ഡിഗി കം സ്പ്രിംഗ്ളർ' (diggi-cum-sprinkler) സംവിധാനമാണ് നടപ്പാക്കിയിട്ടുള്ളത്. മറ്റു പല സംസ്ഥാനങ്ങളും ഈ വിധത്തിൽ നവീനമായ ജലസേചന പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഇതോടൊപ്പം ജലസംരക്ഷണം, മഴവെള്ളക്കൊയ്ത്ത്, വെള്ളത്തിന്റെ കാര്യക്ഷമമായ ഉപയോഗം തുടങ്ങിയവും നടപ്പിലാക്കിവരുന്നു.

2. **പ്രധാനമന്ത്രി കൃഷി ബീമ യോജന (പിഎംകെഎസ്‌വൈ):** നിലവിലുള്ള ദേശീയ കാർഷിക ഇൻഷുറൻസ് പദ്ധതിക്കും (എൻഎഐഎസ്)

പുതുക്കിയ ദേശീയ കാർഷിക ഇൻഷുറൻസ് പദ്ധതിക്കും ( എംഎൻഎഐഎസ്) പകരമായി 2016 ഖാരിഫ് സീസൺ മുതൽ പ്രധാനമന്ത്രി ഫസൽ ബീമാ യോജന നടപ്പിലാക്കുകയാണ്. പഴയ പദ്ധതിയിൽനിന്നും വരുത്തിയിട്ടുള്ള പ്രധാന മാറ്റങ്ങൾ ഇവയാണ്.

- വിളകൾക്കും ചില മേഖലകളിലെ കൃഷിക്കുമുള്ള റിസ്ക് പ്രീമിയത്തിൽ കർഷകരുടെ വിഹിതം രാജ്യത്തൊട്ടാകെ യുക്തിസഹമാക്കിയിട്ടുണ്ട്.
- ഭക്ഷ്യധാന്യം, പയർവർഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയ്ക്ക് ഖാരിഫ് സീസണലെ പരമാവധി പ്രീമിയം രണ്ടു ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്.
- റാബി സീസണിൽ ഇത് 1.5 ശതമാനവും വാർഷിക വാണിജ്യ ഉത്പന്നങ്ങൾ, വാർഷിക ഹോർട്ടികൾച്ചർ ഉത്പന്നങ്ങൾ എന്നിവയ്ക്ക് അഞ്ചു ശതമാനവുമായിരിക്കും.

ഈ പദ്ധതിക്ക് 2016-17ലേക്ക് 5,500 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2016 ഖാരിഫ് സീസൺ മുതൽ ഈ പദ്ധതി നടപ്പാക്കാൻ സംസ്ഥാനങ്ങൾക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടെക്കൂടെയുണ്ടാകുന്ന പ്രകൃതി ദുരന്തത്തിൽ വിളനാശം സംഭവിക്കുന്ന കർഷകർക്കു ഈ പദ്ധതി വലിയ ആശ്വാസം നൽകും.

3. **സോയിൽ ഹെൽത്ത് കാർഡ് സ്കീം:** ഹരിത വിപ്ലവത്തിന്റെ വരവോടെ ഇന്ത്യയിൽ വളത്തിന്റെ ഉപയോഗത്തിൽ സ്ഥിരതയാർന്ന വളർച്ചയാണുണ്ടായത്. 1970-കളിൽ എൻ പി കെ (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം) എന്നിവയുടെ ശരാശരി അനുപാതം 6:1.9:1 ആയിരുന്നത് 1996-ൽ 10:2:1 അനുപാതമായി മാറി. 2012-13-ൽ ഇതിൽ നേരിയ മാറ്റത്തോടെ 8.2:3.2:1 ആക്കുകയുണ്ടായി.

ഇന്ത്യയിലെ കർഷകർ കൂടുതലായി യൂറിയ ഉപയോഗിക്കുന്നതായി പൊതുവേ ഒരു വിശ്വാസമുണ്ട്. പക്ഷേ നേരത്തെ കണ്ട വസ്തുതകൾ പറയുന്നത് ഇതൊരു ലളിതവത്കരണം മാത്രമാണെന്നാണ്. ഇക്കാര്യത്തിൽ കുറേക്കൂടെ ആഴത്തിലുള്ള വിശകലനം വേണ്ടതുണ്ട്. മണ്ണ്, കൃഷിയിനം, ജലസേചന സൗകര്യം, മഴപ്രദേശം തുടങ്ങിയവയെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള വിശകലനമാണ് വേണ്ടത്.

കൃഷിഭൂമിയിലെ പോഷകനില കണക്കാക്കി കർഷകരെ അറിയിക്കുകും വളരെ വിവേകത്തോടെ വളം ഉപയോഗിക്കുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതിന് സോയിൽ ഹെൽത്ത് കാർഡ് സ്കീം സഹായിക്കുന്നു. 2017 മാർച്ചോടെ രാജ്യത്തെ കാർഷിക ഭൂമി കൈവശമുള്ള 14 കോടി കർഷകരെ ഈ പദ്ധതിയുടെ കീഴിൽകൊണ്ടുവരാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സോയിൽ ഹെൽത്ത് ആൻഡ് ഫെർട്ടിലിറ്റി എന്ന ദേശീയ പദ്ധതിക്കുവേണ്ടി 368 കോടി രൂപയാണ് ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്. കൂടാതെ മണ്ണ്, വളം പരിശോധനയ്ക്കുള്ള സൗകര്യങ്ങളൊരുക്കിക്കൊണ്ടുള്ള വളം കമ്പനികളുടെ 2,000 മാതൃകാ ചില്ലറ വില്പനശാലകൾ അടുത്ത മൂന്നു വർഷത്തിനുള്ളിൽ ലഭ്യമാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

4. **കൃഷി വികാസ് യോജനയും വടക്കുകിഴക്കൻ ഇന്ത്യയിലെ ജൈവകൃഷിയും:** മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ (രാജ്യത്തെ കൃഷിയോഗ്യമായ ഭൂമിയിൽ 55 ശതമാനവും ഇത്തരത്തിലുള്ളതാണ്) വിളവ് വർധിപ്പിക്കുന്നതിനായി ഗവൺമെന്റ് രണ്ടു ജൈവകൃഷി പ്രോത്സാഹന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. പരമ്പരാഗത കൃഷി വികാസ് യോജനയാണ് ആദ്യത്തേത്. അടുത്ത മൂന്നു വർഷക്കാലയളവിൽ അഞ്ചു ലക്ഷം ഹെക്ടർ സ്ഥലം ജൈവകൃഷിക്കു കീഴിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. വടക്കുകിഴക്കൻ മേഖലയിൽ ജൈവരീതിയിൽ ഉത്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങളുടെ മൂല്യവർധന ശൃംഖല സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് രണ്ടാമത്തേത്. അതുവഴി ഇവിടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്കു ആഭ്യന്തര,വിദേശവിപണി കണ്ടെത്തുകയാണ് ലക്ഷ്യം. ഈ പദ്ധതികൾക്കായി 412 കോടി രൂപയാണ് ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്.

5. **ദേശീയ കാർഷിക വിപണി:** നിരവധി ലെവിയും മറ്റു നികുതി സാധ്യതകളും കൊണ്ട് കാർഷികോ

ത്പന്നങ്ങളുടെ വിപണന സംവിധാനം പരിതാപകരമായ അവസ്ഥയിലാണ്. ഇടപാടിൽ സുതാര്യതയില്ലെന്നു മാത്രമല്ല രാജ്യത്താകെ ഒറ്റ ലെവി നിരക്കുമല്ല ഈടാക്കുന്നത്. ചുരുക്കത്തിൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള ഏറ്റവും വലിയ തടസവും ഇതാണ്. കാർഷികോത്പന്നങ്ങളുടെ ചരക്കു ഗതാഗതത്തിന് ഗൗരവതരമായ പല നിയന്ത്രണങ്ങളും നിലനിൽക്കുന്നുണ്ട്. സംസ്ഥാനങ്ങളുടെ ഉള്ളിൽത്തന്നെ സ്ഥിതി വ്യത്യസ്ഥമല്ല.

കർണാടകം കാർഷിക വിപണന സംവിധാനത്തിനായി ഒരു മാതൃക തയാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വിപണികളെ സംയോജിപ്പിച്ച് ഒറ്റ ലൈസൻസിംഗ് സംവിധാനത്തിലാക്കിക്കൊണ്ടാണിത്. സംസ്ഥാന സർക്കാരിന്റെയും സ്പോട്ട് എക്സ്ചേഞ്ചായ എൻസിഡിഇഎക്സിന്റെയം സംയുക്തസംരംഭത്തോടു ഇതിനെ ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ മാതൃകയെ അടിസ്ഥാനമാക്കി അഗ്രിടെക് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ചു പുതിയൊരു ദേശീയ കാർഷിക വിപണി പദ്ധതിക്കു ഗവണ്മെന്റ് അംഗീകാരം നൽകിയിരിക്കുകയാണ്. 2015-16 മുതൽ 2017-18 കാലയളവിൽ ഇതു നടപ്പാക്കാനായി 200 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്എഫ്എസി) വഴി ദേശീയ കാർഷിക വിപണി പദ്ധതി നടപ്പാക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

രാജ്യത്തൊട്ടാകെയുള്ള 585 നിയന്ത്രിത മൊത്ത വിപണിയിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട വിപണികളെ കൂട്ടിച്ചേർത്താണ് ഈ ഇ-പ്ലാറ്റ്ഫോം ആരംഭിക്കുക. ഒറ്റ ലൈസൻസ്, ഒറ്റ ലെവി, ഇല്ക്ട്രോണിക് ഓക്ഷൻ വ്യവസ്ഥ എന്നിവ അടിസ്ഥാനമാക്കി വിപണി നിയമത്തിൽ ഇതിനകം മാറ്റം വരുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ നിയന്ത്രിത മൊത്ത വിപണികളെയാണ് ഇ-പ്ലാറ്റ്ഫോമിലേക്കു തെരഞ്ഞെടുക്കുക.

6. **വിലസ്ഥിരതാ ഫണ്ട്:** കർഷകരുടെ ഏറ്റവും വലിയ പേടിസ്വപ്നമാണ് കാർഷികോത്പന്നങ്ങളുടെ വിലയിൽ വരുന്ന അടിക്കടിയുള്ള വ്യതിയാനം. സീസണിൽ ഉത്പന്നം വിൽക്കുമ്പോൾ പലപ്പോഴും വളരെ കുറഞ്ഞ വിലയാണ് കർഷകനു ലഭിക്കുന്നത്. എന്നാൽ വാങ്ങിക്കുവാൻ ചെല്ലുമ്പോഴോ സാധാരണഗതിയിൽ താങ്ങാൻ കഴിയാത്ത വിധത്തിൽ വളരെ ഉയർന്ന വിലയും.

പെട്ടന്നു നശിച്ചുപോകുന്ന കാർഷികോത്പന്നങ്ങളും പുഷ്പ-ഫല ഉത്പന്നങ്ങളും കർഷകരിൽനിന്നു ന്യായവിലയിൽ വാങ്ങുവാനും വിതരണം ചെയ്യാനുമാണ് വില സ്ഥിരതാ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇതിനുവേണ്ടി വരുന്ന പ്രവർത്തന മൂലധനവും ഉത്പന്നങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകളും നൽകുകയെന്നതാണ് ഈ ഫണ്ടിന്റെ ലക്ഷ്യം. ഇതു വഴി കർഷകരുടേയും ഉപഭോക്താക്കളുടേയും താൽപര്യങ്ങൾ ഒരുപോലെ സംരക്ഷിക്കുവാൻ ലക്ഷ്യമിടുന്നു.

7. **രാഷ്ട്രീയ ഗോകുൽ മിഷൻ:** നമ്മുടെ കാർഷികമേഖലയുടെ 25 ശതമാനത്തോളം മൃഗസമ്പത്താണ്. ഈ മേഖല ഏതാണ്ട് 21 ദശലക്ഷത്തോളം പേർക്കു തൊഴിലും നൽകുന്നു. കാർഷികമേഖലയിൽ വളരെ വേഗം വളരുന്ന വിഭാഗവും കൂടിയാണിത്. കർഷകർക്ക് ഇത് അധികവരുമാനവും നൽകുന്നു.

രാജ്യത്തിന്റെ സ്വത്തായ നാടൻ കന്നുകാലി ഇനങ്ങളെ സംരക്ഷിക്കുന്നതിനായാണ് 2014-15ൽ രാഷ്ട്രീയ ഗോകുൽ മിഷൻ ആരംഭിക്കുന്നത്. പ്രാദേശിക പശു ഇനങ്ങളെ വികസിപ്പിച്ചെടുക്കുന്നതിനു സംയോജിത പശു വികസനകേന്ദ്രങ്ങളായ ഗോകുൽ ഗ്രാമങ്ങൾ സ്ഥാപിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 2013-14 മുതൽ 2016-17 വരെയുള്ള കാലയളവിലേക്ക് 500 കോടി രൂപയാണ് ഈ മിഷനായി മാറ്റിവച്ചിട്ടുള്ളത് ഇതിനു പുറമേ സ്വദേശി കന്നുകാലി ഇനങ്ങളുടെ വികസനത്തിനായി 2015-16 ൽ 50 കോടി രൂപ കൂടി വകയിരുത്തിയിട്ടുണ്ട്.

8. **ദേശീയ കാമധേനു ബ്രീഡിംഗ് സെന്റർ:** സ്വദേശി കാലിയിനങ്ങളുടെ ശാസ്ത്രീയവും സമഗ്രവുമായ വികസനം, സംരംക്ഷണം, പരിപാലനം തുടങ്ങിയ ലക്ഷ്യത്തോടെ വടക്കേന്ത്യയിലും ദക്ഷിണേന്ത്യയിലും ദേശീയ കാമധേനു

ബ്രീഡിംഗ് സെന്റർ എന്ന പേരിൽ മികവിന്റെ ഓരോ കേന്ദ്രങ്ങൾ സ്ഥാപിക്കും.

സ്വദേശി ഇനങ്ങളുടെ ബീജം ശേഖരിച്ചു സൂക്ഷിക്കുന്ന സ്ഥലവുമായിരിക്കും ഈ സെന്ററുകൾ. സർട്ടിഫൈഡ് ബീജശേഖരണ സ്രോതസായി ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കും. കൃത്രിമ ബീജസങ്കലനത്തിനു മികച്ച മൂരികളുടെ സർട്ടിഫൈഡ് ബീജം, പശുക്കിടാവ്, ഭ്രൂണം തുടങ്ങിയവ കർഷകർക്കും ബ്രീഡർക്കും സ്വദേശി ഇനങ്ങളെ സൂക്ഷിക്കുന്ന ബ്രീഡിംഗ് സ്ഥാപനങ്ങൾക്കും സെന്റർ ലഭ്യമാക്കും.

മധ്യപ്രദേശ് (ഉത്തരമേഖല കേന്ദ്രം), ആന്ധ്രപ്രദേശ്( ദക്ഷിണമേഖല കേന്ദ്രം) എന്നീ സംസ്ഥാനങ്ങൾക്ക് നാഷണൽ കാമധേനു ബ്രീഡിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു 25 കോടി രൂപ വീതം നൽകിയിട്ടുണ്ട്.

9. **നീല വിപ്ളവം:** മീൻവളർത്തലിന്റെ പ്രാധാന്യവും മീൻപിടുത്തത്തിലേർപ്പെട്ടിരിക്കുന്ന സമൂഹത്തിന്റെ ക്ഷേമവും കണക്കിലെടുത്തുള്ള ബ്ലൂ റവലൂഷൻ (നീല വിപ്ളവം) എന്ന സംയോജിത മത്സ്യവികസന പദ്ധതിക്ക് ഗവൺമെന്റ് മുൻകൈയെടുത്തു വരുകയാണ്. മത്സ്യമേഖലയിലെ വിവിധ പദ്ധതികൾക്കായി അടുത്ത അഞ്ചുവർഷത്തേക്ക് മൂവായിരം കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്.

9. **ബജറ്റ് വകയിരുത്തൽ:** മേൽ പ്രവർത്തനങ്ങൾക്കെല്ലാം പിന്തുണയായി കേന്ദ്രസർക്കാർ 2016-17 ബജറ്റിൽ കൃഷി മന്ത്രാലയത്തിനു നീക്കി വച്ചിട്ടുള്ളത് 35,984 കോടി രൂപയാണ്. കൂടാതെ കാർഷിക മേഖലയ്ക്ക് ഒമ്പതു ലക്ഷം കോടി രൂപയുടെ വായ്പയും ലഭ്യമാക്കും. ഗ്രാമീണ റോഡുകൾ, വൈദ്യുതീകരണം, സാമൂഹ്യപദ്ധതികൾ തുടങ്ങിയവ ഗ്രാമീണ മേഖലയിൽ മാറ്റത്തിനു സഹായകമാകും.

ദീർഘവീക്ഷണത്തോടെയുള്ള ഈ പദ്ധതികൾ കർഷക ക്ഷേമത്തിനും ഗ്രാമീണ ഇന്ത്യയുടെ ദീർഘകാല സമൃദ്ധിക്കും സഹായകമാകും.

*(നീതി ആയോഗിൽ കാർഷിക വിഭാഗം ഉപദേഷ്ടാവാണ് ലേഖകൻ)*


ISSN-0971-8397

**യോജന വായിക്കൂ! വരിക്കാരാകൂ!**

**വരിക്കാരാകാൻ കൂപ്പൺ ഉപയോഗിക്കുക**

*യോജനയുടെ വരിക്കാരനാകാൻ ഞാൻ ആഗ്രഹിക്കുന്നു. തുക മണിയോർഡർ/ഡ്രാഫ്റ്റ് ആയി നൽകുന്നു*

☐ **1 വർഷം - 230 രൂപ**

☐ **2 വർഷം - 430 രൂപ**

☐ **3 വർഷം - 610 രൂപ**

*(ടിക്ക് ചെയ്യുക)*

*പേര്* ..........

*വിലാസം* ..........

..........

*ജില്ല*..........

*പിൻകോഡ്* ..........

*വരിസംഖ്യയും വിലാസവും പുതുക്കുന്നതിന് വരിസഖ്യാ നമ്പർ കാണിക്കുക* ☐

*അയയ്ക്കേണ്ട വിലാസം :*

*എഡിറ്റർ, യോജന (മലയാളം), ഗവണ്മെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം - 695001*

*ഫോൺ: 0471-2323826, e-mail: yojanamal50@yahoo.co.in*

# ദേശീയ നൈപുണ്യ വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്ക്

പ്രമോദ് ഭാസിൻ



കുറഞ്ഞ തൊഴിൽ വേതനവും സമ്പന്നമായ നൈപുണ്യ ശേഷിയും വിജ്ഞാനാധിഷ്ഠിത സമൂഹമെന്ന നിലയിൽ ആഗോളതലത്തിൽ ഇന്ത്യക്ക് മെച്ചപ്പെട്ട സ്ഥാനവും മത്സരക്ഷമതയും നേടിത്തരുന്നു. 2030-ഓടെ നൂറുകോടി തൊഴിൽ ശക്തിയുടെ ഉടമ എന്ന ലക്ഷ്യം നേടാൻ രാജ്യം തയ്യാറെടുക്കുമ്പോൾ വളർച്ചയും സാമ്പത്തിക വികാസവും ത്വരിതപ്പെടുത്തുന്നതിന് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും തന്ത്രപ്രധാനവും നിർണ്ണായകമാകുന്നു. സേവനപ്രധാനമായ ഒരു സമ്പദ് വ്യവസ്ഥ എന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം തുടർന്നും ശക്തിപ്പെടുത്തുന്നതിന് ലഭ്യമായ തൊഴിൽ മൂലധനത്തെ നൈപുണ്യവൽക്കരിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. നൈപുണ്യ വികസനത്തിനും പരിശീലനത്തിനും ശക്തമായ ഊന്നൽ നൽകിയിട്ടുകൂടി വിദഗ്ദ്ധ തൊഴിൽശക്തി നമുക്ക് ഇപ്പോഴും അപര്യാപ്തമാണ്. അതുകൊണ്ടു തന്നെ രാജ്യത്തിന്റെ സമഗ്രമായ വികസനത്തിൽ മാനവ വിഭവശേഷി വികസനം അതീവ പ്രാധാന്യം അർഹിക്കുന്നു.

2025 ഓടെ ആഗോള തൊഴിൽ ശക്തിയിൽ 35% വും ഇന്ത്യയുടെ സംഭാവന ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മുടെ തൊഴിൽശക്തിയെ പ്രതിനിധീകരിക്കുന്ന ഏറ്റവും വലിയ ബഹുജന സാമ്പത്തിക ആസ്തി ഇതാണ്. നമ്മുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് നാമതിനെ വൻതോതിൽ ഉയർത്തിക്കാട്ടേണ്ടതുണ്ട്. ഒപ്പം തന്നെ ബൃഹത്തായ ഈ ജനസംഖ്യാ ലാഭവിഹിതം നേട്ടമാക്കി മാറ്റുന്നതിന് വൻതോതിലുള്ള നൈപുണ്യവികസനവും തൊഴിൽപരമായ ആസൂത്രണവും നമുക്കാവശ്യമാണ്. വ്യത്യസ്ത മേഖലകളിലായി 40 കോടി ജനങ്ങളെ പരിശീലിപ്പിക്കുന്നതിനുള്ള 1500 കോടി രൂപയുടെ നൈപുണ്യ ഭാരത പ്രചാരണ പ്രവർത്തനം (Skill India Campaign) പ്രധാനമന്ത്രി കഴിഞ്ഞ ജൂലൈയിൽ ആരംഭിക്കുകയുണ്ടായി. ഇതിൽ ദേശീയ നൈപുണ്യ വികസന മിഷൻ (National Skill Development Mission), നൈപുണ്യ വികസനത്തിനും സംരംഭകത്വത്തിനുമായുള്ള ദേശീയ നയം 2015 (National Policy for Skill Development and Entrepreneurship 2015), പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) നൈപുണ്യ വായ്പാ പദ്ധതി (Skill Loan Scheme) എന്നിവ ഉൾപ്പെടുന്നു. നൈപുണ്യവൽക്കരണം പ്രധാന ശ്രദ്ധാകേന്ദ്രമാണെന്നത് സംശയമില്ലാത്ത കാര്യമായിരിക്കുമ്പോൾ തന്നെ 2025-ഓടെ 5 കോടി ആളുകളെ തൊഴിൽ നിപുണരാക്കുക എന്ന ബൃഹത്തായ കർത്തവ്യം എങ്ങനെയാണ് നിറവേറ്റുക എന്ന കാര്യത്തിൽ ഇപ്പോഴും വേണ്ടത്ര വ്യക്തത നമുക്ക് കൈവന്നിട്ടില്ല.

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കു മുമ്പ് ഇന്ത്യ നൈപുണ്യ വികസനത്തിൽ വേണ്ടത്ര ശ്രദ്ധിക്കാതിരുന്നതിന്റെ ഫലമായി നൈപുണ്യരംഗത്ത് വലിയ വിടവാണ് ഉണ്ടായത്. വളർച്ചാ നിരക്കിലു

ണ്ടായ വർദ്ധനവ് ഇന്ത്യയിൽ വിദഗ്ദ്ധ മനുഷ്യശേഷിയുടെ ചോദനം (Demand) പതിന്മടങ്ങ് വർദ്ധിപ്പിച്ചു. അതേസമയം, രാജ്യത്തൊമ്പാടും എല്ലാ മേഖലകളിലും വിദഗ്ദ്ധ മനുഷ്യശേഷിയ്ക്ക് ക്ഷാമം നേരിടുകയാണെന്ന് ഇത് കാട്ടിത്തന്നു. നാം നേരിടുന്ന പ്രധാന പ്രശ്നം തൊഴിൽ ലഭ്യതയുടെ ഇല്ലായ്മ അല്ലെന്നും അതിവേഗം വികസിച്ചുവരുന്ന വ്യാവസായികാവശ്യങ്ങൾക്കൊപ്പം തൊഴിൽ നേടാൻ യോഗ്യരായ നൈപുണ്യ വിദഗ്ദ്ധർക്കുള്ള വലിയ ക്ഷാമമാണെന്നും മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ തൊഴിൽ വിപണിയിലേക്ക് ഓരോ കൊല്ലവും കടന്നുവരുന്ന 30 ലക്ഷം ബിരുദധാരികളിൽ 5 ലക്ഷം പേർ മാത്രമാണ് തൊഴിൽ നേടാൻ യോഗ്യതയുള്ളവരായി പരിഗണിക്കപ്പെടുന്നത്. ഐ.ടി., ബി.എഫ്.എസ്.ഐ. (Financial Services and Insurance), ആരോഗ്യ രക്ഷ, അടിസ്ഥാന നിർമാണമേഖല, ചില്ലറ വില്പന, വാഹന- ഗൃഹോപകരണ മേഖല തുടങ്ങിയ രംഗങ്ങളിൽ കടുത്ത മനുഷ്യശേഷി കമ്മിയാണ് നേരിടുന്നത്.

അടുത്തകാലത്തെ ഒരു കണക്കു പ്രകാരം പ്രായപൂർത്തിയായ പത്തിൽ ഒരാൾക്കു മാത്രമാണ് എന്തെങ്കിലും തൊഴിൽപരിശീലനം ലഭിച്ചിട്ടുള്ളത്. വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും സംബന്ധിച്ച ദേശീയ സാമ്പിൾ സർവ്വേ ഓഫീസ് (NSSO) പുറത്തുവിട്ട കണക്കു പ്രകാരം 15-59 വയസ്സ് പ്രായമുള്ളവരിൽ 2.2 ശതമാനത്തിനു മാത്രമാണ് തൊഴിൽ പരിശീലനം ലഭിച്ചത്. 8.6 ശതമാനത്തിന് അനൗപചാരിക തൊഴിൽ പരിശീലനവും ലഭിച്ചു. എല്ലാറ്റിനുമുപരി, 2004-05 ലെ കണക്കുമായി തട്ടിച്ചു നോക്കുമ്പോൾ ഏറ്റവും ഒടുവിൽ കണക്കുകൾ ലഭ്യമായ 2011-12ൽ തൊഴിൽപരിശീലന നിരക്കിൽ കാര്യമായ വർദ്ധന ഒന്നും വന്നിട്ടില്ലെന്നും കാണാനാകും. ഏറെ ഉത്കർഷേച്ഛ ഉണ്ടായിരുന്ന ദേശീയ നൈപുണ്യനയം (National Skill Policy) 2009ൽ യു.പി.എ സർക്കാർ പ്രഖ്യാപിക്കുകയും അതിനു മുൻപായി ദേശീയ നൈപുണ്യ വികസന ഏകോപന ബോർഡ് (National Skill Development Co-ordination Board) രൂപീകരിക്കുകയും ചെയ്തിരുന്നു. ലോകത്ത് പ്രവർത്തനശേഷി പ്രായപരിധി (15-59 വയസ്സ്) യിലെ വ്യക്തികളുടെ എണ്ണം കൂടുതലുള്ള ഇന്ത്യയെ സംബന്ധിച്ച് വികസന പ്രവർത്തനങ്ങൾക്ക് വലിയ അവസരമാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്. ഉത്പാദനക്ഷമരാക്കും വിധം ഈ പ്രായത്തിലുള്ളവർക്ക് മതിയായ നൈപുണ്യ പരിശീലനം ലഭ്യമാക്കേണ്ടത് അടിയന്തിര കാര്യമാണ്.

ഏറെയും ക്ഷേമസമീപനത്തിനനുസരിച്ച് നിലനിന്നിരുന്ന വിതരണ രീതിയിൽ നിന്നും ആവശ്യപ്രചോദിതമായ ഒരു സമീപനത്തിലേക്ക് മാറുകയാണ് ഇന്നത്തെ തൊഴിൽ വിദ്യാഭ്യാസം. ഉത്കർഷയുള്ള നിരവധി നൈപുണ്യ വികസന സംരംഭങ്ങളിലൂടെ ഇന്ത്യൻ പരിസ്ഥിതിയെ നൈപുണ്യവൽക്കരിക്കുന്നതിൽ സ്വകാര്യ മേഖലയ്ക്ക് നിർണ്ണായക പങ്കാണ് വഹിക്കാനുള്ളത്. പ്രധാന തൊഴിൽ സ്രഷ്ടാവും തൊഴിൽ ദായകനുമെന്ന നിലയിൽ നൈപുണ്യവികസന പരിപാടികളുടെ തോതിനേയും ഗുണമേന്മയേയും സ്ഥിരതയേയും സ്വാധീനിക്കാനുള്ള ശേഷി അവർക്ക് ഉണ്ടെന്നു മാത്രമല്ല കേവലം ഔപചാരികമെന്നതിനപ്പുറം അനൗപചാരികമായിപ്പോലും തൊഴിലിനേയും ജീവനോപാധികളേയും ഏകോപിപ്പിക്കാൻ സ്വകാര്യ മേഖലയക്ക് കഴിയുന്നതാണ്. അതേസമയം ചുരുക്കം ചില വ്യവസായങ്ങളിലൊഴികെ നമ്മുടെ തൊഴിൽ ശക്തിയെ നൈപുണ്യവൽക്കരിക്കുന്നതിനും പരിശീലനം നൽകുന്നതിനും വേണ്ടവിധം മുതൽമുടക്ക് സ്വകാര്യമേഖല നടത്തുന്നില്ല എന്നത് എടുത്തുപറയേണ്ടതാണ്. തൊഴിൽ നൈപുണ്യം വളരെയേറെ സ്വീകാര്യമായ മിക്ക ലോകരാജ്യങ്ങളിലും വ്യക്തികൾ മാത്രമല്ല വ്യവസായ ലോകമൊന്നാകെയാണ് നൈപുണ്യ വികസനത്തിന് സംഭാവന നൽകുന്നത്. വിദഗ്ധ മാനവശേഷിയുടെ ഒരു 'ഉപഭോക്താവ്', വിദ്യാഭ്യാസം ലഭ്യമാക്കുന്ന ലാഭലക്ഷ്യമുള്ള സംരംഭം എന്നിങ്ങനെ നിരവധിയായ കർത്തവ്യങ്ങൾ ഈ ഭൂമികയിൽ സ്വകാര്യ മേഖലയ്ക്ക് നിർവഹിക്കാനുണ്ട്.

ലഭ്യമായ മനുഷ്യശേഷിയ്ക്ക് നൈപുണ്യ പരിശീലനം നൽകുകയും അന്തിമമായി അവരെത്തന്നെ തൊഴിൽമേഖലയിൽ നിയമിക്കുകയും ചെയ്യുകവഴി കാര്യമായ നേട്ടമുണ്ടാക്കുക എന്നതാണ് ഒരു ഉപഭോക്താവ് എന്ന നിലയിൽ സ്വകാര്യമേഖല ചെയ്യുന്നത്. ലാഭേച്ഛയില്ലാത്ത ഫെസിലിറ്റേറ്റർ എന്ന നിലയിൽ ധനവിഹിതം 'നിക്ഷേപം' വഴി ഈ സ്ഥാപനങ്ങൾക്ക്

സമൂഹത്തിന് തിരികെ നൽകാൻ കഴിയും. വിദ്യാലയങ്ങൾ, പരിശീലന സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തുടങ്ങിയവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ ഫീസുവാങ്ങിയുള്ള വിദ്യാഭ്യാസവും പരിശീലനവും ലാഭലക്ഷ്യമുള്ള സംരംഭം തുടങ്ങാനും കഴിയും.

ഇത്തരത്തിൽ ഇന്ത്യയിലെ നൈപുണ്യ രംഗങ്ങളിൽ ഗുണപരമായ സ്വാധീനം സൃഷ്ടിക്കാൻ സ്വകാര്യമേഖലയ്ക്ക് നിരവധി മാർഗങ്ങളുണ്ട്.

## വ്യാവസായിക ചോദനം മുൻകൂട്ടി കാണൽ

വ്യവസായത്തിനാവശ്യമായ തൊഴിൽശക്തിക്ക് യോജിച്ച വിദഗ്ദ്ധ തൊഴിലാളികളെ നൽകുന്നതിനുള്ള കഴിവുമായി മുന്നോട്ടു വരികയെന്നതാണ് സ്വകാര്യമേഖലയ്ക്ക് ഈ രംഗത്ത് വഹിക്കാനുള്ള പങ്ക്. ശമ്പളക്കാർ, കരാർ തൊഴിലാളികൾ, കൂലിക്കാർ തുടങ്ങി നിരവധിയായ തൊഴിലാളികളെ സ്വകാര്യമേഖല സൃഷ്ടിച്ചുകൊണ്ടിരിക്കുകയും അവ പലേടങ്ങളിലായി ആഗിരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനാൽ അവരാവും തൊഴിൽ ചോദനം മുൻകൂട്ടി കാണാൻ ഏറ്റവും പ്രാപ്തിയുള്ളവർ. പരിശീലനം ലഭിച്ചവരും നിയമനയോഗ്യരുമായ വിദഗ്ദ്ധ മനുഷ്യശേഷി അവർക്ക് എപ്പോഴും ലഭ്യമായിരിക്കുകയും ചെയ്യും. സ്വകാര്യ മേഖലയിലെ ജോലിയുടെ സ്വഭാവം, വേതനം, തൊഴിലിടം, വലിപ്പം എന്നിവ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ഇതിനനുസരണമായി പദ്ധതി ആസൂത്രണം ചെയ്യുന്നതിനും വ്യവസായം ആവശ്യപ്പെടുന്ന പ്രകാരം നൈപുണ്യ/വൈദഗ്ദ്ധ്യ വികസനത്തിലൂടെ സമർത്ഥരുടെ നിര വികസിപ്പിച്ച് ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിലുകളും നൈപുണ്യവും സംബന്ധിച്ച അസന്തുലിതാവസ്ഥ കുറയ്ക്കുന്നതിനും ഇതു സഹായിക്കും.

## ഗുണമേന്മ ഉറപ്പാക്കൽ

ആനുകാലിക തൊഴിലാവശ്യങ്ങളിന്മേലുള്ള നൈപുണ്യ വിടവ് കണ്ടെത്തുക, ദേശീയ തൊഴിൽ നിലവാരത്തിലൂടെ (National Occupation Standards - NOS) നിലവിലുള്ളതും പുതിയതുമായ തൊഴിൽപരിശീലനത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുക എന്നിവയിൽ സ്വകാര്യമേഖലയ്ക്ക് വിലപ്പെട്ട സംഭാവന നൽകാൻ കഴിയും.

## പരിശീലന ദാതാക്കളുമായുള്ള പങ്കാളിത്തം

എല്ലാ സ്വകാര്യ കമ്പനികൾക്കും മേൽപ്പറഞ്ഞ കഴിവോ, അറിവോ, പ്രാഗത്ഭ്യമോ അതുമല്ലെങ്കിൽ പരിശീലന പരിപാടികൾ രൂപകല്പന ചെയ്യാനോ, വികസിപ്പിക്കാനോ ഉള്ള വീക്ഷണമോ ഉണ്ടായിരിക്കില്ല. ഇങ്ങനെയുള്ളവർ തങ്ങളുടെ മാനവ വിഭവശേഷി ആവശ്യങ്ങൾ സംയോജിപ്പിക്കാനും ഭാവിയിലേക്കായി സമർത്ഥരുടെ ഒരു നിര തങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് സൃഷ്ടിക്കുവാനും പരിശീലനദാതാക്കളുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്.

## തൊഴിലുറപ്പാക്കുന്ന പരിശീലനവും അപ്രന്റീസ്ഷിപ്പും

വ്യാവസായിക വളർച്ചയെക്കുറിച്ചുള്ള അവബോധവും പരിശീലനത്തിലധിഷ്ഠിതമായ പ്രായോഗിക പരിചയവും ഉയർന്ന നിലവാരത്തിലുള്ള പ്രാഗത്ഭ്യം നേടുന്നതിന് പരമപ്രധാനമാണ്. അതേസമയം തൊഴിലുറപ്പാക്കുന്ന പരിശീലനത്തിനും അപ്രന്റീസ്ഷിപ്പ് അവസരങ്ങൾക്കുമായി പരിശീലകർക്കു വേണ്ടി സ്വകാര്യമേഖല അതിന്റെ വാതായനങ്ങൾ മലർക്കെ തുറന്നിടേണ്ടതാണ്.

## കോർപ്പറേറ്റ് സമൂഹ്യ ഉത്തരവാദിത്ത (CSR) ഫണ്ടും നൈപുണ്യ വികസനവും

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും പരിശീലനത്തിനും നിക്ഷേപിക്കാനാവശ്യമായ ഫണ്ട് സ്വകാര്യമേഖല ലഭ്യമാക്കേണ്ടതാണ്. രണ്ടുശതമാനം എന്ന CSR നിബന്ധന പ്രകാരമുള്ള ഈ വിഹിതം കമ്പനികൾക്ക് നൈപുണ്യ വികസന പരിപാടികളിൽ സൃഷ്ടിപരമായി വിനിയോഗിക്കാവുന്നതാണ്.

## അടിസ്ഥാന സൗകര്യ പരിശീലനത്തിനായി നിക്ഷേപം

പരിശീലന ദാതാക്കളുടെ പങ്കാളിത്തത്തോടെ കോർപ്പറേറ്റുകൾക്ക് നൈപുണ്യ പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക വിദ്യ, ബോധന വിദ്യ തുടങ്ങി പല ഘടകങ്ങളും ഏകോ

പിപ്പിക്കാൻ കഴിയും. മറ്റൊരു വിധത്തിൽ, പരിശീലന പങ്കാളികൾക്ക് നിക്ഷേപിക്കാൻ സാഹചര്യമുണ്ടാക്കുന്ന വിധം ചെലവുകൂടിയ ഉപകരണങ്ങൾ/ലബോറട്ടറികൾ, ഏതെങ്കിലും പ്രത്യേക പരിശീലനങ്ങൾ എന്നിവ ഏർപ്പെടുത്താൻ ഫണ്ടുമുഖേനെയോ സബ്സിഡിയിലൂടെയോ ഇവർക്ക് സഹായിക്കാവുന്നതാണ്.

സെക്ടർ സ്കിൽ കൗൺസിലുകൾ (SSCs), പരിശീലന ദാതാക്കൾ, ഐ.ടി.ഐകൾ മറ്റു സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ തന്ത്രപ്രധാനമായ പങ്കാളിത്തത്തിലൂടെ സ്വകാര്യ മേഖലയ്ക്ക് ഏതുതരം നൈപുണ്യവൽക്കരണ സംരംഭത്തിന്റെയും വിജയത്തെ കാര്യമായി സ്വാധീനിക്കാൻ കഴിയും.

ഗുണനിലവാരമുള്ള മനുഷ്യ മൂലധനത്താൽ കരുത്താർജ്ജിച്ച നമ്മുടെ സമ്പദ്വ്യവസ്ഥയുടെ വളർച്ചാനിരക്ക് ഉത്തേജിപ്പിക്കാൻ നൈപുണ്യമാർന്ന തൊഴിൽശക്തി ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം നിർണായകമാണ്. നൈപുണ്യവും വിദ്യാഭ്യാസവും ഒരു പഠിതാവിന്റെ തൊഴിൽ സാധ്യതയെ ഉയർത്തും. വിജ്ഞാന സമ്പാദനത്തിലൂടെ തൊഴിലാളികൾ ദേശീയതലത്തിൽ രാജ്യത്തിന്റെ ഉത്പാദനക്ഷമതയ്ക്ക് സംഭാവന നൽകുകയും ഇന്ത്യയുടെ മത്സരശേഷി വർധിപ്പിക്കുകയും ചെയ്യും. നിരവധിയായ പരിഷ്കാരങ്ങളിലൂടെ രാജ്യത്തെ ഒരു വൈജ്ഞാനിക കേന്ദ്രമാക്കാൻ ശേഷിയുള്ള ഒരു നയത്തിനായി സാമ്പത്തിക വകയിരുത്തലുകളിലൂടെ സർക്കാർ വ്യക്തമായ ഒരു ശ്രമം നടത്തുന്നുണ്ട്. അതേസമയം സ്വകാര്യമേഖലയുടെ പങ്കും പങ്കാളിത്തവും അങ്ങേയറ്റം ഒഴിച്ചുകൂടാനാവാത്തതും നൈപുണ്യവൽക്കരണത്തിനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് ആത്മാർത്ഥമായ പിന്തുണ കോർപ്പറേറ്റുകളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുമാണ്. സർക്കാരിന്റെ ബൃഹത്തായ സംരംഭങ്ങളുമായി ഇന്ത്യയിലെ സ്വകാര്യ മേഖലയും തോളോടു തോൾ ചേർന്ന് മുന്നോട്ടുപോകേണ്ട കാലഘട്ടമാണിത്. ലോകത്തിന് വലിയ തൊഴിൽശക്തി നൽകിക്കൊണ്ട് നമ്മെ വളരെ ശക്തരാക്കാൻ നമ്മുടെ ജനസംഖ്യയ്ക്ക് കഴിയും. എന്നാൽ സ്വകാര്യമേഖലയും സർക്കാരും തമ്മിൽ മികച്ച പങ്കാളിത്തം കെട്ടിപ്പടുക്കുമ്പോൾ മാത്രമെ ഇത് സംഭവിക്കുകയുള്ളൂ. ഏറെ ദൂരം നമുക്ക് പോകാനുണ്ട്. ഒത്തുചേർന്ന് നമ്മുടെ ദൗർബല്യങ്ങളെ അതിജീവിക്കാനും അതുവഴി ഇന്ത്യയെ ശക്തിപ്പെടുത്താനും നമുക്ക് കഴിയുമെന്ന് തന്നെ പ്രതീക്ഷിക്കാം.

*(ബഹുരാഷ്ട്ര കമ്പനിയായ ജൻപാക്ടിന്റെ ചെയർമാനാണ് ലേഖകൻ)*

*വിജ്ഞാനപാത*

## അടൽ പെൻഷൻ യോജന

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി 2015ലെ ബജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതി ഔദ്യോഗികമായി പ്രാബല്യത്തിൽ വന്നത് 2015 മെയ് 9-ന് ആണ്. കൊൽക്കത്തയിൽ പ്രധാനമന്ത്രിയാണ് പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചത്. 18 വയസ് മുതൽ 40 വയസ് വരെ പ്രായമുള്ള, അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഈ പെൻഷൻ പദ്ധതിയിൽ ഭാഗഭാക്കാകാവുന്നതാണ്. 60 വയസ്സ് മുതൽ പെൻഷൻ ലഭിച്ചു തുടങ്ങും. ആധാറുമായി ബന്ധിപ്പിച്ചാണ് ഇത് നടപ്പിൽ വരുത്തുന്നത്. പ്രധാനമന്ത്രി ജൻധൻ യോജനയുടെ ഭാഗമായി തുറന്ന ബാങ്ക് അക്കൗണ്ടുകളുമായി ഈ പദ്ധതി ബന്ധിപ്പിക്കുന്നതാണ്. സാമൂഹ്യ സുരക്ഷയുടെ ഭാഗമായ ഈ പദ്ധതി 2015 ജൂൺ 1 മുതൽ നിലവിൽ വന്നു. 60 വയസ്സ് എത്തുന്നതോടെ 1000മോ, 2000മോ, 3000മോ, 4000മോ 5000മോ രൂപയുടെ മുൻകൂറായി നിശ്ചയിച്ച തുക പെൻഷൻ കൈപ്പറ്റുന്ന രീതിയിലാണ് പദ്ധതി. ഗവൺമെന്റിന്റെ സഹായധനം പദ്ധതിയിൽ ചേരുന്നവരുടെ പ്രായപരിധി കണക്കാക്കിയാവും നിശ്ചയിക്കുക. പരമാവധി തുക 1000 രൂപ ആയിരിക്കും. പദ്ധതിയിൽ അംഗമായ വ്യക്തിയുടെ മരണശേഷം, തുക ജീവിതപങ്കാളിക്കോ, നോമിനിക്കോ കൈപ്പറ്റാവുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 2016 ഏപ്രിൽ 16ലെ കണക്കനുസരിച്ച് 2,405,268 ആളുകൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.



# അന്താരാഷ്ട്ര ബന്ധങ്ങളിലൂടെ ആഭ്യന്തര വികസനം

**അചൽ മൽഹോത്ര**

മെയ്ക്ക് ഇൻ ഇന്ത്യ, സ്കിൽ ഇന്ത്യ, സ്മാർട്ട് നഗരങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൽ ഇന്ത്യ തുടങ്ങിയ പല പദ്ധതികളും പ്രഥമദൃഷ്ട്യാ രാജ്യത്തിന്റെ ആഭ്യന്തര വിഷയങ്ങളാണെങ്കിലും വിദേശ പങ്കാളിത്തം, വിദേശ മൂലധനം, വിദേശ സാമ്പത്തിക സഹായം, സാങ്കേതിക വദ്യയുടെ കൈമാറ്റം തുടങ്ങി ഗണ്യമായ ബാഹ്യ സഹായം ഈ പദ്ധതികളുടെ വിജയത്തിന് ആവശ്യമാണ്. ഇന്ത്യയുടെ നയതന്ത്രബന്ധം വേണ്ടവിധം ഉപയോഗിക്കാൻ നമുക്കായി എന്നത് ഇക്കാര്യത്തിൽ ഏറെ ശുഭകരമായി മാറിയിട്ടുണ്ട്. ഇന്ത്യയുടെ വിദേശനയം പുതിയ സാഹചര്യത്തിൽ വളരെ സജീവവും പ്രായോഗികവും സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ വികസനോന്മുഖ ദൗത്യങ്ങളുടെ മികച്ച മിശ്രണവുമാണ്. രാജ്യത്തിന്റെ സമഗ്ര ആഭ്യന്തര വളർച്ചയക്ക് യോജിച്ച ബാഹ്യസാഹചര്യം ഒരുക്കുന്നതിലാണ് ഗവണ്മെന്റിന്റെ ഇപ്പോഴത്തെ ഊന്നൽ. നയതന്ത്ര കാര്യങ്ങളെ ആഭ്യന്തര വിഷയങ്ങളുടെ നടത്തിപ്പുമായി കൂട്ടിയിണക്കുക എന്നതാണ് ആശയം. ഇതു കൂടാതെ അയൽരാജ്യങ്ങളുമായുള്ള വിശ്വസ്ത സൗഹൃദം ഊട്ടിയുറപ്പിക്കുക, ലോകരാജ്യങ്ങളുമായി പരസ്പര സഹകരണം തുടർന്നുപോകുക എന്നിവ വിദേശനയത്തിലെ ഇന്ത്യയുടെ ഊന്നലുകളാണ്. ദീർഘവീക്ഷണ കാഴ്ച്ചപ്പാടുകളെ സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി അന്താരാഷ്ട്ര പങ്കാളികളെ വിശ്വസ്തരാക്കുന്നതിനുള്ള ഇന്ത്യയുടെ രാഷ്ട്രീയ-സാമ്പത്തിക-നയതന്ത്ര സംരംഭങ്ങൾക്ക് അനുകൂല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. താഴെ വിവരിക്കുന്നത് അത്തരം ചില സൂചനകളാണ്.

## അന്താരാഷ്ട്ര ബന്ധങ്ങളിലൂടെ സമഗ്ര ആഭ്യന്തര വളർച്ച

### അടിസ്ഥാന സൗകര്യങ്ങളും വികസന ഫണ്ടും

- ഇക്കഴിഞ്ഞ ഓഗസ്റ്റിൽ പ്രധാനമന്ത്രി ദുബായ് സന്ദർശിക്കവേ ഒരു യുഎഇ-ഇന്ത്യ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് പ്രഖ്യാപിക്കുകയും ഇന്ത്യയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 75 ദശലക്ഷം ഡോളറിന്റെ സഹായം സംഭരിക്കുന്നതിന് ലക്ഷ്യമിടുകയും ചെയ്തു.
- ഇന്ത്യയുടെ നാഷണൽ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിനു കീഴിൽ ഇംഗ്ലണ്ട് ഒരു പങ്കാളിത്ത ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.
- ഇന്ത്യയിലെ റെയിൽ, റോഡു വികസനത്തിന് വിദേശ സഹകരണം കൂടുതൽ ഉപകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.
- വടക്കു കിഴക്കൻ മേഖലയിൽ റോഡുകൾ നന്നാക്കുന്നതിന് വായ്പ നല്കാൻ ജപ്പാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.
- മുംബൈ-അഹമ്മദാബാദ് പാതയിൽ അതിവേഗ

ബുള്ളറ്റ് ട്രെയിൻ സർവീസ് ആരംഭിക്കുന്നതിന് ഇന്ത്യയും ജപ്പാനും കരാർ ഒപ്പു വച്ചുകഴിഞ്ഞു. ഇത് മുംബൈ-അഹമ്മദാബാദ് റെയിൽ യാത്രാ സമയം ഏഴു മണിക്കൂറിൽ നിന്ന് രണ്ടു മണിക്കൂറായി കുറയ്ക്കും. ചെന്നൈ, അഹമ്മദാബാദ് മെട്രോ പദ്ധതികൾക്ക് 10000 കോടി യെൻ വായ്പയായി നല്കാമെന്നും ജപ്പാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്.

- കൊച്ചി, ബംഗളൂരു മെട്രോ പദ്ധതികളുടെ രണ്ടാം ഘട്ടത്തിനും നാഗ്പൂർ മെട്രോയുടെ ഒന്നാം ഘട്ടത്തിനും ഫ്രാൻസ് ധനസഹായം നല്കും.
- നാഗ്പൂർ-ബംഗളൂരു മെട്രോകൾക്ക് ജർമ്മനി 500 ദശലക്ഷം യൂറോ വീതം സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.
- റെയിൽ മേഖലയിൽ ഇന്ത്യയും ചൈനയും പരസ്പര സഹകരണത്തിനു ധാരണയിലാണ്. നിലവിലുള്ള ചെന്നൈ-ബംഗളൂരു-മൈസൂരു സെക്ടറിൽ ട്രെയിനുകളുടെ വേഗത വർധിപ്പിക്കുന്നതിനുള്ള നിർദ്ദേശവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.
- ഫ്രാൻസിന്റെ 3.2 കോടി യൂറോ വായ്പാ സഹായത്താൽ ബിഹാറിലെ മധേപ്പുരയിൽ ഒരു ഇലക്ട്രിക് ലോക്കോ പ്ലാന്റ് നിർമ്മിക്കും.
- റെയിൽവെയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ബ്രിട്ടനിൽ നിന്നും ധനസഹായം ലഭ്യമാക്കാനുള്ള നയതന്ത്ര ചർച്ചകളും പുരോഗമിച്ചുവരുകയാണ്.

**മെയ്ക്ക് ഇൻ ഇന്ത്യ**: ഇന്ത്യ വിദേശരാജ്യങ്ങളിൽ നടത്തിയ മേയ്ക്ക് ഇൻ ഇന്ത്യ പദ്ധതി പ്രചാരണം വളരെ ശ്രദ്ധേയമായി. ഇതേതുടർന്ന് കെഎ 226 ഹെലികോപ്റ്ററുകൾ ഇന്ത്യയിൽ നിർമ്മിക്കാൻ റഷ്യ സമ്മതിച്ചിട്ടുണ്ട്. ഇന്ത്യയിൽ അവർ നിർമ്മിക്കുന്ന ആണവ പ്ലാന്റുകൾക്കൊപ്പം ഇതിന്റെയും നിർമ്മാണം നടക്കും. ഇതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് റഷ്യയുടെ റോസ്ആറ്റം, ഇന്ത്യയുടെ ആണവോർജ്ജ വകുപ്പുമായി ചേർന്ന് കർമ്മ പദ്ധതി തയാറാക്കി കഴിഞ്ഞു. എൽആൻഡ് ടിയും ഫ്രഞ്ച് കമ്പനിയായ അരേവയും ജെയ്ത്പൂരിലെ ആണവ പദ്ധതിയിൽ സഹകരിക്കാനും സാങ്കേതിക വിദ്യ കൈമാറുന്നതിനും ധാരണയായിട്ടുണ്ട്. എയർബസും (AIR BUS) ടാറ്റായും ചേർന്ന് ഇന്ത്യയിൽ സി 295 ഹെലികോപ്റ്ററുകൾ നിർമ്മിക്കും. മഹീന്ദ്രയുമായി സഹകരിച്ച് ഹെലികോപ്റ്ററുകൾ നിർമ്മിക്കുന്നതിനും എയർബസ് കരാർ ഒപ്പു വച്ചിട്ടുണ്ട്. ബോയിങ് കമ്പനി എഎച്ച് 64 അപ്പാഷെ ഹെലികോപ്റ്ററുകൾ ഇന്ത്യയിൽ നിർമ്മിക്കും. മെയ്ക്ക് ഇൻ ഇന്ത്യയ്ക്കായി 1200 കോടി ഡോളറിന്റെ പ്രത്യേക സാമ്പത്തിക സഹായത്തിന് ജപ്പാനും ഇന്ത്യയും തമ്മിൽ ധാരണയായിക്കഴിഞ്ഞു. ഇതുപ്രകാരം ഇന്ത്യയിൽ നിർമ്മിക്കുന്ന മാരുതി കാറുകൾ ജപ്പാനിലേയ്ക്ക് കയറ്റി അയക്കും.

**വിദേശ നിക്ഷേപം**: കുതിച്ചുയരുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ മുൻനിർത്തിയുള്ള നയതന്ത്ര ബന്ധം വഴി നേരിട്ടുള്ള വിദേശ നിക്ഷേപത്തിൽ മുൻ വർഷത്തെക്കാൾ 40 ശതമാനത്തിന്റെ വർധനയാണ് 2015ൽ നാം കൈവരിച്ചത്. നമ്മുടെ പല സ്വപ്ന പദ്ധതികളും ഇതിലൂടെ യാഥാർത്ഥ്യമാകും. ഇക്കാലയളവിൽ ഇന്ത്യയുടെയും ചൈനയുടെയും കമ്പനികൾ തമ്മിൽ ഒപ്പു വച്ചത് ഏകദേശം 2200 കോടി ഡോളറിന്റെ ധാരണാ പത്രങ്ങളാണ്. അതേസമയം ഇന്ത്യയിലെയും ഇംഗ്ലണ്ടിലെയും സ്വകാര്യ കമ്പനികൾ തമ്മിലുണ്ടാക്കിയ കരാറുകൾക്ക് ഏകദേശം 920 കോടി ബ്രിട്ടീഷ് പൗണ്ട് മൂല്യം കണക്കാക്കുന്നു. ഇതിൽ 130 കോടി വൊഡാഫോൺ നല്കിയിട്ടുള്ള മൂലധന വാഗ്ദാനമാണ്. സ്മാർട്ട് നഗരങ്ങളുടെ നിർമ്മാണത്തിനായി അടുത്ത അഞ്ചു വർഷം കൊണ്ട് ജപ്പാൻ ഇന്ത്യയിൽ നിക്ഷേപിക്കാൻ പോകുന്നത് 3500 കോടി ഡോളറാണ്. ദക്ഷിണ കൊറിയ വാഗ്ദാനം ചെയ്തിരിക്കുന്നത് 1000 കോടി ഡോളറാണ്. ഇതിൽ 100 കോടി ഡോളർ സാമ്പത്തിക വികസന സഹകരണ സഹായമായും 900 കോടി ഡോളർ റെയിൽവെ, ഊർജ്ജ ഉത്പാദനം, പ്രസരണം എന്നീ പ്രഥമ പരിഗണനാ മേഖലകളുടെ കയറ്റുമതി വായ്പ എന്ന നിലയിലുമാണ്. ജർമ്മൻ വാഹന-എൻജിനിയറിങ് മേഖലയിലെ ഭീമനായ ബോഷ് 10000 കോടി പൗണ്ട് നിക്ഷേപിച്ച് ഇന്ത്യയിൽ മൂന്ന് പുതിയ പ്ലാന്റുകൾ കൂടി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു.

**സ്മാർട്ട് നഗരങ്ങൾ**: ഇന്ത്യയിൽ നിർമ്മിക്കുന്ന സ്മാർട്ട് നഗരങ്ങളുടെ വികസനത്തിൽ പങ്കാളികളാകാൻ നിരവധി അന്താരാഷ്ട്ര കമ്പനികൾ മുന്നോട്ടു വന്നിട്ടുണ്ട്. വിശാഖപട്ടണം, അഹമ്മദാബാദ്, അല




ഹാബാദ് എന്നീ തുറമുഖ നഗരങ്ങളുടെ വികസന ത്തിൽ സഹായിക്കാമെന്ന് അമേരിക്കയും ഛണ്ഡിഗ ഡ്, നാഗ്പൂർ, പുതുച്ചേരി എന്നീ സ്മാർട്ട് നഗര പദ്ധ തികൾക്ക് 200 കോടി യൂറോയുടെ സഹായം നല്കാ മെന്ന് ഫ്രാൻസും വാഗ്ദാനം ചെയ്തു കഴിഞ്ഞു.

**ഡിജിറ്റൽ ഇന്ത്യയും സ്കിൽ ഇന്ത്യയും:** ഡിജിറ്റൽ ഇന്ത്യയുടെ നിർവഹണത്തിൽ സഹായ വാഗ്ദാനങ്ങ ളുമായി മുന്നോട്ടുവന്നിരിക്കുന്നത് മൈക്രോസോഫ്റ്റ്, ഗൂഗിൾ തുടങ്ങിയ അന്താരാഷ്ട്ര ഭീമന്മാരാണ്. സ്കിൽ ഇന്ത്യ പദ്ധതിയിൽ സഹായവാഗ്ദാനങ്ങൾ ലഭിച്ചിരിക്കുന്നത് അമേരിക്ക, ജർമ്മനി, ഇംഗ്ലണ്ട്, കാ നഡ, ജപ്പാൻ, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യ ങ്ങളിൽ നിന്നാണ്.

**ഗംഗാ ശുചീകരണം:** ഗംഗയുടെ പുനരുജ്ജീവന ത്തിനായി വിദഗ്ധസേവനവും സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും ജപ്പാനും ജർമ്മനിയും വാഗ്ദാനം ചെയ്തിട്ടുണ്ട്.

**ഊർജ്ജ സുരക്ഷ**: ശുദ്ധമായ ഊർജ്ജ ഉത്പാദനം നയതന്ത്ര ബന്ധങ്ങളിലൂടെ കൈവരിക്കാനാകുമെന്ന പ്രതീക്ഷയിലാണ് ഗവണ്മെന്റ്. ഈ മേഖലയിലെ നാഴികക്കല്ല് എന്നു വിശേഷിപ്പിക്കാവുന്നത് കഴിഞ്ഞ ഡിസംബറിൽ പാരീസിൽ നടന്ന കാലാവസ്ഥാ വ്യതി യാനത്തെ കുറിച്ചുള്ള ഉച്ചകോടിയുടെ പശ്ചാത്തല ത്തിൽ ഇന്ത്യയുടെ നേതൃത്വത്തിൽ നൂറിലേറെ രാജ്യ ങ്ങൾ തമ്മിൽ നടന്ന അന്താരാഷ്ട്ര സൗരോർജ്ജ സഹകരണമാണ്. ഇതിനായി സെക്രട്ടേറിയറ്റ് സ്ഥാപി ക്കുന്നതിന് ഗുർഗാവോണിൽ സ്ഥലവും 300 കോടി ഡോളറും ഇന്ത്യ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇന്ത്യ യിൽ ശുദ്ധമായ ഊർജ്ജം ഉത്പാദിപ്പിക്കുന്നതിന് ആണവ സഹകരണത്തിനും ഒപ്പം വിദേശത്ത് നിന്ന് സ്വാഭാവിക യുറേനിയം വാങ്ങുന്നതിനുമുള്ള നടപ ടികളും പൂർത്തിയായി വരുന്നു.

## പരസ്പര വിശ്വാസത്തിലൂന്നി മെച്ചപ്പെട്ട അന്താരാഷ്ട്ര സഹകരണം

പി-5നു പുറമെ, ദക്ഷിണേഷ്യ, ദക്ഷിണ പൂർവേഷ്യ, മധ്യേഷ്യ, പശ്ചിമേഷ്യ, ഗൾഫ്, ആഫ്രി ക്ക, ഏഷ്യപസഫിക് തുടങ്ങിയവയാണ് ഇന്ത്യ ലക്ഷ്യ മിടുന്ന ആഗോള നയതന്ത്ര മേഖലകൾ. ഐക്യ രാഷ്ട്ര സഭയുടെ ആഗോള ചർച്ചകൾക്കു പുറമേ ആസിയാൻ, ചേരിചേരാ ഉച്ചകോടി (NAM), ജി-20, ബ്രിക്സ്, എസ്സിഒ തുടങ്ങിയ ചെറു സഖ്യങ്ങളിലും ഇന്ത്യ സജീവമാണ്.

2014 മെയ് മാസത്തിൽ പ്രധാനമന്ത്രിയുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ എല്ലാ സാർക്ക് രാജ്യങ്ങ ളിലും നിന്നുമുള്ള രാഷ്ട്രത്തലവന്മാരുടെയും സാന്നിധ്യം ഉറപ്പാക്കാനായത് അയൽരാജ്യങ്ങളുമാ യുള്ള ബന്ധങ്ങളിൽ ഇന്ത്യയുടെ ശുഭകരമായ രാഷ്ട്രീയ നിലപാടുകൾ അടിവരയിട്ട് അടയാളപ്പെ ടുത്തുന്നതിനുള്ള മികച്ച അവസരമായി. പല രാജ്യ ങ്ങളുമായും പിന്നീട് ഔദ്യോഗിക സന്ദർശനങ്ങളി ലൂടെയും അന്താരാഷ്ട്ര സമ്മേളനങ്ങളിലൂടെയും ദൃഢമാക്കിയ ബന്ധങ്ങൾക്ക് തുടക്കമിടാനും അത്

സഹായകമായി. പാകിസ്ഥാനുമായുള്ള ബന്ധത്തിൽ ഇരു രാജ്യങ്ങളും തമ്മിൽ മുടങ്ങിക്കിടന്ന ഉഭയകക്ഷി ചർച്ചകൾ പുനരാരംഭിക്കാനുള്ള ശ്രമം നടന്നു. ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുമായുള്ള നമ്മുടെ ബന്ധങ്ങൾ ഉറച്ചതും മേൽക്കുമേൽ ദൃഢത കൈവരിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള 4096 കിലോമീറ്റർ അതിർത്തി തർക്കം ഇതിനോടകം പരിഹരിച്ചു എന്നു മാത്രമല്ല; അതിർത്തി സംരക്ഷണം, അനധികൃത കുടിയേറ്റ നിയന്ത്രണം, മനുഷ്യ കടത്ത്, കള്ളക്കടത്ത് തുടങ്ങിയവ ഫലപ്രമായി തടയാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. സ്വന്തമായി പൗരത്വമില്ലാതെ, ഇന്ത്യക്കകത്ത് 161 കോളനികളിലായി താമസിച്ചു വന്ന 50000 പേർക്ക് ഇതിനോടകം നിയമപരമായ രേഖകൾ നല്കി. നേപ്പാളുമായുള്ള വിശ്വാസക്കുറവ് ലഘൂകരിച്ചു വരുകയാണ്. ശ്രീലങ്കയും മാലിദ്വീപുമായുള്ള ബന്ധവും ഊഷ്മളമാക്കാൻ ശ്രമിച്ചു വരുന്നുണ്ട്. അഫ്ഗാനിസ്ഥാനുമായുള്ള ബന്ധം കൂടുതൽ ശക്തമാക്കാനായിട്ടുണ്ട്.

**പി – 5:** അമേരിക്ക, ചൈന, ഇംഗ്ലണ്ട്, റഷ്യ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ പ്രധാനമന്ത്രി നടത്തിയ ഔദ്യോഗിക സന്ദർശനങ്ങൾ യുഎൻ സ്ഥിരാംഗ രാജ്യങ്ങളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തമാക്കാനും സഹകരണം ബഹുമുഖമാക്കാനും സഹായിച്ചിട്ടുണ്ട്. ഡിസംബറിൽ പ്രധാനമന്ത്രി നടത്തിയ മോസ്കോ സന്ദർശനത്തിന് പ്രത്യേക പ്രസക്തി ഉണ്ടായിരുന്നു. കാലങ്ങളായി നിലനിൽക്കുന്ന റഷ്യയുമായുള്ള സൗഹൃദം വിട്ട് മെല്ലെ പടിഞ്ഞാറൻ രാജ്യങ്ങളുമായി പ്രത്യേകിച്ച് അമേരിക്കയുമായി ഇന്ത്യ അടുക്കാൻ തുടങ്ങിയ സാഹചര്യത്തിലായിരുന്നു നരേന്ദ്രമോദിയുടെ മോസ്കോ സന്ദർശനം. ഇതുവഴി റഷ്യയുടെ ഉത്ക്കണ്ഠകൾ പരിഹരിക്കാനായി എന്നു മാത്രമല്ല, പരസ്പരവിശ്വാസം പൂർവസ്ഥിതിയിലാക്കാനും സാധിച്ചു.

**പൂർവനയം പ്രവൃത്തിയിൽ:** 1990 കളുടെ ആദ്യം പ്രമാണമാക്കിയ കിഴക്കോട്ട് നോക്കുക എന്ന നയം കിഴക്കിനായി പ്രവർത്തിക്കുക എന്ന നിലയിലേയ്ക്ക് പിന്നീട് ഉയർന്നു. അതിൽ പ്രതിഫലിച്ചത് പുതിയ ബന്ധങ്ങൾ, ആസിയാനുമായുള്ള അടുപ്പം തുടങ്ങിയവയാണ്. ഇതു പ്രകാരം ആസിയാൻ ഇന്ത്യ സയൻസ് ആൻഡ് ടെക്നോളജി ഡവലപ്മെന്റ് ഫണ്ട് നൂറുകോടി ഡോളറിൽ നിന്ന് 500 കോടി ഡോളറായി ഉയർന്നു.

**ദ്വീപുകൾ** : സമുദ്ര സുരക്ഷിതത്വം, കടൽ സമ്പത്ത് എന്നിവയുടെ പശ്ചാത്തലത്തിൽ മാലിദ്വീപുകൾ, ശ്രീലങ്ക, മൗറീഷ്യസ്, സേഷൽസ് തുടങ്ങിയ ദ്വീപു രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ നയതന്ത്ര ബന്ധങ്ങൾക്ക് പുതിയ മാനങ്ങൾ കൈവന്നിട്ടുണ്ട്. മാത്രവുമല്ല ചൈനയുടെ മുത്തുമാല പദ്ധതിക്കുള്ള ഇന്ത്യയുടെ നയതന്ത്ര നടപടിയായും ഇതിനെ കരുതാം.

**പശ്ചിമേഷ്യ, മധ്യേഷ്യ**: ഊർജ്ജ സുരക്ഷിതത്വം, വൻതോതിലുള്ള വിദേശ ഇന്ത്യക്കാരുടെ സാന്നിധ്യം, ഐഎസ്ഐഎസ് പോലുള്ള തീവ്രവാദി സംഘടനകൾക്കെതിരെ സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കുക എന്നിവയുടെ പശ്ചാത്തലത്തിൽ മധ്യേഷ്യ, പശ്ചിമേഷ്യ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ഏറെ പ്രാധാന്യം അർഹിക്കുന്നു. ഈ വർഷം ആദ്യം സൗദി അറേബ്യയിലേയ്ക്കും, 2015 ഓഗസ്റ്റിൽ യുഎഇയിലേയ്ക്കും പ്രധാനമന്ത്രി നടത്തിയ സന്ദർശനങ്ങളിലൂടെ ഉഭയകക്ഷി ബന്ധം ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. യുഎഇ സന്ദർശന വേളയിൽ അതീവ പ്രാധാന്യമുള്ള ഒരു ഉഭയകക്ഷി കരാറിൽ, ഇരു രാജ്യത്തലവന്മാരും ഒപ്പു വച്ചു. സൗദി സന്ദർശനവും നയതന്ത്ര തലത്തിൽ പങ്കാളിത്തം ഉറപ്പാക്കി. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം, ഭീകരതയെ ചെറുക്കാനുള്ള സഹകരണം, ഗൾഫ്, ഇന്ത്യൻ മഹാസമുദ്രം എന്നീ മേഖലകളിലെ സുരക്ഷ, സൈബർ സുരക്ഷ എന്നിവയ്ക്കാണ് കൂടുതൽ ഊന്നൽ. ഭീകരവാദം, കുഴൽപണം, തീവ്രവാദികൾക്ക് ധനസഹായം എന്നിവയുമായി ബന്ധപ്പെട്ട ഇന്റലിജൻസ് വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും ധാരണയായിട്ടുണ്ട്.

**ഇന്ത്യ–ആഫ്രിക്ക സഹകരണവേദി** : 2015 ഒക്ടോബറിന് എല്ലാ ആഫ്രിക്കൻ രാഷ്ട്രങ്ങളുടെയും തലവന്മാർ ആദ്യമായി ന്യൂഡൽഹിയിൽ സമ്മേളിക്കുകയുണ്ടായി. വരും കാലങ്ങളിൽ ഇന്ത്യയും ആഫ്രിക്കൻ രാജ്യങ്ങളും തമ്മിൽ കൂടുതൽ സഹകരിക്കുന്നതിനുള്ള വിഷയങ്ങൾ സമ്മേളനം ചർച്ച ചെയ്തു. 'ഡൽഹി പ്രഖ്യാപനം–2015' എന്ന ഈ രേഖ ഇരു രാജ്യങ്ങളും തമ്മിൽ ഇനി ഉണ്ടാകാൻ പോകുന്ന

പങ്കാളിത്തം, വികസന സഹകരണം എന്നിവ വിളംബരം ചെയ്യുന്നു. ആഫ്രിക്കൻ രാജ്യങ്ങളിലെ വികസന പദ്ധതികൾക്ക് ഇന്ത്യ 100 കോടി ഡോളറിന്റെ വായ്പ ലഭ്യമാക്കും. കൂടാതെ 6000 ലക്ഷം ഡോളർ സഹായ ധനമായും നല്കും. അടുത്ത അഞ്ചു വർഷത്തേയ്ക്ക് ആഫ്രിക്കൻ വിദ്യാർത്ഥികൾക്ക് ഇന്ത്യൻ സർവകലാശാലകളിൽ വിവിധങ്ങളായ 50000 സ്കോളർഷിപ്പുകളും ഏർപ്പെടുത്തും. ആഫ്രിക്കയിൽ ഇന്ത്യയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാനും, ഇപ്പോൾ ചൈന നടത്തുന്ന പ്രവർത്തനങ്ങളെ പ്രതിരോധിക്കാനും ഇവ സഹായകമായേക്കും.

**ബഹുമുഖ ചെറുത്ത് നില്പ്:** ഐക്യരാഷ്ട്ര സഭ, ജി 20, ആസിയാൻ, പശ്ചിമേഷ്യൻ ഉച്ചകോടി,ചേരിചേരാനയം, ബ്രിക്സ്, ഷാങ്ഹായ് സഹകരണ സംഘടന തുടങ്ങിയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ് ഇന്ത്യയുടെ അതിശക്തമായ ആഗോള ചെറുത്ത് നില്പുകൾ. ഇന്ത്യയുടെ അന്താരാഷ്ട്ര നിലപാടുകൾ കൂടുതൽ ഉയരങ്ങളിൽ എത്തിക്കുന്നതിന് ഇത് സഹായകമായിട്ടുണ്ട്. അതിർത്തി കടന്നുള്ള ഭീകരവാദം, ആഗോള ഭരണഘടനാ പരിഷ്കാരം, കാലാവസ്ഥാ വ്യതിയാനം, കടൽ കൊള്ള, സൈബർ കുറ്റകൃത്യങ്ങൾ, ആഗോള വ്യാപാര ചർച്ചകൾ, തുടങ്ങിയ വിഷയങ്ങളിലുള്ള ഇന്ത്യയുടെ വിശ്രമരഹിതമായ പ്രചാരണ പ്രവർത്തനങ്ങൾ ഈ വിഷയങ്ങളിൽ ഒരു ആഗോള സമീപനവും അജണ്ടയും രൂപപ്പെടുത്തുന്നതിൽ വലിയ സ്വാധീനം ചെലുത്തി. ഷാങ്ഹായ് സഹകരണ സംഘത്തിൽ ഇന്ത്യ സ്വീകരിച്ച നിലപാട് അതിലെ നിരീക്ഷക പദവിയിൽ നിന്ന് പൂർണ അംഗത്തിന്റെ സ്ഥാനത്തേയ്ക്ക് ഉയരുവാൻ ഇന്ത്യയെ സഹായിച്ചു. ഏഷ്യ പസഫിക്കിലും ഇത്തരത്തിൽ അംഗത്വം നേടാൻ ഇന്ത്യയ്ക്ക് സാധിച്ചു. ആഗോള ന്യൂക്ലിയർ എക്സ്പോർട്ട് കൺട്രോൾ റെജീം (മിസൈൽ ടെക്നോളജി കൺട്രോൾ റജീം)ൽ ഇന്ത്യയുടെ അംഗത്വത്തിനായി ന്യൂക്ലിയർ സപ്ലൈ ഗ്രൂപ്പ്, ഓസ്ട്രേലിയ ഗ്രൂപ്പ്, വസേനാർ അറേഞ്ച്മെന്റ് എന്നീ സംഘടനകൾ മുമ്പത്തെക്കാൾ കൂടുതൽ ശക്തിയായി വാദിക്കുന്നുണ്ട്. ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ സമിതിയിലും ഇന്ത്യയുടെ സ്ഥിരാംഗത്വത്തിനായി ഇപ്പോൾ വലിയ പിന്തുണയുണ്ട്. അന്താരാഷ്ട്ര ഭീകരവാദം എന്ന വിഷയത്തെ കുറിച്ച് സമഗ്ര സമ്മേളനം നടത്തണം എന്ന് ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ ഇന്ത്യ മുന്നോട്ടു വച്ച നിർദ്ദേശത്തിന് വ്യപകമായ പിന്തുണയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. കോപ്-21 ന്റെ അവസാന രേഖയിൽ ഇന്ത്യയുടെ സംഭാവന ലോകവ്യാപകമായി അംഗീകരിക്കപ്പെട്ടതാണ്. കാലാവസ്ഥാ നീതി എന്ന സങ്കല്പം സംബന്ധിച്ച അന്തിമ രേഖയിൽ കാലാവസ്ഥാ സമ്പദ്‌വ്യവസ്ഥ, സാങ്കേതിക വിദ്യയുടെ കൈമാറ്റം, എന്നിവയ്ക്കായി ഇന്ത്യ നല്കിയ നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റഷ്യൻ നഗരമായ യുഫയിൽ കഴിഞ്ഞ വർഷം ജൂലൈയിൽ നടന്ന ഏഴാം ബ്രിക്സ് ഉച്ചകോടി അന്താരാഷ്ട്ര സഹകരണവുമായി ബന്ധപ്പെട്ട് ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി. ഇതിൽ വ്യവസായ സംരംഭങ്ങൾ, സ്പോർട്സ്, ചലച്ചിത്ര ഉത്സവങ്ങൾ, കൃഷി, ഓഡിറ്റ് തുടങ്ങിവ ഉൾപ്പെടുന്നു. ഇന്ത്യ 10000 കോടി ഡോളർ മൂലധനത്തിൽ ന്യൂ ഡവലപ്മെന്റ് ബാങ്ക് സ്ഥാപിക്കുക എന്ന നിർദ്ദേശമാണ് മുന്നോട്ടുവച്ചത്.

**പരസ്പരം ബന്ധിപ്പിക്കൽ**: പ്രാദേശികമായ ഉന്നമനത്തിനായി നയതന്ത്ര തലത്തിൽ ഇന്ത്യ ചില സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ ചിറ്റഗോങ്, മൊങ്ക്‌ല തുറമുഖങ്ങൾ ഉപയോഗിക്കുന്നതിനുള്ള കരാർ, കൊൽക്കത്ത - ധാക്ക - അഗർത്തല ബസ് സർവീസ്, ഇന്ത്യ - ഭൂട്ടാൻ - ബംഗ്ലാദേശ് - നേപ്പാൾ എന്നീ രാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വാഹന സേവനം എന്നിവ ഉൾപ്പെടുന്നു. ഇന്ത്യയും ആസിയാൻ രാജ്യങ്ങളുമായുള്ള ഡിജിറ്റൽ ശൃംഖലയ്ക്ക് നൂറുകോടി ഡോളറാണ് ഇന്ത്യ വാഗ്ദാനം ചെയ്തിരിക്കുന്നത്. ഇറാനിൽ ചാബഹാർ തുറമുഖം നിർമ്മിക്കാൻ ഇന്ത്യ കരാർ ഒപ്പുവച്ചു കഴിഞ്ഞു. ഇന്ത്യ, ഇറാൻ, മധ്യേഷ്യൻ രാഷ്ട്രങ്ങൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന തെക്കു വടക്കൻ അന്താരാഷ്ട്ര ഇടനാഴി പദ്ധതി നിർമ്മാണവും ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇത് പൂർത്തിയായാൽ, കപ്പൽ, റോഡ് യാത്രയ്ക്ക് ഇന്ത്യ-മ്യാൻമർ- തായ്‌ലൻഡ് വഴിയുള്ള എളുപ്പമാർഗം ഇതായിരിക്കും.

*(അമേരിക്കയിലെ മുൻ ഇന്ത്യൻ അംബാസിഡറും യുഎന്നിലെ ഉപപ്രതിനിധിയുമായിരുന്നു ലേഖകൻ)*

# ഇമ്മ്യൂണൈസേഷൻ: നിലവിലെ സാഹചര്യവും വെല്ലുവിളികളും

ഗോകുൽ.ജി.ആർ. ഐ.എ.എസ്




കുട്ടികളിലെ രോഗാതുരതയും മരണനിരക്കും കുറയ്ക്കാൻ സഹായിക്കുന്ന ഏറ്റവും ഫലപ്രദമായ രോഗപ്രതിരോധ സങ്കേതങ്ങളിൽ ഒന്നാണ് ഇമ്മ്യൂണൈസേഷൻ. ശൈശവകാലത്ത് ബാധിച്ചേക്കാവുന്ന മാരകമായ രോഗങ്ങളിൽ നിന്ന് അത് കുട്ടികളെ രക്ഷിക്കുന്നു. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഓരോ വർഷവും ലോകത്താകമാനം 20 മുതൽ 30 ലക്ഷം വരെ മരണങ്ങളാണ് ഇമ്മ്യൂണൈസേഷനിലൂടെ മാത്രം നമുക്ക് തടയാൻ കഴിയുന്നത്.

ഒരു രോഗം പിടിപെടുംമുൻപേ ആ രോഗത്തെ തടയാനുള്ള ശേഷി വ്യക്തികൾക്ക് പ്രദാനം ചെയ്യുക എന്നതാണ് ഇമ്മ്യൂണൈസേഷന്റെ ലക്ഷ്യം. ശരീരത്തിലെ സ്വാഭാവികമായ രോഗപ്രതിരോധശേഷിയെ തന്നെ ഉപയോഗപ്പെടുത്തികൊണ്ടാണ് ഇത് സാധ്യമാക്കുന്നത്. നമ്മുടെ പതിവ് രോഗപ്രതിരോധ പരിപാടിയുടെ ഭാഗമായി എട്ട് രോഗങ്ങൾക്കെതിരെയാണ് കുട്ടികൾക്ക് ഇപ്പോൾ ഇമ്മ്യൂണൈസേഷൻ നല്കുന്നത്. ഹെപ്പട്ടൈറ്റിസ്-ബി, ക്ഷയം, പോളിയോ, ഡിഫ്ത്തീരിയ, വില്ലൻ ചുമ, ടെറ്റനസ്, മീസിൽസ്, ന്യൂമോണിയ, മംപ്സ് (മുണ്ടിനീര്) ഹീമോഫിലസ് ഇൻഫ്ളുവൻസ റ്റൈപ്പ്-ബി വഴിയുണ്ടാകുന്ന മെനിൻജൈറ്റിസും ന്യൂമോണിയയും തുടങ്ങിയവയാണ് ആ രോഗങ്ങൾ. ഇത് കൂടാതെ തെരഞ്ഞെടുത്ത ജില്ലകളിൽ ജപ്പാൻ ജ്വരത്തിനെതിരെയും, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ല രോഗത്തിനെതിരെയും ഇമ്മ്യൂണൈസേഷൻ നല്കുന്നു. ഇതിനു വേണ്ടി കുത്തിവെയ്പ്പിന്റെയോ തുള്ളിമരുന്നിന്റെയോ രൂപത്തിൽ ഓരോ പ്രായത്തിലും കൃത്യമായ ഇടവേളകളിൽ കുട്ടികൾക്ക് വിവിധ തരം വാക്സിനുകൾ കൊടുക്കുന്നു. ഈ പ്രക്രിയയെ വാക്സിനേഷൻ എന്നാന്ന് വിളിക്കുന്നത്.

## ഇമ്മ്യൂണൈസേഷനും വാക്സിനേഷനും

ഇമ്മ്യൂണൈസേഷൻ, വാക്സിനേഷൻ എന്നീ വാക്കുകൾ ഒരേ അർത്ഥത്തിൽ ഇന്ന് ഉപയോഗിക്കുന്നുണ്ടെങ്കിലും ശാസ്ത്രീയമായി ഇവ രണ്ടും വ്യത്യസ്തമാണ്. കുത്തിവെയ്പ്പായോ, തുള്ളിമരുന്നായോ വാക്സിൻ നല്കുന്നതിനെ മാത്രമാണ് വാക്സിനേഷൻ എന്ന് വിളിക്കുന്നത്. ഇമ്മ്യൂണൈസേഷൻ എന്നത് വാക്സിൻ നല്കുന്നതും അതുവഴി ശരീരത്തിൽ രോഗപ്രതിരോധശേഷി ഉണ്ടാകുന്നതുമായ രണ്ടു പ്രക്രിയകളെ സൂചിപ്പിക്കുന്നു. പുതുക്കിയ രോഗപതിരോധ പട്ടിക പ്രകാരം ഇപ്പോൾ സൗജന്യമായി നൽകുന്ന വാക്സിനുകൾ ഇവയാണ്.

- ഹെപ്പട്ടൈറ്റിസ്-ബി വാക്സിൻ (ടൈപ്പ് ബി മഞ്ഞപ്പിത്തത്തിന് എതിരെ)
- ബി.സി.ജി (ക്ഷയരോഗത്തിനെതിരെ)
- ഒ.പി.വി (പോളിയോ തുള്ളിമരുന്ന്)
- ഐ.പി.വി (പോളിയോ കുത്തിവെയ്പ്പ്)

- പെന്റോ വാലന്റ് വാക്സിൻ (ഡിഫ്ത്തീരിയ, വില്ലൻ ചുമ, ടെറ്റനസ്, ഹെപ്പടൈറ്റിസ്-ബി, ഹീമോഫിലിസ് ഇൻഫ്ളൂവൻസ റ്റൈപ്പ്-ബി)
- മീസിൽസ് വാക്സിൻ
- എം.എം.ആർ (മീസിൽസ്, മംപ്സ്, റുബെല്ല)
- ഡി.പി.റ്റി (ഡിഫ്ത്തീരിയ, വില്ലൻ ചുമ, ടെറ്റനസ്)
- ടി.ടി. (ടെറ്റനസിനെതിരെ)
- ജെ.ഇ വാക്സിൻ (ജപ്പാൻ ജ്വരത്തിനെതിരെ)
- റുബെല്ല വാക്സിൻ (റുബെല്ല വഴിയുണ്ടാകുന്ന കൺജെനനിറ്റൽ റുബെല്ല സിഡ്രോം തടയാൻ)

ഒരു കുട്ടിക്ക് സമ്പൂർണമായ ഇമ്മ്യൂണൈസേഷൻ സാധ്യമാക്കുവാൻ ഈ വാക്സിനുകൾ നിർദ്ദിഷ്ട

**രോഗ പ്രതിരോധ പട്ടിക**

| വയസ്സ് | കൊടുക്കേണ്ട വാക്സിൻ |
|---|---|
| ജനന സമയത്ത് | ഹെപ്പടൈറ്റിസ് ബി (ജനന സമയത്തെ ഡോസ്)<br>ബി.സി.ജി<br>ഒ.പി.വി (സീറോ ഡോസ്) |
| 6 ആഴ്ച | ഒ.പി.വി (ഒന്ന്)<br>ഐ.പി.വി (ഒന്ന്)<br>പെന്റാ വാലന്റ് (ഒന്ന്) |
| 10 ആഴ്ച | ഒ.പി.വി (രണ്ട്)<br>പെന്റാ വാലന്റ് (രണ്ട്) |
| 14 ആഴ്ച | ഒ.പി.വി (മൂന്ന്)<br>ഐ.പി.വി (രണ്ട്)<br>പെന്റാ വാലന്റ് (മൂന്ന്) |
| 9 ആഴ്ച | മീസിൽസ് (ഒന്ന്)<br>ജെ.ഇ (ഒന്ന്)<br>(തെരഞ്ഞെടുത്ത ജില്ലകളിൽ) |
| 16–24 ആഴ്ച്ചകളിൽ | മീസിൽസ് 2 (രണ്ട്)<br>അല്ലെങ്കിൽ എം.എം.ആർ<br>ഡി.പി.ടി (ഒന്നാം ബൂസ്റ്ററർ)<br>ഒ.പി.വി (ബൂസ്റ്ററർ)<br>ജെ.ഇ. രണ്ട്<br>(തെരഞ്ഞെടുത്ത ജില്ലകളിൽ) |
| 5–6 വയസ് | ഡി.പി.ടി (രണ്ടാം ബൂസ്റ്ററർ) |
| 10 വയസ് | ടി.ടി |
| 13–19 വയസ് | റുബെല്ല (പെൺകുട്ടികൾക്ക് ) |
| 16 വയസ് | ടി.ടി |

പ്രായത്തിൽ കൃത്യമായ ഇടവേളകളിൽ നൽകണം. അതിനായി വ്യക്തമായ നിർദ്ദേശങ്ങളടങ്ങിയ ഒരു രോഗപ്രതിരോധപട്ടികയും നമുക്കുണ്ട്. ജനന സമയം മുതൽ പതിനാറ് വയസ്സിനിടയിൽ നല്കേണ്ട വാക്സിനുകളുടെ പേരും സമയവും ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. അഞ്ചു വയസ്സുവരെയുള്ള പ്രായമാണ് ഇതിൽ പ്രധാനം. സമ്പൂർണ്ണ വാക്സിനേഷൻ ലഭിച്ച ഒരു കുട്ടി ഈ പട്ടികയിൽ പറയുന്ന രോഗങ്ങളെ തടഞ്ഞു നിർത്താൻ പ്രാപ്തനായിരിക്കും. മാത്രമല്ല സ്വയം രോഗപ്രതിരോധ ശേഷി നേടുന്നതിലൂടെ സമൂഹത്തിൽ നിന്ന് തന്നെ ഈ രോഗത്തെ അകറ്റി നിർത്തുന്നതിലും വാക്സിൻ പൂർണമായി സീകരിക്കുന്ന വ്യക്തി നിർണായകമായ പങ്കുവഹിക്കുന്നു.

## ഇമ്മ്യൂണൈസേഷന്റെ തത്വം

വാക്സിനേഷന്റെ തത്വം ലളിതമാണ്. ഒരു രോഗം നമ്മെ ബാധിക്കുമ്പോൾ തന്നെ രോഗത്തിന് കാരണമായ രോഗാണുവിനെതിരെ ശരീരത്തിൽ ഒരു പ്രതിവസ്തു അഥവാ ആന്റിബോഡിയുണ്ടാകുന്നു. ഈ പ്രതിവസ്തു ആ രോഗത്തിനെതിരായി ശരീരത്തിന് ഒരു സവിശേഷശക്തി പ്രദാനം ചെയ്യുകയും വീണ്ടും ആ രോഗം നമ്മെ ബാധിക്കാതെ പ്രതിരോധിക്കുകയും ചെയ്യുന്നു. രോഗം ബാധിക്കാതെ തന്നെ ഈ പ്രതിവസ്തുവിനെ നമ്മുടെ ശരീരത്തിൽ സൃഷ്ടിക്കാൻ കഴിയുമോ? അത് സാധ്യമാണ് എന്ന തിരിച്ചറിവാണ് വാക്സിനുകളുടെ കണ്ടുപിടുത്തത്തിലേക്ക് നയിച്ചത്. വാക്സിൻ എന്നാൽ രോഗം ബാധിക്കാതെ തന്നെ രോഗത്തെ കുറിച്ചുള്ള അറിവ് ശരീരത്തിനു നല്കുന്ന ഒന്നാണ്. അത് വീര്യം കുറച്ചെടുത്ത, അല്ലെങ്കിൽ മൃതമാക്കിയ ഒരു രോഗാണുവാകാം. അല്ലെങ്കിൽ രോഗാണുവിന്റെ ഒരു ഭാഗമാവാം. കുത്തിവെയ്പ്പായോ തുള്ളിമരുന്നായോ അത് നല്കുമ്പോൾ, വ്യക്തിയിൽ രോഗമുണ്ടാക്കാതെ തന്നെ പ്രതിവസ്തു ശരീരത്തിൽ നിർമ്മിക്കപ്പെടുന്നു. സമൂഹത്തിൽ രോഗം യാഥാർത്ഥമായി പടർന്നുപിടിക്കുമ്പോൾ ഈ പ്രതിവസ്തു പ്രവർത്തനനിരതമാവുകയും വ്യക്തിയെ രോഗം പിടിപെടാതെ സംരക്ഷിക്കുകയും ചെയ്യുന്നു. 90 ശതമാനംപേർ സമ്പൂർണ്ണമായി വാക്സിനേഷൻ സ്വീകരിച്ച ഒരു സമൂഹത്തിൽ സാമൂഹ്യമായി ഒരു രോഗപ്രതിരോധ ശേഷിയുണ്ടാവുകയും അതുവഴി വാക്സിൻ എടുക്കാൻ കഴിയാതെപോയ ന്യൂനപക്ഷം കൂടി രോഗസം

ക്രമണത്തിൽ നിന്ന് സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.

ദീഘകാലത്തെ ഗവേഷണങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും തികച്ചും സുരക്ഷിതമായ സാങ്കേതിക സംവിധാനം വാക്സിൻ നിർമ്മാണ ത്തിലും വിതരണത്തിലും വികസിപ്പിച്ചെടുക്കാൻ നമുക്ക് ഇതിനകം സാധിച്ചിട്ടുണ്ട്. നിരന്തരം വികസിക്കുന്ന ഒരു മേഖലയാണിത്. നൂതനമായ കണ്ടുപിടുത്തങ്ങളും പരിശ്രമങ്ങളും കൂടുതൽ മികവുള്ള വാക്സിനുകൾ കൂടുതൽ രോഗങ്ങളുടെ നിയന്ത്രണത്തിനും നിർമ്മാർജ്ജനത്തിനും സഹായ കരമായ രീതിയിൽ ലഭ്യമാക്കാൻ നമുക്ക് കഴിയും. പകർച്ചവ്യാധികളുടെ കാര്യത്തിൽ മാത്രമല്ല ചിലതരം കാൻസറുകൾ തടയാൻ പോലും ശേഷിയുള്ള വാക്സിനുകൾ രൂപപ്പെടുത്തി എടുക്കാൻ ശാസ്ത്ര ജ്ഞർക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്. എല്ലാ രോഗങ്ങ ളെയും വാക്സിനേഷൻ കൊണ്ട് മാത്രം തടയാൻ കഴിയും എന്ന് ഇത് അർത്ഥമാക്കുന്നില്ല. ഒരു രോഗബാധ നിരവധി ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ്. രോഗാണുവിന്റെയും രോഗബാധയുടെയും പ്രത്യേകത അനുസരിച്ച് ഏതാണ്ട് ഇരുപത്തിയ ഞ്ചോളം രോഗങ്ങൾക്ക് മാത്രമാണ് വാക്സിൻ വികസിപ്പിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്.

## ചരിത്രപരമായ സവിശേഷതകൾ

വാക്സിനേഷന്റെ ചരിത്രത്തിൽ ഇന്ത്യയിലെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാന ത്തിനു സവിശേഷമായ ഒരു പ്രാധാന്യമുണ്ട്. 1796 ൽ എഡ്വേർഡ് ജെന്നർ ബ്രിട്ടനിൽ വസൂരിക്കെതിരെ യുള്ള ഗോവസൂരി പ്രയോഗം കണ്ടുപിടിച്ചശേഷം പത്ത് വർഷത്തിനുള്ളിൽ തന്നെ അക്കാലത്തെ ആ നൂതനമായ സങ്കേതം നാട്ടുരാജ്യങ്ങളായ തിരുവിതാം കൂറിലും കൊച്ചിയിലും എത്തിച്ചേർന്നിരുന്നു. മത്രമല്ല, വാക്സിൻ നിർമ്മാണത്തിൽ തിരുവിതാംകൂർ സ്വയം പര്യാപ്തത നേടുകയും ചെയ്തു. അക്കാലത്ത് തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങൾക്ക് വേണ്ടിയി രുന്ന വസൂരി, ടൈഫോയ്ഡ്, കോളറ തുടങ്ങിയവ യ്ക്കെതിരെയുള്ള വാക്സിനുകൾ മുഴുവൻ നിർമ്മി ച്ചിരുന്ന ദക്ഷിണേന്ത്യയിലെ തന്നെ പ്രധാനപ്പെട്ട ഒരു വാക്സിൻ നിർമ്മാണശാലയായിരുന്നു തിരുവനന്ത പുരത്ത് ഇന്ന് കാണുന്ന പബ്ലിക് ഹെൽത്ത് ലബോറ ട്ടറി. വാക്സിനേഷൻ രംഗത്തെ ഈ മുൻതൂക്കം സ്വാതന്ത്ര്യലബ്ധിക്കു ശേഷവും കേരളം തുടർന്നു വെന്നു മാത്രമല്ല വിപുലമാക്കുകയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറുകയും ചെയ്തു. പുതിയ വെല്ലുവിളികൾക്കിടയിലും ദേശീയ തലത്തിൽ വാക്സിനേഷൻ നിരക്ക് ഏറ്റവും കൂടുതലുള്ള പ്രദേശങ്ങളിൽ ഒന്നായി കേരളം ഇപ്പോഴും തുടരുന്നു.

വാക്സിനേഷൻ ഇന്ന് കാണും വിധം ക്രമീകരിക്കപ്പെട്ടു തുടങ്ങുന്നത് 1978 മുതലാണ്. ഇ.പി.ഐ എന്നറിയപ്പെട്ടിരുന്ന എക്സ്പാന്റെഡ് പ്രോഗ്രാം ഓൺ ഇമ്മ്യൂണൈസേഷൻ കേന്ദ്ര സർക്കാ രിന്റെ നിർദ്ദേശത്തിൽ കേരളത്തിൽ നടപ്പിലാവുന്നത് അക്കൊല്ലം മുതലാണ്. 1975 ൽ ആരംഭിച്ചിരുന്ന ഗർഭിണികൾക്ക് വേണ്ടിയുള്ള ടെറ്റനസ് വാക്സിൻ ഇ.പി.ഐ.യോടൊപ്പം കൂട്ടിച്ചേർക്കപ്പെട്ടു. 1979–80 കാലഘട്ടത്തിൽ പോളിയോയ്ക്കെതിരെയും ടൈഫോയ്ഡിനെതിരെയുമുള്ള വാക്സിനേഷൻ ഇതോടൊപ്പം നല്കിത്തുടങ്ങി. സ്കൂൾ വിദ്യാർഥി കൾക്ക് വേണ്ടിയുള്ള ടെറ്റനസ് വാക്സിനേഷൻ 1980–81 കാലഘട്ടത്തിൽ ആരംഭിച്ചു. ബി.സി.ജി വാക്സി നേഷൻ ഇതൊടൊപ്പം കൂട്ടിച്ചേർത്തു. മീസിൽസിനെ തിരായ വാക്സിനേഷൻ ആരംഭിക്കുന്നത് 1985–86 ലാണ്.

ഇന്ത്യയിലെ വാക്സിനേഷൻ ചരിത്രത്തിലെ ശ്രദ്ധേയമായ വർഷമായിരുന്നു 1985. യൂണിവേഴ്സൽ ഇമ്മ്യൂണൈസെഷൻ പ്രോഗ്രാം (യുപിഐ) അന്നാണ് ആരംഭിക്കുന്നത്. ഒരു വയസിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും ആറു മാരക രോഗങ്ങൾക്കെതിരായ വാക്സിൻ നല്കുക, ഗർഭിണികളായ എല്ലാ സ്ത്രീകൾക്കും ടെറ്റനസ് വാക്സിൻ ഉറപ്പുവരുത്തുക എന്നിവയായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. 1985-ൽ പാലക്കാട്, ഇടുക്കി ജില്ലകളിൽ ആരംഭിച്ച ഈ പരിപാടി 1988 ൽ കേരളം മുഴുവൻ വ്യാപിപ്പിച്ചു. ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, ബലക്ഷയം, പോളിയോ, മീസിൽസ് എന്നിവയായിരുന്നു യു.പി.ഐ ലക്ഷ്യം വെച്ച ആറു മാരക രോഗങ്ങൾ. പിൽക്കാലത്ത് ഹെപ്പറ്റൈറ്റിസ്ബി, തലച്ചോറിലെയും ശ്വാസകോശത്തിലെയും അണുബാധക്ക് കാരണമായ രോഗാണുവിനെതിരായ വാക്സിനുകൾ എന്നിവ ഇതോടൊപ്പം കൂട്ടിച്ചേർത്തു. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ജപ്പാൻ ജ്വരത്തിനെതിരായ വാക്സിൻ ആരംഭിച്ചു. റുബെല്ല രോഗം

വഴിയുണ്ടാകുന്ന സങ്കീർണ്ണതകൾ ഒഴിവാക്കാനായി 13-19 വയസിനിടയിലുള്ള പെൺകുട്ടികൾക്ക് വാക്സിനേഷൻ നല്കുന്ന പരിപാടിയും ആരംഭിച്ചു.

ഒരോ വർഷവും 26 ദശലക്ഷം നവജാത ശിശുക്കൾക്ക് രോഗപ്രതിരോധ ശക്തി നല്കാനാണ് നമ്മുടെ രാജ്യത്തെ വാക്സിനേഷൻ പ്രോഗ്രാം ലക്ഷ്യം വെയ്ക്കുന്നത്. ഒരു വയസ്സിനും 5 വയസ്സിനും ഇടയിലുള്ള 100 ദശലക്ഷം കുട്ടികൾ വാക്സിനേഷൻ പരിപാടിയുടെ ഗുണഭോക്താക്കളാണ്. മാത്രമല്ല 30 ദശലക്ഷം ഗർഭിണികളായ സ്ത്രീകൾക്ക് ടെറ്റനസ് ബാധയ്ക്കെതിരെ ടി.ടി കുത്തിവെയ്പ്പും നല്കുന്നു. മറ്റൊരു പ്രധാന സവിശേഷത, 89.8 ശതമാനം വാക്സിനേഷൻ പ്രവർത്തനങ്ങളും നിർവഹിക്കുന്നത് സർക്കാർ മേഖലയാണ് എന്നതാണ്. വാക്സിനുകളുടെ ഗുണമേന്മ നിലനിർത്താനായി വിപുലമായ ഒരു ശീതീകരണ ശൃംഖല സർക്കാർ ആശുപത്രികളിൽ സജ്ജീകരിച്ചിരിക്കുന്നു. നിർമ്മാണ ശാലയിൽ നിന്ന് പുറത്ത് കൊണ്ടുവന്ന് ഗുണഭോക്താവിന്റെ അരികിലെത്തും വരെ എല്ലാ വാക്സിനുകളും നിർദ്ദിഷ്ട താപനിലയിൽ സൂക്ഷിക്കാൻ ഈ സംവിധാനം സഹായിക്കുന്നു.

## സ്വിച്ചും ഐ.പി.വിയും

വസൂരി നിർമ്മാർജ്ജനത്തിനു ശേഷം നമ്മുടെ പൊതുജനാരോഗ്യരംഗം കൈവരിക്കാനൊരുങ്ങുന്ന ചരിത്രപരമായ ഒരു നേട്ടമായിരിക്കും പോളിയോ നിർമ്മാർജ്ജനം. ലോകത്ത് ഇന്ന് രണ്ടു രാജ്യങ്ങളിൽ മാത്രമാണ് പോളിയോ അവശേഷിക്കുന്നത്. നമ്മുടെ രാജ്യത്ത് പോളിയോ അവസാനം റിപ്പോർട്ട് ചെയ്തത് 2011 ജനുവരി 13 നാണ്. 2014 മാർച്ച് 27 ന് ഇന്ത്യയെ പോളിയോ വിമുക്തരാജ്യമായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചു. നിരന്തരവും സംഘടിതവുമായ പരിശ്രമത്തിന്റെ പരിണിതഫലമാണിത്. പോളിയോ നിർമ്മാർജ്ജനത്തിന്റെ അവസാനഘട്ട പ്രവർത്തനങ്ങളിലേക്ക് രാജ്യം പ്രവേശിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ രണ്ടു നടപടികളാണ് സ്വിച്ചും ഐ.പി.വിയും.

സ്വിച്ച് (SWITCH) എന്നാൽ പോളിയോ തുള്ളിമരുന്നിൽ ഉണ്ടായ ഒരു മാറ്റമാണ്. നാം 2016 ഏപ്രിൽ 25 നു മുൻപുവരെ നല്കിവന്നിരുന്ന പോളിയോ തുള്ളിമരുന്ന് ട്രൈവാലന്റ് (Trivalent) പോളിയോ തുള്ളിമരുന്നായിരുന്നു. tOPV എന്നു ചുരുക്കപ്പേരിൽ പറയും. പോളിയോ രോഗാണു മൂന്ന് ടൈപ്പുകളായാണ് കാണുന്നത്. ടൈപ്പ് 1, 2, 3. ഈ മൂന്ന് വിഭാഗവുമടങ്ങിയ പോളിയോ തുള്ളിമരുന്നാണ് tOPV. എന്നാൽ ടൈപ്പ് 2 പോളിയോ രോഗാണുവിനെ ലോകത്ത് നിന്ന് പൂർണ്ണമായി നാം നീക്കംചെയ്തിരിക്കുന്നു. പോളിയോ തുള്ളിമരുന്നിൽ ഇനി ടൈപ്പ് 2 ആവശ്യമില്ല. അതിനാൽ ടൈപ്പ് 1, 3 മാത്രമടങ്ങിയ പോളിയോ തുള്ളിമരുന്ന് ഇനി മുതൽ നല്കിയാൽ മതിയാവും. ഇതിനെ നാം ബൈവാലന്റ് (Bivalent) പോളിയോ തുള്ളിമരുന്ന് അഥവാ bOPV എന്ന് വിളിക്കുന്നു. 2016 ഏപ്രിൽ 25നു രാജ്യം മുഴുവൻ tOPVയിൽ നിന്ന് bOPV യിലേക്ക് മാറുകയുണ്ടായി. ഇതിനെയാണ് സ്വിച്ച് എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്പോൾ നാം കുട്ടികൾക്ക് നല്കുന്നത് bOPVയാണ്. ലോകത്ത് നിന്ന് പോളിയോ വൈറസിനെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമാണ് ഇത്. പോളിയോ വാക്സിനിൽ അടങ്ങിയ വീര്യം കുറഞ്ഞ സജീവ വൈറസുകളെ ഘട്ടം ഘട്ടമായി നീക്കം ചെയ്യുകയാണ് നമ്മൾ.

ഇതിന്റെ ഭാഗമായ മറ്റൊരു നടപടിയാണ് ഐ.പി.വി. (Inactivated Polio Vaccine). മൃതമായ പോളിയോ വൈറസ് അടങ്ങിയ വാക്സിൻ ആണിത്. കുത്തിവെയ്പ്പിന്റെ രൂപത്തിൽ നല്കുന്നു. പോളിയോ തുള്ളിമരുന്ന് കുടലിന്റെ പ്രതിരോധശക്തി മെച്ചപ്പെടുത്തി പോളിയോ രോഗത്തെ പ്രതിരോധിക്കാൻ സഹായിക്കുന്നു. പോളിയോ രോഗത്തിനു കാരണമായ വീര്യം കൂടിയ വൈറസിനെ സമൂഹത്തിൽ നിന്ന് തന്നെ നീക്കം ചെയ്യാനും ഇത് സഹായിക്കുന്നു. ഇതു വിജയപ്രദമാകുന്ന സാഹചര്യത്തിൽ പോളിയോ പ്രതിരോധത്തിനായി നാം നല്കുന്നതാണ് ഐ.പി.വി. വികസിത രാജ്യങ്ങൾ ഈ ഘട്ടത്തിൽ നേരത്തെ എത്തികഴിഞ്ഞിരുന്നു. ഇപ്പോൾ നമ്മുടെ രാജ്യവും.

## മിഷൻ ഇന്ദ്രധനുഷ്

രാജ്യത്തെ വാക്സിനേഷൻ നിരക്ക് വർധിപ്പിക്കാനായി 2015ൽ ഭാരത സർക്കാർ ആരംഭിച്ച നൂതനമായ പദ്ധതിയാണ് മിഷൻ ഇന്ദ്രധനുഷ്. അഞ്ചു വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും ഗർഭിണികളായ സ്ത്രീകൾക്കും വാക്സിനേഷൻ നല്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ രാജ്യത്തെ 200 ജില്ലകൾക്കൊപ്പം

പാലക്കാട്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കിയ പരിപാടി രണ്ടാം ഘട്ടത്തിൽ എറണാകുളം, കണ്ണൂർ, കൊല്ലം, കോട്ടയം, കോഴിക്കോട്, എന്നീ ജില്ലകളിലും നടപ്പിലാക്കി. മൂന്നാം ഘട്ടം ഇപ്പോൾ നടന്നു വരുന്നു. താഴത്തട്ടിലെ ആരോഗ്യ പ്രവർത്തകർ വാക്സിനേഷൻ ലഭിക്കാത്ത അതാതിടങ്ങളിലെ കുട്ടികളെ വീട്ടിൽ പോയി കാണുകയും അവരെ വാക്സിനേഷനു വേണ്ടി ബൂത്തുകളിൽ എത്തിക്കുകയും ചെയ്യുന്നു. കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സമൂഹിക വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായാണ് ഇതിനായി പ്രവർത്തിക്കുന്നത്.

## വെല്ലുവിളികളും വസ്തുതകളും

കേരളത്തിൽ പൂർണമായി വാക്സിനേഷൻ ലഭിച്ച കുട്ടികളുടെ നിരക്ക് സംബന്ധിച്ചു 2013 മുതൽ മേയ് 2014 വരെ നടത്തിയ റാപ്പിഡ് സർവ്വേ ഓഫ് ചിൽഡ്രന്റെ ഫലം 83 ശതമാനമാണ്. ഇത് കൂടുതൽ പുരോഗമിക്കേണ്ടതുണ്ട്. 2007-08 ലെ മീസിൽസ് വാക്സിൻ നിരക്ക് 87.9 ശതമാനമാനമായിരുന്നത് ഇപ്പോൾ 93.4 ശതമാനമാണ്. DPT 3ന്റെ നിരക്ക് 88.9 ശതമാനമാണ്. പൂർണ്ണ വാക്സിനേഷൻ എന്ന അവസ്ഥ ഉണ്ടാവാൻ നമുക്ക് തടസമായി നില്ക്കുന്നത് ഈ നിരക്ക് പുരോഗമിക്കത്തക്കതാണ്. DPT എടുക്കാതെ മാറിപ്പോകുന്നവരുടെ നിരക്ക് DPT2ൽ നിന്നും DPT3 വരെയുള്ളവരുടെ കണക്ക് 2007-08 ൽ 7 ശതമാനമായിരുന്നത് 5.5 ആയി കുറഞ്ഞിരിക്കുന്നു. ആന്റി നേറ്റൽ വാക്സിൻ 90 ശതമാനമായിരുന്നത് 91.5 ആയിത്തീർന്നു .

കേരളത്തിന്റെ മാത്രം പ്രത്യേകത സമ്പൂർണ്ണ വാക്സിനേഷൻ ലഭ്യമായവരുടെ എണ്ണം താഴ്ന്ന വരുമാനക്കാരിലാണ് കൂടുതൽ എന്നതാണ്. താഴ്ന്ന വരുമാനക്കാരിൽ 95 ശതമാനം സമ്പൂർണ്ണ വാക്സിനേഷൻ എടുത്തവരാണ്. സാമ്പത്തികമായി മുന്നിലുള്ളവരുടെ നിരക്ക് 78.82 ശതമാനം എന്നതാണ്. അതായത് സാമൂഹ്യസാമ്പത്തിക അവസ്ഥ പുരോഗമിക്കുന്നതിനനുസരിച്ച് വാക്സിനേഷൻ നിരക്ക് കുറയുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ ഉള്ളവരുടെ വാക്സിനേഷൻ നിരക്ക് 90 ശതമാനമാണ്. ഏറ്റവും ആവശ്യമായവർക്ക് വാക്സിൻ ലഭിക്കുന്നു എന്നത് നമ്മുടെ പ്രവർത്തനത്തിന്റെ മികവാണ്. പിന്നോക്ക വിഭാഗങ്ങളിൽ ഇത് 80 ശതമാനമാണ്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽ വാക്സിനേഷൻ പൂർണ്ണമായി എടുക്കാത്തവരുടെ എണ്ണം തീരെ കുറവാണ്. എന്നാൽ പിന്നോക്ക, മുന്നോക്ക വിഭാഗങ്ങളിലാണ് അവരുടെ എണ്ണം കാര്യമായി കാണുന്നത്. ഗ്രാമീണ മേഖലയിൽ വാക്സിനേഷൻ പ്രവർത്തനം ശ്ലാഘനീയമാണ്.

നഗരപ്രദേശങ്ങളിലെ വാക്സിനേഷൻ പ്രവർത്തനം നമുക്ക് ഒരു വെല്ലുവിളിയാണ്. ദേശീയ ആരോഗ്യ ദൗത്യം നഗരാരോഗ്യ പരിപാടിയുടെ ഭാഗമായുള്ള ക്ലിനിക്കുകളും ആരോഗ്യ പ്രവർത്തകരും ഈ അവസ്ഥയ്ക്ക് ഒരു മാറ്റമുണ്ടാക്കും എന്ന് നമുക്ക് പ്രതീക്ഷിക്കാം. അതോടൊപ്പം എല്ലാ മേഖലകളിലെയും സഹകരണവും നവീനമായ ആരോഗ്യ വിദ്യാഭ്യാസ രീതികളും നമുക്ക് സമ്പൂർണ്ണ വാക്സിനേഷൻ എന്ന ലക്ഷ്യം സാധ്യമാക്കാൻ ആവശ്യമാണ്.

*(NRHM കേരളാ സ്റ്റേറ്റ് മിഷൻ ഡയറക്ടറാണ് ലേഖകൻ)*

**വിജ്ഞാനപാത**

## RLV-TD വിജയകരമായി പരീക്ഷിച്ചു

ISRO യുടെ പുനഃരുപയോഗിക്കാവുന്ന വിക്ഷേപണ വാഹനമായ RLV-TDയുടെ പരീക്ഷണ പറക്കൽ 2015 മെയ് 23ന് സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നും വിജയകരമായി പൂർത്തീകരിച്ചു. RLV-TD (Re-usable Launch Vehicle-Technology Demonstrator) എന്ന ഡെൽറ്റാ ചിറകുകളോടു കൂടിയ പേടകത്തിന്റെ ചെറിയ പതിപ്പ് ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്തതാണ്. ഉദ്ദേശം 95 കോടി രൂപ ചെലവുവരുന്ന പദ്ധതി അറുന്നൂറോളം എഞ്ചിനീയർമാരുടെ ശ്രമഫലമായാണ് വിജയകരമായി വിക്ഷേപിക്കാനായത്. ഒരു SUV വാഹനത്തിന്റെ വലിപ്പം വരുന്ന പേടകത്തിന് 6.5 മീറ്റർ നീളവും, 1.75 ടൺ ഭാരവും ഉണ്ട്. RLV-TDയുടെ വിജയകരമായ വിക്ഷേപണത്തോടെ ഉപഗ്രഹവിക്ഷേപണ രംഗത്തെ ഇന്ത്യയുടെ ചിലവ് 10 മടങ്ങെങ്കിലും ലഘൂകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. മുൻ പ്രസിഡന്റ് അബ്ദുൾകലാമിന്റെ സ്മരണാർത്ഥം പേടകത്തിന് RLV 'Kalamyaan' എന്ന് നാമകരണം ചെയ്യുവാനും ആലോചനയുണ്ട്.

# ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഇന്ത്യൻ പശ്ചാത്തലത്തിൽ

ദിശ നവാനി

ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായം പരിശോധിക്കുമ്പോൾ മനസ്സിലാകുന്ന ഒരു കാര്യം വളരെയധികം വിദ്യാർത്ഥികൾ വിദേശത്തേക്ക് ഉന്നത വിദ്യാഭ്യാസത്തിനും ജോലിക്കും വേണ്ടി പോകുകയും അതേസമയം നല്ലൊരു വിഭാഗം കുട്ടികൾക്കും അടിസ്ഥാന വിദ്യാഭ്യാസം പോലും ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഇവിടെയുണ്ട് എന്നാണ്. വിദ്യാർത്ഥികളുടെ ഓർത്തുവയ്ക്കാനുള്ള കഴിവിനു കൂടുതൽ പ്രാധാന്യം നല്കുകയും വൈകാരികമായ കഴിവുകൾക്ക് വേണ്ട ഊന്നൽ കൊടുക്കാതിരിക്കുകയും ചെയ്യുന്ന പഠനസമ്പ്രദായം വിദ്യാഭ്യാസരംഗത്തിനു കനത്ത വെല്ലുവിളിയാണ് എന്നതാണ് മറ്റൊരു കാര്യം. കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിലേക്കായി പല ചിന്താപദ്ധതികളും കാലാകാലങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്. അതുപ്രകാരം, വിദ്യാഭ്യാസത്തിന്റെ സ്വഭാവം എന്നത് ഇന്ത്യൻ വിദ്യാലയങ്ങളുടെ ഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. മറ്റൊന്ന്, കുട്ടികൾക്ക് അതാത് സാമൂഹിക അവസ്ഥകൾക്ക് അനുഗുണമായി വിദ്യാഭ്യാസം നൽകേണ്ടതുണ്ട് എന്നതാണ്. ജാതി, വർഗം, മതം, ഗോത്രം, ലിംഗം തുടങ്ങി വ്യത്യസ്ത വിഭാഗം കുട്ടികളെ പ്രത്യേകം പ്രത്യേകം വിദ്യാലയങ്ങളിൽ വിദ്യ അഭ്യസിപ്പിക്കുന്നത് സാമൂഹിക സാഹചര്യവും കുട്ടികൾക്കായി തെരഞ്ഞെടുക്കുന്ന സ്കൂളുകളും തമ്മിൽ ബന്ധമുണ്ടെന്ന് കാണിക്കുന്നു. ഉയർന്ന സാമൂഹിക സാമ്പത്തിക നിലവാരത്തിലുള്ള കുട്ടികൾക്ക് വേണ്ടി നല്ല അടിസ്ഥാന സൗകര്യങ്ങളും സമർത്ഥരായ അദ്ധ്യാപകരുമുള്ള സ്കൂളുകളുണ്ട്. എന്നാൽ ആവശ്യത്തിനു അടിസ്ഥാന സൗകര്യം പോലും ഇല്ലാത്തതും അയോഗ്യരായ അദ്ധ്യാപകർ പരിശീലിപ്പിക്കുന്നതുമായ സ്കൂളുകളാണ് പിന്നാക്കാവസ്ഥയിലുള്ളവർക്കായി ഉള്ളതെന്ന കാര്യം കാണാതിരിക്കാനാവില്ല.

## ദേശീയ കരിക്കുലം ചട്ടക്കൂട്-2005

ഈ നിയമം സന്ദർഭോചിതവും, ഊർജ്ജസ്വലമായതും അർത്ഥപൂർണ്ണമായതുമായ കരിക്കുലത്തിന്റെ ആവശ്യകത മുന്നോട്ട് വെയ്ക്കുന്നു. ഇത് പ്രകാരം വിദ്യാഭ്യാസനയം കുട്ടികളെ പ്രതിനിധാനം ചെയ്യുന്നതും കുട്ടികൾക്ക് ഭയമില്ലാതെ പഠിക്കാനുള്ള ചുറ്റുപാടും, ബോധനസാഹചര്യവും പ്രദാനം ചെയ്യുന്നതുമാവണം. കാലാകാലങ്ങളായുള്ള ദേശീയ വിദ്യാഭ്യാസ നയങ്ങളും കരിക്കുലം ചട്ടക്കൂടും കുട്ടികളിൽ വിദ്യാഭ്യാസ താല്പര്യം ഉണർത്താനും അവരെ സ്കൂളുകളിൽ നിലനിർത്താനുമുള്ള നമ്മുടെ കരിക്കുലത്തിന്റെയും സ്കൂളുകളുടെയും പരാജയത്തെ തിരിച്ചറിഞ്ഞിട്ടുണ്ട്. കുട്ടികളുടെ വിദ്യാലയാനുഭവങ്ങൾ മെച്ചപ്പെടുത്തുംവിധം വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തണമെന്നും ഓരോ വിദ്യാർത്ഥിയുടേയും സമഗ്ര വികസനത്തിന് ഉതകുന്നതാകണം പഠന പ്രവർത്തനങ്ങളെന്നും സമിതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

## ഗവൺമെന്റിന്റെ സമീപകാല പദ്ധതികൾ

നമ്മുടെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സ്വീകരിച്ച പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസ തലം വരെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നല്കാൻ സർക്കാർ പല പദ്ധതികളും സ്വീകരിച്ചിട്ടുള്ളതായി കാണാം. ഈ പദ്ധതികൾ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായി വെല്ലുവിളികൾ നേരിടുന്ന ചുറ്റുപാടുകളിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ ആവശ്യങ്ങളെ ഏറെക്കുറെ അഭിസംബോധന ചെയ്യുന്നതുമാണ്. ഉദാഹരണത്തിനു 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ അഭിയാൻ' പ്രകാരം വിവിധ തലങ്ങളിലുള്ള വിദ്യാഭ്യാസത്തിനു പെൺകുട്ടികളുടെ സമ്പൂർണ പ്രാധിനിധ്യം ഉറപ്പാക്കിയ സ്കൂൾ മാനേജുമെന്റുകൾക്ക് അവാർഡ് നൽകപ്പെടുന്നു. അതുപോലെ UDAAN എന്നത് പ്രതികൂല സാഹചര്യങ്ങളിൽ ഉള്ള പെൺകുട്ടികൾക്കും, SC/ST, മറ്റു ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവയിലെ വിദ്യാർത്ഥിനികൾക്കും വേണ്ടി CBSE മുന്നോട്ട് വച്ച

പദ്ധതിയാണ്. നോർത്ത് ഈസ്റ്റ് മേഖലയിലെ ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ കണക്കിലെടുത്ത് ആ പ്രദേശത്തെ ജനങ്ങൾക്ക് വേണ്ടി പ്രത്യേകം പദ്ധതികളുണ്ട്. SWAYAM പദ്ധതി പ്രകാരം, കേന്ദ്ര ഗവൺമെന്റ് ഫണ്ടിങ്ങുള്ള IIT, IIM, കേന്ദ്ര സർവകലാശാലകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രൊഫസർമാർ സൗജന്യമായി ഓൺ ലൈൻ ക്ലാസ്സുകൾ നടത്തുന്നുണ്ട്. അതുപോലെ ദേശീയ ഇ-ലൈബ്രറി എന്ന ഓൺലൈൻ പോർട്ടൽ വഴി, വിജ്ഞാനത്തിലേക്കുള്ള വഴി ജനാധിപത്യവല്ക്കരിക്കുകയും, സെൻട്രൽ യൂണിവേഴ്സിറ്റികളിലും, മറ്റു പ്രമുഖ സ്ഥാപനങ്ങളിലും ലഭ്യമായിട്ടുള്ള വിജ്ഞാന ശേഖരം ഡിജിറ്റൽ ഫോർമാറ്റിൽ മറ്റുള്ളവരിലേക്ക് എത്തപ്പെടുകയും ചെയ്യുന്നു. അതുപോലെ, ദേശീയ സ്കോളർഷിപ്പ് പോർട്ടൽ എന്നത് സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിക്കുന്നത് മുതൽ ഗുണഭോക്താവിലേക്കെത്തുന്നതുവരെയുള്ള ദൈർഘ്യമേറിയ പ്രക്രിയകൾ തരണം ചെയ്യാനുള്ള ഏകജാലക പരിഹാരം എന്ന നിലയിലാണ് രൂപം കൊണ്ടിട്ടുള്ളത്. HRD മന്ത്രാലയം വാർഷിക മൂല്യ നിർണ്ണയ സർവേ നടത്താനും (NCERT വഴി) ഒരു പോർട്ടൽ വികസിപ്പിക്കുവാനും, അതു വഴി സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ചു ഒരു ഡാറ്റാബേസ് തയ്യാറാക്കാനും ആലോചിക്കുന്നുണ്ട്.

NCF-2005ന്റെ പൊരുൾ ഉൾക്കൊണ്ട്, ഊഷരമായ സ്കൂൾ വിദ്യാഭാസ ലോകവും പുറത്തുള്ള ചലനാത്മകമായ ചുറ്റുപാടും കണക്കിലെടുത്ത് MHRD-RAA (Rashtriya Avishkar Abhiyan) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സർഗശക്തിയും അന്വേഷണ ത്വരയും, സയൻസിനോടും ഗണിതത്തോടുമുള്ള അഭിവാഞ്ഛയും വളർത്താനുതകുന്നതും സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നതുമായ ഒരു വിദ്യാഭ്യാസ ചട്ടക്കൂട് ഇതുപ്രകാരം ലഭിക്കുന്നു. NCERTയുടെ ഇ-പാഠശാല അധ്യാപന പഠന സാമഗ്രികൾ എല്ലാ സ്കൂൾ കുട്ടികൾക്കും സൗജന്യമായും എളുപ്പത്തിലും ലഭ്യമാക്കാനുള്ള സുതാര്യമായ പദ്ധതിയാണ്.

ഒരുഭാഗത്ത് പല പദ്ധതികൾ വഴി ഗവൺമെന്റ് കുട്ടികളുടെയും യുവാക്കളുടെയും വിദ്യാഭ്യാസത്തിനു പ്രോത്സാഹനം നല്കാൻ ശ്രമിക്കുന്നുവെങ്കിലും നമ്മുടെ ശ്രദ്ധയും വിഭവങ്ങളും സ്കൂൾ കോളേജ് വ്യവസ്ഥകളെ ശക്തിപ്പെടുത്തുന്നതിൽ നിന്നും മാറി മാമൂലുകളെ പിന്തുടരാനും പുരോഗമനത്തെ നിഷേധിക്കാനും വേണ്ടി ഗതിമാറ്റപ്പെടാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്. ഉദാഹരണത്തിനു പല സർവ്വേകളും ചൂണ്ടിക്കാണിക്കുന്നതു പോലെ നമ്മുടെ കുട്ടികളുടെ പഠന നിലവാരം പ്രത്യേകിച്ചും ഗവൺമെന്റ് സ്കൂളുകളിൽ അത്ര മെച്ചപ്പെട്ട നിലയിലല്ലെന്നു കാണാം. ഇതിൽ പല സർവ്വേകളും, കുട്ടികളുടെ എഴുതുവാനും ഗണിതത്തിലുള്ള അടിസ്ഥാന ശേഷിയിലുമാണ് പഠനം നടത്തിയത്. സ്കൂളുകൾ നിർബന്ധമായും പരിശീലിപ്പിക്കേണ്ട കാര്യങ്ങളാണിവ. ഈ അവസ്ഥയിൽ വിദ്യാഭ്യാസ അവകാശ നിയമം-2009 പ്രകാരമുള്ള നിബന്ധനയുടെ (കുട്ടികളെ എട്ടാം തരം വരെ തോല്പിക്കരുത്) വിപര്യയത്തെ ചൂണ്ടിക്കാണിക്കുക എന്നത് പ്രസക്തമാണ്. അതുപോലെ തന്നെ, എല്ലാ അധ്യാപകർക്കും പരിശീലനം ഏർപ്പെടുത്തേണ്ടതാണ്. വ്യത്യസ്തമായ സാമൂഹിക സാംസ്കാരിക ചുറ്റുപാടുകളുള്ള നമ്മുടെ രാജ്യത്ത് സാങ്കേതിക വിദ്യകൾ സാധ്യതകളെ തീർച്ചയായും ശാക്തീകരിക്കും. എന്നിരുന്നാലും ടാബ്ലറ്റ് ഫോൺ, സ്മാർട്ട് ഫോൺ എന്നിവ ടീച്ചർമാർക്കും സ്കൂളുകൾക്കും പകരമായി വരുന്നത് പ്രത്യേകിച്ചും പ്രീപ്രൈമറി തലത്തിൽ വലിയ അപകടങ്ങൾ ഉണ്ടാക്കും എന്നത് വ്സമരിക്കാനാവില്ല.

ഓരോ പദ്ധതിയും തുല്യത, ഗുണം, സാമൂഹികനീതി എന്നിവ മുൻനിർത്തിയുള്ളതാകണം. എല്ലാ പദ്ധതികളും സ്കൂളുകളിൽ നല്ല പരിതസ്ഥിതി ഉണ്ടാക്കാനും കുട്ടികളും അധ്യാപകരും ഒത്തൊരുമിച്ചു പഠന-ബോധന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സഹായിക്കുന്നതുമാകണം. വിദ്യാലയം എന്നത് എല്ലാ സാമൂഹിക ഇടപെടലുകൾക്കും സ്വഭാവ രൂപീകരണത്തിനുമുള്ള അടിസ്ഥാന ഘടകമാണ്. കരിക്കുലം, ബോധനപ്രക്രിയ, മൂല്യ നിർണ്ണയം എന്നിവയിൽ ഒരു നവീകരണത്തിനായി NCF 2005ന്റെ സത്ത ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടതും, വിദ്യാഭ്യാസ അവകാശ നിയമം എന്നതിന് അർത്ഥവത്തായ മാനങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ്.

*(മുംബെയിലെ ടാറ്റാ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ പ്രൊഫസറാണ് ലേഖിക)*



# ആഗോള മാനവശേഷി കേന്ദ്രമാകാൻ ഭാരതം

ഡോ. പി. ഗോപിനാഥൻ പിള്ള

21-ാം നൂറ്റാണ്ടിലെ ഭാരതം മാനവ ശേഷി വികസനത്തിൽ ഏറെ മുൻപന്തിയിലാണ്. ഭാരതത്തിലെ ജനസംഖ്യയുടെ 65 ശതമാനത്തിലധികം തൊഴിൽ ചെയ്യാൻ കഴിയുന്ന പ്രായത്തിൽപ്പെടുന്നവരാണെന്ന് നമ്മുടെ സെൻസസ് വെളിപ്പെടുത്തുന്നു. അതുകൊണ്ടു തന്നെ 21-ാം നൂറ്റാണ്ടിലെ ലോകത്തിന്റെ മാനവ വിഭവശേഷി ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഭാരതത്തിന് നിർണായക പങ്കുവഹിക്കാൻ കഴിയും. അതിന് ഭാരതത്തിലെ യുവാക്കളുടെ കർമ്മശേഷിയും നൈപുണ്യവും വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ യുവാക്കളുടെ തൊഴിൽ സ്വപ്നങ്ങളും തൊഴിൽദായകരുടെ പ്രതീക്ഷകളും ഒരുപോലെ സഫലമാകൂ. നമ്മുടെ യുവാക്കളുടെ കഴിവുകളും മനോഭാവവും നൈപുണ്യവും മെച്ചപ്പെടുത്താനായി കേന്ദ്ര ഗവൺമെന്റ് സമഗ്രമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എല്ലാ മന്ത്രാലയങ്ങളും വകുപ്പുകളും, വ്യവസായ-കോർപ്പറേറ്റ് സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും ഒറ്റക്കെട്ടായി ഇന്ത്യയെ ലോകത്തിന്റെ മാനവ വിഭവശേഷി തലസ്ഥാനമാക്കാൻ അക്ഷീണ പ്രയത്നത്തിലാണ്. ഇതിന് നേതൃത്വം നൽകാൻ കേന്ദ്ര ഗവൺമെന്റ് നൈപുണ്യ വികസനത്തിനും സംരംഭകത്വത്തിനുമായി പുതിയ മന്ത്രാലയം തന്നെ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത വകുപ്പിന്റെ കീഴിൽ ദേശീയ നൈപുണ്യ വികസന കോർപ്പറേഷനും 37 മേഖലാ നൈപുണ്യ കൗൺസിലുകളും 235 പരിശീലന പങ്കാളികളും 3011 പരിശീലനകേന്ദ്രങ്ങളുമായി ഇന്ത്യയിലെ 450 ജില്ലകളിൽ നൈപുണ്യ വികസന സംവിധാനങ്ങൾ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു.

21-ാം നൂറ്റാണ്ടിലെ വിദ്യഭ്യാസം ആജീവനാന്ത വിദ്യാഭ്യാസമാകണമെന്ന് യുനെസ്കോ നിർദ്ദേശിക്കുന്നു. ഇതിനായി യുനെസ്കോ നിയോഗിച്ച കമ്മിഷൻ അതിന്റെ റിപ്പോർട്ട് 'Learning the Treasure within' സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസത്തിന് നാല് പ്രധാന ലക്ഷ്യങ്ങളുണ്ട്. ഒന്ന് തങ്ങൾ പ്രവർത്തിക്കുന്ന മേഖലയെക്കുറിച്ച് പൂർണ്ണമായ അറിവ് നേടിയെടുക്കുക (Acquire knowledge). അതായത് ഓരോ മേഖലയിലും ഉണ്ടാകുന്ന ഏറ്റവും പുതിയ അറിവുകൾ നേടിയെടുക്കുകയും അതിലൂടെ ജീവിതവും തൊഴിലും മെച്ചപ്പെടുത്തുകയും ചെയ്യുക. രണ്ട്, നൈപുണ്യശേഷി വികസിപ്പിക്കുക. നമ്മുടെ തൊഴിൽ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ച്ചവെയ്ക്കാൻ നൈപുണ്യശേഷിയുടെ വികസനം ഏറ്റവും അനിവാര്യമാണ്. മൂന്ന്,

അറിവും കഴിവും നേടി വ്യക്ത്യത്വമുള്ളവരായി മാറുക. നല്ല മനോഭാവങ്ങളും മൂല്യങ്ങളും ഉള്ള ജനത തീർച്ചയായും ഒരു രാജ്യത്തിന്റെ സമ്പത്താണ്. നാല്, ഒരു സമൂഹത്തിൽ ഒറ്റക്കെട്ടായി ജീവിക്കാൻ ആവശ്യമായ കഴിവുകൾ വളർത്തിയെടുക്കുക. തുടർ വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും മുന്തിയ പ്രധാന്യമാണ് യുനെസ്കോ നൽകുന്നത്.

21-ാം നൂറ്റാണ്ടിൽ ഇന്ത്യയെ ലോകത്തിന്റെ മാനവ വിഭവശേഷി കേന്ദ്രമാക്കാൻ കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് നൂതനങ്ങളായ ധാരാളം വിദ്യാഭ്യാസ വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിൽ പ്രധാനപ്പെട്ടവയാണ് പ്രധാനമന്ത്രി കൗശൽ വികാസ് യോജന, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന, സ്വയം (SWAYAM), നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ തുടങ്ങിയവ. പ്രസ്തുത പരിപാടികളിലൂടെ നമ്മുടെ യുവാക്കളുടെ കഴിവും കർമ്മശേഷിയും വികസിപ്പിച്ച് ഇന്ത്യയിലും വിദേശത്തും അവരുടെ അഭിരുചികൾക്ക് അനുസൃതമായ തൊഴിൽ നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കാൻ ഗവണ്മെന്റ് ലക്ഷ്യമിടുന്നു.

## പ്രധാനമന്ത്രി കൗശൽ വികാസ് യോജന

പ്രധാനമന്ത്രി കൗശൽ വികാസ് യോജന കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന ബൃഹത്തായ യുവജന വികസന പദ്ധതിയാണ്. ഇന്ത്യയിലെ 24 ലക്ഷം യുവാക്കൾക്ക് വ്യവസായാധിഷ്ഠിതമായ പരിശീലനം നൽകി സ്വന്തമായി തൊഴിൽ നേടാൻ സഹായിക്കുന്ന പദ്ധതിയാണിത്. പരീശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും സാമ്പത്തിക സഹായവും പദ്ധതിയുടെ ഭാഗമായി ലഭിക്കും. ഇതിനകം 19,71,054 യുവാക്കൾ പദ്ധതിയുടെ ഭാഗമാകുകയും 1938771 പേർ പരിശീലനം വിജയകരമായി പൂർത്തിയാക്കുയും ചെയ്തിട്ടുണ്ട്. 6,11,250 പേർക്ക് പരിശീലന സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. നൈപുണ്യ വികസനത്തിലൂടെ നമ്മുടെ തൊഴിൽ മേഖലയിലെ ഉത്പാദനവും ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

ഇന്ത്യൻ യുവതയുടെ നൈപുണ്യവികസനത്തിലൂടെ മികച്ച തൊഴിൽ നേടാൻ അവരെ സഹായിക്കാൻ പ്രധാനമന്ത്രി കൗശൽ വികാസ് യോജന ഏറെ സഹായകമായിട്ടുണ്ട്. ഏതാണ്ട് 413 തൊഴിലുകളിലാണ് പദ്ധതി പ്രധാനമായും കേന്ദ്രീകരിച്ചിട്ടുള്ളത്. പ്രധാനമന്ത്രി കൗശൽ വികാസ് യോജനയുടെ മറ്റ് ലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ്.

1. ഓരോ വ്യക്തിയുടേയും നൈപുണ്യ നിലവാരം അളക്കുന്നതിനുള്ള ഒരു ഏകീകൃതമാനദണ്ഡം തയ്യാറാക്കുക.

2. യുവതലമുറയെ നൈപുണ്യ പരിശീലനത്തിലേക്ക് ആകർഷിക്കുകയും അതുവഴി തൊഴിൽ കെട്ടിപ്പടുക്കാൻ അവരെ സഹായിക്കുകയും ചെയ്യുക.

3. നമ്മുടെ തൊഴിൽ മേഖലകളിലെ ഉത്പാദനക്ഷമത പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുക.

4. പരിശീലനവും വിദ്യാഭ്യാസവും നമ്മുടെ രാജ്യത്തെ യഥാർത്ഥ ആവശ്യങ്ങളുമായി ബന്ധപ്പെടുത്തുക

5. നൈപുണ്യ പരിശീലനം നേടിയവർക്ക് സാമ്പത്തിക സഹായം നൽകി മെച്ചപ്പെട്ട തൊഴിൽ സാഹചര്യം നേടിയെടുക്കാൻ അവരെ സഹായിക്കുക

6. 1500 കോടി രൂപ ചെലവഴിച്ച് യുവാക്കളുടെ നൈപുണ്യവും കർമ്മ- കാര്യശേഷിയും വികസിപ്പിച്ച് അവരെ ലക്ഷ്യബോധമുള്ളവരാക്കുക.

ഇന്ന് ഇന്ത്യയിലെ വളരെ കുറച്ച് തൊഴിലാളികൾക്ക് മാത്രമേ ഔപചാരിക വിദ്യാഭ്യാസ പരീശീലനങ്ങൾ ലഭ്യമായിട്ടുള്ളൂ. ആയതിനാൽ നമ്മുടെ പല തൊഴിൽ മേഖലകളിലും ശരിയായ പരിശീലനം ലഭിച്ച തൊഴിലാളികൾ ലഭ്യമല്ല. തൊഴിലാളികളുടെ നൈപുണ്യം വേണ്ടത്ര വികസിപ്പിക്കാൻ കഴിയാത്തത് ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന യുവാക്കളും ശരിയായ പരിശീലനവും തൊഴിലും ലഭിക്കാൻ ആഗ്രഹിക്കുന്നവരാണ്. ആയതിനാൽ യുവാക്കളുടെ കഴിവുകൾ വിക

സിപ്പിക്കേണ്ടത് രാജ്യത്തിന്റെ പുരോഗതിയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇത് രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കും നല്ല തൊഴിലും മെച്ചപ്പെട്ട ജീവിതവും നേടാനുള്ള യുവാക്കളുടെ ആശയാഭിലാഷങ്ങളുടെ സാക്ഷാത്കാരത്തിനും അനിവാര്യമാണ്.

ഒരു വർഷം കൊണ്ട് 24 ലക്ഷം യുവാക്കളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിടുന്ന കൗശൽ വികാസ് യോജന വിവിധ സർക്കാർ സ്വകാര്യസ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ നടപ്പാക്കൽ ചുമതല ദേശീയ നൈപുണ്യ വികസന കോർപ്പറേഷനാണ്. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിലാണ് എല്ലാ പരിശീലനങ്ങളും നടത്തുക. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്കുള്ള സാമ്പത്തിക സഹായം പരിശീലനാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടാണ് നൽകുന്നത്. കൗശൽ വികാസ് യോജന പദ്ധതി മറ്റ് പ്രധാന പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ, മേക്ക് ഇൻ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, നാഷണൽ സോളാർ മിഷൻ എന്നിവയുടെ മാനവശേഷി ആവശ്യങ്ങളുമായി ബന്ധപ്പെടുത്തണം എന്ന് പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുണ്ട്. എല്ലാ പരിശീലനങ്ങളിലും സോഫ്റ്റ് സ്കിൽ, വ്യക്തിത്വ വികസനം, തൊഴിൽ മൂല്യങ്ങൾ, ശുചിത്വം, സ്വാഭാവ രൂപീകരണം, നല്ല മനോഭാവം വളർത്തിയെടുക്കൽ എന്നിവയ്ക്ക് മുന്തിയ പ്രാധാന്യം നൽകണമെന്ന് പദ്ധതി നിർദ്ദേശിക്കുന്നു.

## ഗ്രാമീണ കൗശല്യ യോജന

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന മറ്റൊരു പ്രധാനപ്പെട്ട നൈപുണ്യ വികസന പദ്ധതിയാണ്. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ഗ്രാമീണ മേഖലയിൽ 15 നും 35 നും ഇടയിൽ പ്രായമുള്ള 55 മില്യൻ ആളുകൾ തൊഴിൽ നേടാൻ ആഗ്രഹിക്കുന്നവരാണ്. മറ്റൊരുവസ്തുത, 2020 ഓടുകൂടി ലോകത്ത് 57 മില്യൻ തൊഴിലാളികളുടെ കുറവുണ്ടാകുമെന്ന് വിവിധ ഏജൻസികൾ കണക്കാക്കുന്നു. ഇത് ഭാരതത്തിന്റെ മുൻപിൽ സുവർണാവസരമാണ് തുറന്നു നൽകുന്നത്. നമുക്ക് അധികമുള്ള മാനവ വിഭവശേഷി ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഉപയോഗപ്പെടുത്താനും

DDU-GKY
Deen Dayal Upadhyaya
Grameen Kaushalya Yojana
*Empowering India • Powering the World*

അങ്ങനെ ലോകത്തിലെ മാനവ വിഭവശേഷി തലസ്ഥാനമാകാനും നമുക്ക് കഴിയും. ഈ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ ഗ്രാമീണമേഖലയിലെ പാവപ്പെട്ട കുടുംബങ്ങളിലെ യുവാക്കളുടെ നൈപുണ്യവികസനം ലക്ഷ്യമിട്ട് കേന്ദ്രഗ്രാമവികസന മന്ത്രാലയം നടപ്പാക്കുന്ന പദ്ധതിയാണ് ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന.

ഇന്ന് നമ്മുടെ ഗ്രാമീണ മേഖലയിലെ യുവാക്കൾ നേരിടുന്ന പ്രധാന വെല്ലുവിളികളാണ് ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവവും തൊഴിൽ മേഖലകളിൽ ആവശ്യമുള്ള നൈപുണ്യ പരിശീലനം ലഭിക്കാത്തതും. ഈ പ്രശ്നം പരിഹരിക്കാനും ഗ്രാമീണ യുവാക്കൾക്ക് അന്താരാഷ്ട്ര തലത്തിലുള്ള പരിശീലനവും മികച്ച തൊഴിൽ അവസരങ്ങളും പ്രദാനം ചെയ്യാനും ഗ്രാമീണ കൗശല്യ യോജനയ്ക്ക് കഴിയും. മൂന്ന് തലത്തിലുള്ള ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ തലത്തിൽ ഗ്രാമവികസന മന്ത്രാലയം ദേശീയ നയരൂപീകരണം, സാങ്കേതിക സാമ്പത്തിക സഹായം തുടങ്ങിയവ നൽകുന്നു. ഗ്രാമീണ കൗശൽ യോജനയുടെ സംസ്ഥാന യൂണിറ്റുകൾ പദ്ധതിയുടെ സംസ്ഥാനതല നടപ്പാക്കലിന് നേതൃത്വം നൽകും. മൂന്നാമത്തെ തലത്തിൽ, പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസികൾ പദ്ധതി പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിന് നേതൃത്വം നൽകും. പദ്ധതിയുടെ പ്രധാനപ്പെട്ട പ്രത്യേകതകൾ ഇനി പറയുന്നവയാണ്.

1) ഗ്രാമീണമേഖലയിലെ പാവപ്പെട്ട കുടുംബങ്ങളിലെ യുവാക്കൾക്ക് സൗജന്യമായി മികച്ച നൈപുണ്യ പരിശീലനം ലഭിക്കുന്നു.

2) പ്രസ്തുത പദ്ധതിയിൽ പട്ടികജാതി, പട്ടികവർഗ, ന്യൂനപക്ഷ വിഭാഗങ്ങൾ, സ്ത്രീകൾ

എന്നിവർക്ക് മുന്തിയ പ്രാധാന്യം നൽകുന്നു.

3) വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖലക്ക് ആവശ്യമുള്ള നൈപുണ്യ പരിശീലന പരിപാടികൾക്ക് പ്രാധാന്യം നൽകുകയും അതുവഴി വിദേശത്തെ മികച്ച ജോലികൾ നേടിയെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു.

4) പരിശീലനം നേടുന്നവരിൽ 75 ശതമാനം പേർക്കും തൊഴിലവസരങ്ങൾ ഉറപ്പു വരുത്തുന്നു.

5) പ്രാദേശിക മേഖലകളിലെ യുവാക്കളുടെ അഭിരുചികൾക്ക് അനുസൃതമായ തൊഴിൽ നൈപുണ്യ വികാസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു.




ഗ്രാമീണ കൗശല്യ പദ്ധതി പ്രകാരം നൈപുണ്യ വികസന പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പരിശീലനത്തിന്റെ കാലാവധി അനുസരിച്ച് 25000 രൂപ മുതൽ ഒരു ലക്ഷത്തിലധികം വരെ സാമ്പത്തിക സഹായം ലഭിക്കും. പരിശീലനം പ്രാദേശികമായും സംഘടിപ്പിക്കാവുന്നതാണ്. പരിശീലനത്തിന്റെ കാലാവധി 3 മാസം മുതൽ ഒരു വർഷം വരെ ആകാവുന്നതാണ്. പദ്ധതിയനുസരിച്ച് പരിശീലനത്തിന്റെ ചെലവ്, താമസം, യാത്രാചെലവ്, ജോലി നേടിയെടുക്കാനാവശ്യമായ ചെലവ് തുടങ്ങിയവ ഗവൺമെന്റ് വഹിക്കുന്നതാണ്. പരമാവധി തൊഴിൽ ലഭ്യമാക്കുന്ന സ്ഥാപനങ്ങളെയാണ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. 250 ഓളം ട്രെയ്ഡുകൾ പരിശീലനത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. നിർമ്മാണം, ആട്ടോ, ലതർ, വൈദ്യുതി, പ്ലംബിങ്ങ്, ജൂവലറി, ഹോസ്പിറ്റാലിറ്റി, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിൽ പരിശീലനം സംഘടിപ്പിക്കും.

ഈ പദ്ധതി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 610 ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2014 നവംബർ വരെ 19.94 ലക്ഷം ഗ്രാമീണ യുവാക്കൾക്ക് വിവിധ ട്രെയിഡുകളിൽ പരിശീലനം നൽകാനും 8.51 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കാനും പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

### സ്വയം (SWAYAM)

നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ പദ്ധതിയാണ് 'സ്വയം'. പഠിക്കാൻ ആഗ്രഹിക്കുന്ന ആർക്കും അവർക്ക് ഇഷ്ടപ്പെട്ട കോഴ്സ് തിരഞ്ഞെടുത്ത് ഓൺലൈനായി പഠിക്കാൻ അവസരം നൽകുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതി ഇന്ത്യൻ യുവാക്കളിൽ പുത്തൻ പ്രതീക്ഷകൾ ഉണർത്തുന്നതാണ്.

ഈ പദ്ധതി പ്രകാരം നമ്മുടെ യുവാക്കൾക്ക് ഓൺലൈൻ കോഴ്സുകളിൽ സൗജന്യമായി ചേർന്ന് പഠിക്കാവുന്നതാണ്. പ്രാധാന്യമുള്ള എല്ലാ കോഴ്സു സംബന്ധിച്ച വിവരങ്ങളും അതിന്റെ പഠന സഹായികളും ക്ലാസുകളും ഓൺലൈനായി നൽകി യുവാ

ക്കൾക്ക് സ്വയം പഠിക്കാനുള്ള അവസരം ഈ പദ്ധതി നൽകുന്നു. ഇത് സ്കൂളുകളും കോളേജുകളും പ്രൊഫഷണൽ സ്ഥാപനങ്ങളും ഇല്ലാത്ത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും ഏറെ സഹായകരമായിരിക്കും. ഏതാണ്ട് 2000 ത്തോളം കോഴ്സുകൾ സ്വയം വഴി നമ്മുടെ യുവാക്കൾക്ക് നൽകാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

ഓൺലൈൻ പോർട്ടലിലൂടെ നാഷണൽ ഈ ഗവേണൻസ് പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇത് ഇന്ത്യയിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. കോഴ്സുകളുടെ ഡിസൈൻ, പഠനോപകരണങ്ങൾ, സഹായികൾ, അഡ്മിഷൻ, വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ്, സർട്ടിഫിക്കറ്റ് തുടങ്ങിയവയെല്ലാം ഓൺലൈനായി നടപ്പിലാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ

ദേശീയ ഈ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന മറ്റൊരു മികച്ച പദ്ധതിയാണ് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ. ദേശീയ-സംസ്ഥാന തലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എല്ലാ സ്കോളർഷിപ്പ് പദ്ധതികളും ഒറ്റ പോർട്ടലിലേയ്ക്ക് കൊണ്ടുവന്ന് വിദ്യാർത്ഥികൾക്ക് കാലതാമസം കൂടാതെ സ്കോളർഷിപ്പ് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സ്കോളർഷിപ്പിനുള്ള അപേക്ഷ സ്വീകരിക്കുക, പ്രോസസ് ചെയ്യുക, അനുവദിക്കുക, അത് വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുക തുടങ്ങിയ സേവനങ്ങളെല്ലാം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലൂടെ ലഭിക്കും. പദ്ധതിയുടെ പ്രധാനപ്പെട്ട നേട്ടങ്ങൾ ഇനി പറയുന്നവയാണ്.

1) വളരെ ലളിതമായി സ്കോളർഷിപ്പിന് അപേക്ഷിക്കാൻ കഴിയും.

2) എല്ലാ സ്കോളർഷിപ്പുകളെക്കുറിച്ചുമുള്ള വിവരങ്ങൾ ഒരു സ്ഥലത്ത് തന്നെ ലഭ്യമാകും.

3) വിവിധ സ്കോളർഷിപ്പുകൾക്ക് ഒരു അപേക്ഷ മതിയാകും.

4) അപേക്ഷയിൽ വിവരങ്ങൾ നൽകുമ്പോൾ സിസ്റ്റം തന്നെ അനുയോജ്യമായ സ്കോളർഷിപ്പ് ഏതെന്ന് നിർദ്ദേശിക്കും.

5) സ്കോളർഷിപ്പ് അനുവദിക്കുന്നതിലുള്ള ബാഹ്യ ഇടപെടലുകൾ ഇല്ലാതാകും.

6) ഒരാൾക്ക് തന്നെ വിവിധ സ്കോളർഷിപ്പുകൾ ഒരേ സമയം നൽകുന്നത് അവസാനിപ്പിക്കാൻ കഴിയും.

7) നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഒരു ഡേറ്റാ ബാങ്കായി പോർട്ടൽ ഉപയോഗിക്കാവുന്നതാണ്.

8) അപേക്ഷകളുടെ പ്രോസസിംഗ് ലളിതമായി നിർവഹിക്കാൻ കഴിയും.

9) സ്കോളർഷിപ്പുകളുടെ വിതരണം ഫലപ്രദമായി മോണിറ്റർ ചെയ്യാൻ പോർട്ടൽ സഹായകരമാണ്. ഇതിനകം തന്നെ 1140 ബോർഡുകളും യൂണിവേഴ്സിറ്റികളും പോർട്ടലിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്. 1,04,48,629 അപേക്ഷകൾ ഇതിനകം തന്നെ നൽകി കഴിഞ്ഞിട്ടുണ്ട്. ദേശീയതലത്തിൽ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് സ്കീമുകളെ പരിചയപ്പെടുത്തുന്നതിനും ഏറ്റവും പ്രയോജനപ്രദമാണ് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ.

ഇന്ത്യയെ ലോകത്തിന്റെ മാനവശേഷി വികസന തലസ്ഥാനമാക്കാൻ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുത്തൻ വിദ്യാഭ്യാസ പരിപാടികൾ ദീർഘവീക്ഷണത്തോടെയുള്ള കാൽവെയ്പുകളാണ്. എല്ലാവർക്കും മികച്ച വിദ്യാഭ്യാസവും നൈപുണ്യ വികസനവും നൽകുന്നതോടുകൂടി നമ്മുടെ കാർഷിക - വ്യാവസായിക മേഖലകളിലെ ഉത്പാദനത്തിൽ വമ്പിച്ച പുരോഗതി നേടുന്നതിനും യുവാക്കൾക്ക് ഇന്ത്യയിലും വിദേശത്തും മികച്ച തൊഴിൽ ഉറപ്പാക്കുന്നതിനും നമുക്ക് കഴിയും.

*(കേരള സർവകലാശാല സെന്റർ ഫോർ അഡൽട്ട് കണ്ടിന്യൂയിങ് എഡ്യൂക്കേഷനിൽ അസിസ്റ്റന്റ് ഡയറക്ടറാണ് ലേഖകൻ)*



# യോഗ പകരുന്ന ജീവിത ദർശനം

എച്ച് ആർ നാഗേന്ദ്ര

യോഗ എന്ന വാക്ക് സംസ്കൃതത്തിലെ 'യുജ്' എന്ന മൂലരൂപത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതാണ്. യുജ് എന്നാൽ ഒന്നിച്ചുകൂടുൽ, ഐക്യം എന്നൊക്കെയാണ് അർത്ഥം. ഒരു പ്രത്യേക കേന്ദ്രത്തിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്നത് അല്ലെങ്കിൽ തിരിച്ചുവിടുന്നത് എന്നൊക്കെയും ഇതിന് അർത്ഥമുണ്ട്.

യോഗയ്ക്ക് മൂവായിരത്തിലധികം വർഷത്തെ പാരമ്പര്യമുണ്ട്. ആരോഗ്യത്തോടുള്ള സമഗ്ര സമീപനമായിട്ടാണ് പശ്ചാത്യ ലോകം ഇപ്പോൾ യോഗയെ കാണുന്നത്. ആധുനിക ചികിത്സയ്ക്കു പകരമുള്ള ഇതര ചികിത്സാമാർഗമായിട്ടും ആധുനിക ചികിത്സാ സമ്പ്രദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള ചികിത്സാരീതിയായും യോഗയെ ദേശീയ ആരോഗ്യ ഇൻസ്റ്റിറ്റ്യൂട്ടുകൾ കണക്കാക്കുന്നു.

പശ്ചാത്യ ലോകത്ത് യോഗാ പരീശിലനത്തിൽ പൊതുവേ കാണുന്നത് ശരീര വിന്യാസത്തിനും (ഫിസിക്കൽ പോസ്ചർ) ശ്വസനത്തിനും പ്രധാന്യം നൽകുന്ന ഹഠയോഗയും ധ്യാനവുമാണ്. ശരീര വിന്യാസം/ശരീരചലനം (ആസനം), ശ്വസന വിദ്യ തുടങ്ങിയവയിലൂടെ ശരീരത്തിന്റെ പൊതുവായ ശേഷി ഹഠയോഗാ പരിശീലനം വർധിപ്പിക്കുന്നു. ഹഠയോഗയിലെ ശ്വസന വിദ്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ശ്വാസമെടുക്കുന്നതിനുള്ള സമയം വർധിപ്പിക്കൽ, അതു ശ്വാസകോശത്തിനുള്ളിൽ നില നിർത്തൽ, ഉച്ഛ്വാസം എന്നിവയ്ക്കാണ്. ശരീര വിന്യാസവും ആസനങ്ങളും പരിശീലിക്കുമ്പോൾ അവ ശരീരത്തിലെ ഊർജ വിനിമയത്തിലെ തടസങ്ങൾ നീക്കി ഊർജ സംവിധാനത്തെ സമീകൃതമാക്കുന്നു.

യോഗയുടെ തത്വശാസ്ത്രവും അതിന്റെ അനുഷ്ഠാനവും ആദ്യമായി വിവരിച്ചിട്ടുള്ളത് പതഞ്ജലിയുടെ 'യോഗ സൂത്ര'യിലാണ്. യോഗയുടെ ഏറ്റവും ആധികാരിക ഗ്രന്ഥമായി കാണുന്നതും യോഗ സൂത്രയാണ്. ഇന്നു നിരവധിയാളുകൾ യോഗയേയും ആസനങ്ങളേയും (യോഗയുടെ ശാരീരിക പരിശീലനം) ഒന്നായിട്ടാണ് കാണുന്നത്. എന്നാൽ വ്യക്തികൾക്കു സുഖപ്രാപ്തി നൽകുന്നതിനു ഉപയോഗിക്കുന്ന ഉപാധികളിൽ ഒന്നുമാത്രമാണ് ആസനങ്ങൾ.

ഇവ സംബന്ധിച്ച അവബോധത്തിനും അറിവിനുമായി പതഞ്ജലി 'അഷ്ടാംഗ' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഇതിന്റെ അർത്ഥം എട്ട് അംഗങ്ങൾ, എട്ടു അവയവങ്ങൾ അഥവാ എട്ടു ശാഖകൾ എന്നാണ്. അർത്ഥവത്തും ലക്ഷ്യമുള്ളതുമായ ജീവിതത്തിനുവേണ്ട സന്മാർഗികതത്വങ്ങളാണ് അഷ്ടാംഗയിൽ പതഞ്ജലി വിവരിക്കുന്നത്. ധർമനിഷ്ഠയോടെയും നീതിയുക്തമായും ചരിക്കുന്നതിനും സ്വയം അച്ചടക്കം പാലിക്കുന്നതിനുമുള്ള ശാസനകളായി ഇതു വർത്തിക്കുന്നു.

## യോഗാ ചികിത്സയുടെ മാതൃക

യോഗയ്ക്ക് ഇന്നു വളരെയധികം ജനപ്രീതിയുണ്ട്. അതുകൊണ്ടുതന്നെ അസംഖ്യം സ്ഥാപനങ്ങൾ യോഗ പഠിപ്പിക്കുവാനും തുടങ്ങിയിരിക്കുന്നു. എന്നാൽ യോഗ ചികിത്സയ്ക്ക് ഒരു ശാസ്ത്രീയ മാതൃക വികസിപ്പിച്ചുകൊണ്ടു പൊതു മാന ദണ്ഡമുണ്ടാക്കുന്നതിനു യോഗയിൽ കാര്യമായ ശ്രദ്ധ ഇനിയും നൽകിയിട്ടില്ല. അതിനാൽ യോഗയുടെ വിവിധ വശങ്ങളെക്കുറിച്ചു താത്വികമായും പ്രായോഗികമായും ഉള്ള ഗവേഷണങ്ങളിലൂടെ ഇതിനു ശാസ്ത്രീയ സ്വഭാവം സ്ഥാപിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ ശരീരത്തിനു ഈ കാണുന്ന ഭൗതിക

രൂപം മാത്രമല്ല ഉള്ളത്; കാണാത്ത നാലു ശരീരം കൂടി നാം വഹിക്കുന്നുണ്ട്. അതായത് ആകെ നമുക്ക് അഞ്ച് 'ശരീരം' അല്ലെങ്കിൽ 'കോശ'ങ്ങളുണ്ട്.

1. **അന്നമയ കോശം (ഭൗതിക ശരീരം)**
2. **പ്രാണമയ കോശം (ശരീര ഊർജം)**
3. **മനോമയ കോശം (മാനസിക ദേഹം അഥവാ സൂക്ഷ്മ ദേഹം)**
4. **വിജ്ഞാനമയ കോശം (ബൗദ്ധിക ദേഹം)**
5. **ആനന്ദമയ കോശം (പരമാനന്ദ ദേഹം)**

നമ്മുടെ പ്രവൃത്തികളും (കർമങ്ങൾ) ഓർമകളും അനുഭവങ്ങളും ( സംസ്കാരം) ശരീരത്തിലാണ് ശേഖരിച്ചു വച്ചിട്ടുള്ളത്. വ്യക്തിയുടെ ജീവാത്മാവും സാർവത്രിക ജീവാത്മാവും തമ്മിലുള്ള വിഭജനമാണ് അവ സൃഷ്ടിക്കുന്നത്.

അതുകൊണ്ടുതന്നെ സ്വാതന്ത്ര്യം (മോക്ഷം) എന്നതിന്റെ അർത്ഥം ശരീരത്തിന്റെ (കോശം) പരിമിതികളിൽനിന്ന് അവയെ മോചിപ്പിക്കുകയെന്നാണ്. ഇതിനായി ഒരുമിച്ചു പോകണമെന്നു നാം ആഗ്രഹിക്കുന്ന ചില ഗുണങ്ങൾ വളർത്തിയെടുക്കുകയെന്നതാണ്. ഭൗതിക ശരീരത്തിന്റെ കെട്ടുപാടുകളിൽ നിന്നു നാം സ്വതന്ത്രമാകുന്നതുവരെ, നാം നമ്മുടെ വ്യക്തിഗത അഹംഭാവത്തിൽ ഒട്ടിപ്പിടിച്ചു കിടക്കുകയും 'ഞാൻ' എന്ന ഭാവത്തോടു ചേർന്നു നില്ക്കുകയും ചെയ്യുന്നു. ആ കാലത്തോളം, നമുക്കു അനശ്വരതയിൽ എത്തിച്ചേരാനാവില്ല. മറിച്ച് ഭൂമിയിൽ നിലനിൽക്കണമെങ്കിൽ നേരത്തെ പറഞ്ഞ അഞ്ചു ദേഹങ്ങൾ നമുക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. അവയില്ലാതെ നമുക്ക് ഇവിടെ നിലനിൽപ്പില്ല. ഈ അഞ്ചു ദേഹങ്ങളെ മറികടക്കുകയെന്നതും അവയിൽനിന്നു വിരക്തിനേടുകയെന്നതും മുഖ്യമായ മാനസിക ശുദ്ധീകരണ, വികസന പ്രക്രിയകളാണ്.

**അന്നമയ കോശം:** ഇതു നമ്മുടെ ഭൗതികശരീരമാണ്. നാം കഴിക്കുന്ന ഭക്ഷണവും നമ്മുടെ പരിസ്ഥിതിതിയും സമൂഹവും അതിനെ സ്വാധീനിക്കുന്നു. അതുകൊണ്ടുതന്നെ മനുഷ്യർ തമ്മിലുള്ള യഥാർത്ഥവും അന്യോന്യം പ്രയോജനപ്രദവുമായ പരസ്പരപ്രവർത്തനങ്ങൾ എത്ര പ്രധാനപ്പെട്ടതാണെന്നു യോഗ പഠിപ്പിക്കുന്നു. മാത്രവുമല്ല, നമ്മുടെ ശാരീരികവും മാനസികവുമായ വികാസത്തിനു ആരോഗ്യകരമായ സ്വാത്വിക ഭക്ഷണവും ആവശ്യമാണെന്നു യോഗ പഠിപ്പിക്കുന്നു.

മാംസം, ലഹരി, മരുന്ന് തുടങ്ങിയവയുടെ ഉപയോഗം നമ്മുടെ ഓജസിനെ പ്രതികൂലമായി ബാധിക്കുകയും നമ്മളിൽ നിഷേധ അനുചലനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ആരോഗ്യകരമായ പാൽ- സസ്യഭക്ഷണം നമ്മുടെ ശരീരത്തിനു ഏറ്റവും അനുകൂലമായ വിധത്തിൽ പുഷ്ടി നല്കുന്നു.

**പ്രാണമയ കോശം:** പ്രാപഞ്ചിക ഊർജത്തിന്റെ സൂക്ഷ്മ കവചമാണിത്. പ്രാണൻ എന്നു ഇതിനെ വിളിക്കുന്നു. ഇതു ഭൗതിക ശരീരത്തിനുള്ളിൽ നിലനിൽക്കുകയും ഒപ്പം ശരീരത്തെ വലയം ചെയ്യുകയും ചെയ്യുന്നു. നമ്മുടെ ശരീരത്തിൽനിന്നുവരുന്ന പ്രാണൻ നമുക്കു ചുറ്റും തേജസ് സൃഷ്ടിക്കുന്നു. നമ്മുടെ ശരീരത്തിൽ നിന്നു വരുന്ന പ്രഭയാണിത്.

നിഗൂഢമായ ഒന്നാണ് പ്രാണൻ. അതു ഭക്ഷണവും വെള്ളവുംപോലെതന്നെ ശരീരത്തിനു ഏറ്റവും ആവശ്യവുമാണ്. ഓരോ ശ്വാസത്തിലും നാം ഓക്സിജൻ മാത്രമല്ല പ്രാണനും ആഗികരണം ചെയ്യുന്നു. എല്ലാ ഭക്ഷണവും നമുക്കു പോഷകവസ്തുക്കൾ മാത്രമല്ല പ്രാണനും നൽകുന്നുണ്ട്. നമുക്കു ലഭിക്കുന്ന പ്രാണന്റെ ഗുണമേന്മയെ ബാഹ്യമായ ഘടകങ്ങൾ സ്വാധീനിക്കുന്നു; നമ്മുടെ ചിന്തകളും വികാരങ്ങളും സ്വാധീനിക്കുന്നു. ആത്യന്തികമായി അതു നമ്മുടെ ശരീരത്തെ സ്വാധീനിക്കുന്നു.

**മനോമയ കോശം:** ഇതു നമ്മുടെ മാസസികോർജ കവചമാണ്. പ്രാണമയ കോശത്തേക്കാൾ ശക്തവും വിശാലവുമാണിത്. മനസിനും ചിന്തകൾക്കും എവിടെയും ഏതു സമയത്തും എത്തുവാൻ സാധിക്കും. അതുകൊണ്ടുതന്നെ ചിന്തകളെ നിയന്ത്രിക്കുക ദുഷ്കരമാണ്. നിയന്ത്രണമില്ലാത്ത വേഗത്തിലേക്കിതു മനസിനെ കൊണ്ടുവരുന്നു; നമ്മിൽ വൈകാരിക വേലിയേറ്റങ്ങൾ സൃഷ്ടിക്കുന്നു. അവസാനം അതു പിരിമുറുക്കത്തിലേക്കു നമ്മെ നയിക്കുന്നു. ഇതിനെ നാം ആധി എന്നു വിളിക്കുന്നു. ഇതു നമ്മുടെ ശരീരത്തിലൂടെ കടന്നുപോകുമ്പോൾ പ്രാണമയ കോശത്തിനുണ്ടാകുന്ന അസന്തുലിതാവസ്ഥയിലൂടെ അതു വ്യാധിയായി മാറുന്നു.

മനസിനെ നിയന്ത്രണത്തിലാക്കുന്നതിലൂടെ മാത്രമേ നമുക്കു ഇത്തരം പിരിമുറുക്കങ്ങളേയും രോഗങ്ങളേയും അവസ്ഥകളേയും നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ സാധിക്കുകയുള്ളു. മനസിന്റെ നിയന്ത്രണം ആർജിക്കുവാനുള്ള ഏറ്റവും നല്ല വഴി,

നല്ല ചിന്തകൾ വളർത്തിയെടുക്കുകയെന്നതാണ്. അതുവഴി മനസിനെ സാന്ത്വനിപ്പിക്കുവാൻ സാധിക്കുന്നു. മനസ് നിശബ്ദമാകുകയും സമാധാനം കൈവരിക്കുകയും ചെയ്യുന്നു. യമ,നിയമങ്ങൾ പാലിക്കുന്നതുവഴി അറിവും പ്രാർഥനയും നാം ആർജിക്കുന്നു. മന്ത്രങ്ങൾ പരിശീലിക്കുന്നതുവഴി നാം നമ്മുടെ കർമങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

**വിജ്ഞാനമയ കോശം:** ശരീരത്തിന്റെ ബൗദ്ധികഭാഗമാണിത്. ഇതു വ്യക്തികളിൽ വാസ്തവികമോ നിഷേധാത്മകമോ അടിസ്ഥാനമായിട്ടാകാം കുടികൊള്ളുന്നത്. നമ്മുടെ സമൂഹത്തെ ആശ്രയിച്ചിരിക്കുന്ന കാര്യമാണിത്. നമ്മുടെ അന്തരീക്ഷത്തിൽനിന്നു നാം ഉൾക്കൊള്ളുകയും ഇന്ദ്രിയങ്ങളിൽ പതിപ്പിച്ചിടുന്നതുമായി സൂചനകളെ ആശ്രയിച്ചിരിക്കുന്ന കാര്യമാണിത്. അനുഭവങ്ങൾ, ജീവിതത്തിൽ കിട്ടുന്ന വിദ്യാഭ്യാസം, വളരുന്ന ചുറ്റുപാട് തുടങ്ങി എല്ലാറ്റിലൂടെയുമാണ് ബുദ്ധി രൂപപ്പെടുന്നത്.

എന്നിരുന്നാലും ബുദ്ധി എപ്പോഴും നമ്മുടെ ഏറ്റവും മികച്ച ഉപദേശകനാകണമെന്നില്ല. പലപ്പോഴും ബുദ്ധി സത്യത്തിനു നേരെ ചെവി കൊട്ടിയടയ്ക്കാറുണ്ട്. നമ്മുടെ ആഗ്രഹങ്ങൾക്കനുസരിച്ച്, അഹങ്കാരത്തോടെ കാര്യങ്ങളെ നോക്കിക്കാണാറുണ്ട്. ബുദ്ധി വളരെ പ്രയോജനകരമായ ഒരു ഉപാധിയാണെന്നതിൽ സംശയമില്ല. ഒപ്പം വലിയ തടസം സൃഷ്ടിക്കുന്ന വസ്തുവും കൂടിയാണ്. അതുകൊണ്ടാണ് നാം എപ്പോഴും ബുദ്ധിയും വിവേകവും കൂടി ഒരുമിച്ച് ഉപയോഗിക്കുന്നത്.

**ആനന്ദമയ കോശം:** ആനന്ദപാരവശ്യത്തിന്റെ ശരീരമാണിത്. മറ്റു നാലു 'ശരീര'ങ്ങൾ ഉയർന്നുവന്നിട്ടുള്ളത് ഈ ആവരണത്തിൽ നിന്നാണ്. അവയുടെ വേരുകൾ ഈ കോശത്തിലാണ്. അതുകൊണ്ടാണ് നമ്മുടെ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനുള്ള അഭിവാഞ്ജയും സമാശ്വാസവും സന്തോഷവുമൊക്കെ നമുക്കു ശക്തമായ പ്രചോദനമാകുന്നത്. നമ്മുടെ ഉള്ളിൽതന്നെയുള്ള തീരുമാനശക്തിയാണിത്.

നീണ്ടുനിൽക്കുന്ന സംതൃപ്താവസ്ഥയും അനന്തമായ ആനന്ദവും നമ്മോടൊപ്പം മാത്രമേ സംഭരിച്ചുവയ്ക്കപ്പെടുന്നുള്ളു. മറ്റു സന്തോഷങ്ങളെല്ലാം പരിമിതവും ക്ഷണഭംഗുരവുമാണ്. 'ആനന്ദമയ ദേഹ'ത്തിൽനിന്നു മുക്തി നേടുവാൻ മനീഷയിലൂടെ മാത്രമേ സാധിക്കുകയുള്ളു. ഭക്തി നമ്മെ ഈ ലക്ഷ്യത്തിലേക്കു വളരെ അടുപ്പിക്കുന്നു. എന്നാൽ അവസാനത്തെ ചുവടു വയ്ക്കുന്നതു സത്യത്തെക്കുറിച്ചുള്ള അറിവിലൂടെ മാത്രമേ സാധിക്കുകയുള്ളു. എങ്കിൽ മാത്രമേ നമുക്കു മോക്ഷം (പൂർണ സ്വാതന്ത്ര്യം) ആർജിക്കുവാൻ സാധിക്കുകയുള്ളു.

പിരിമുറുക്കം കുറയ്ക്കാനുള്ള ഒരു രീതിയെന്നതിനേക്കാൾ വളരെ ഉയരെയാണ് യോഗയുടെ സ്ഥാനം. പിരിമുറുക്കം ആരോഗ്യസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. പിരിമുറുക്കത്തിനെതിരെ ഇതുവരെ കണ്ടുപിടിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ഫലപ്രദവും ശക്തവുമായ രീതിയായിട്ടാണ് യോഗയെ കണക്കാക്കുന്നത്. 'പിരിമുറക്കരോഗങ്ങൾ' എന്നു സാധാരണയായി പറയുന്ന ചെന്നിക്കുത്ത്, അൾസർ, ഉദരപ്രശ്നങ്ങൾ തുടങ്ങിയവയിൽ മാത്രമല്ല പിരിമുറുക്കം ഒരു ഘടകമായിരിക്കുന്നത്. മറിച്ച് ഹൃദ്രോഗം, പ്രമേഹം, അസ്ഥിരോഗം തുടങ്ങിയ മരണകാരണ രോഗങ്ങൾക്കും പിരിമുറുക്കം ഒരു പ്രധാന കാരണമാകുന്നുവെന്നതാണു വസ്തുത.

സമഗ്ര സമ്മർദ്ദ നിയന്ത്രണ സങ്കേതമെന്ന നിലയിൽ യോഗയെ പരിപൂരക ഇതര മരുന്നുകളുടെ (കോംപ്ലിമെന്ററി ആൻഡ് ഓൾട്ടർനേറ്റീവ് മെഡിസിൻ) ഭാഗമായിട്ടാണ് കണക്കാക്കുന്നത്. പിരിമുറുക്കും കുറയ്ക്കുന്നതിനു സഹായകമായ ശരീരശാസ്ത്രനുസാരമായ നിരവധി ഫലങ്ങൾ യോഗ ശരീരത്തിൽ സൃഷ്ടിക്കുന്നു. അടുത്തകാലത്ത് യോഗയെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ ഗണ്യമായി വർധിച്ചിട്ടുണ്ട്. യോഗയുടെ ചികിത്സാ ഫലങ്ങളും ഗുണങ്ങളും വിലയിരുത്തുവാൻ നിരവധി ക്ലിനിക്കൽ ട്രയലുകളും നടത്തിവരുന്നുണ്ട്.

യോഗ മാതൃകയിലുള്ള ചികിത്സയിൽ ശാസ്ത്രീയ സമീപനത്തോടെ മാത്രമല്ല മനുഷ്യശരീര സംവിധാനത്തെ പൂർണ കാഴ്ചപ്പാടോടെയാണ് സമീപിക്കുന്നത്. ശരീരത്തിൽ പ്രാണന്റെ (ഓജസ് അഥവാ ജീവശക്തി) പങ്കിനെക്കുറിച്ചുള്ള സമഗ്ര അറിവ് ഏറ്റവും അത്യാവശ്യമാണ്.

യോഗ ശാസ്ത്രമനുസരിച്ച് രോഗത്തിന്റെ കാരണം ആധിയും പ്രാണനിലുണ്ടാകുന്ന ന്യൂനതകളുമാണ്.

രോഗത്തെ പ്രധാനമായും രണ്ടായാണ് യോഗ ശാസ്ത്രം തിരിച്ചിട്ടുള്ളത്.

1. വിവിധ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന രോഗങ്ങൾ.

2. പ്രാരാബ്ധ കർമങ്ങൾകൊണ്ടുണ്ടാകുന്ന (അധിദൃജി വ്യാധി) രോഗങ്ങൾ

ഈ രണ്ടു സന്ദർഭങ്ങളിലും രോഗഹേതു പ്രാണന്റെ ഒഴുക്കിനുണ്ടായ വിഘ്നമാണ്. അല്ലെങ്കിൽ ശരീരത്തിലെ പ്രാണന്റെ അവസ്ഥയെ ദുർബലപ്പെടുത്തിയതാണ്. ഇവ രണ്ടും ഭേദപ്പെടുത്തുന്ന രീതി വ്യത്യസ്തമാണ്. പ്രാണനിലെ ന്യൂനത പരിഹരിക്കുന്നതിന് അല്ലെങ്കിൽ മെച്ചപ്പെടുത്തുന്നതിന് യോഗ ചികിത്സ, ജീവിത രീതി, ജീവിതത്തോടുള്ള കാഴ്ചപ്പാട് എന്നിവയ്ക്ക് മുഖ്യ പങ്കുവഹിക്കാനുണ്ട്.

പ്രാണന്റെ സംരക്ഷണവും അതുപോലെ തന്നെ നില മെച്ചപ്പെടുത്തലും ആരോഗ്യകരമായ ദീർഘകാല ജീവിതത്തിന് ഏറ്റവും ആവശ്യമാണ്. യോഗയുടെ പ്രാഥമിക ഊന്നൽ ആരോഗ്യസംരക്ഷണത്തിനാണ്. യോഗിക് ജീവിത രീതിയോടുള്ള അവഗണനയാണ് രോഗങ്ങളുടെ അടിസ്ഥാനഹേതുവെന്ന് യോഗ വിദഗ്ധർ വിശ്വസിക്കുന്നു.

യോഗിക് ജീവിതരീതിയോടു ചേർന്നുള്ള നിഷ്ഠ പാലിച്ചുപോരുകയാണെങ്കിൽ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന രോഗങ്ങളിൽനിന്നുള്ള പൂർണ സ്വാതന്ത്ര്യം സാധ്യമാണ്. പ്രവൃത്തിയുടെ ഫലമായുണ്ടാകുന്ന രോഗങ്ങൾക്കു പരിഹാരം കാണുവാൻ യോഗിക് സങ്കേതങ്ങൾക്കു കഴിയും. അതായത് എല്ലാവർക്കും രോഗരഹിതമായ, ആരോഗ്യകരമായ ജിവീതമാണ് യോഗ വാഗ്ദാനം ചെയ്യുന്നത്. സ്വന്തം ശരീരത്തിനുള്ളിലുള്ള പ്രാണൻ ഫലപ്രദമായി ഉപയോഗിക്കാതെയിരിക്കുകയും പിന്നീട് ഇതിന്റെ ന്യൂനത കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളിൽ പരിതപിക്കുകയും ചെയ്യുന്ന മനുഷ്യന്റെ രീതികളെ വിസ്മയത്തോടെ മാത്രമേ കാണാനാകൂ.

ആന്തരിക ജീവിതവും ബാഹ്യജീവിതവും സമീകൃതമായി കൊണ്ടുപോകുവാനുള്ള പദ്ധതി യോഗിക് ജീവിതരീതിയിലുണ്ട്. ജീവിതം നല്ല രീതിയിൽ സമതുലിതമായായാൽ മനുഷ്യന്റെ ശേഷിയും വൈദഗ്ധ്യവും ജീവിതവിജയവുമെല്ലാം സ്വമേധയാ വികസിച്ചുകൊണ്ടിരിക്കും. ശരിയായ ജീവിതരീതിയുടെ സ്വാഭാവിക ഫലമാണ് തടസമില്ലാതെയുള്ള പ്രാണന്റെ ഒഴുക്ക്. രോഗമുക്ത ജീവിതത്തിനുള്ള സുവർണതത്വമാണ് യോഗിക് ജീവിതരീതി എന്നു പറയുമ്പോൾ അത് അതിശയോക്തിയല്ല. യോഗിക് ജീവിതരീതിയുടെ അഭാവത്തിൽ രോഗം സാധാരണമാണ്. ആസനം, പ്രാണയാമം, ബന്ധം, മുദ്ര, മറ്റു യോഗ ക്രിയകൾ എന്നിവ പ്രാണന്റെ ഒഴുക്കിലെ തടസങ്ങൾ നീക്കിക്കളയുകയും ജീവിതത്തെ കൂടുതൽ ആരോഗ്യപൂർണമാക്കുകയും ചെയ്യുന്നു. യോഗ ചികിത്സാരീതിയിൽ ജീവിതത്തെക്കുറിച്ചുള്ള യോഗിക് കാഴ്ചപ്പാട് വളരെ പ്രധാനപ്പെട്ടതാണ്. മനുഷ്യരാശി നേരിടുന്ന നല്ലൊരു പങ്കു രോഗങ്ങളും പിരിമുറക്ക സ്വഭാവമുള്ളതാണെന്നു ലോകത്തെ ശാസ്ത്രജ്ഞന്മാരിൽ നല്ലൊരു പങ്കും ഏകമനസോടെ സമ്മതിക്കുന്നു.

ജീവിതത്തെക്കുറിച്ചു ശരിയായ കാഴ്ചപ്പാടില്ലാത്തതിന്റെ ഫലമായി മാനസിക പ്രശ്നങ്ങൾ ഉയർന്നുവരുന്നു. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള വിശ്വാസങ്ങളും ബോധ്യങ്ങളും ലക്ഷ്യങ്ങളുമൊക്കെ ശരിയാണെങ്കിൽ, ജീവിതത്തെക്കുറിച്ചു ശരിയായതും സമതുലിതമായ കാഴ്ചപ്പാടുണ്ടെങ്കിൽ, നാം നമ്മുടെ ജീവോർജം ശരിയായ വിധത്തിൽ ഉപയോഗിക്കുകയാണെങ്കിൽ നമുക്ക് ഈ മാനസിക സമ്മർദ്ദങ്ങളും ഉത്ക്കണ്ഠകളും ആകുലതകളുമൊക്കെ ഒഴിവാക്കാൻ സാധിക്കും.

സമഗ്രമായ ജീവിതത്തിനുള്ള ശാസ്ത്രമാണ് യോഗ. രോഗം നിർണയിച്ചശേഷം ഇതു ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നുവെന്നു മാത്രമല്ല പകരം ചികിത്സയായി ഉപയോഗപ്പെടുത്താനും സാധിക്കുന്നു. ശസ്ത്രക്രിയ, റേഡിയേഷൻ, കീമോതെറാപ്പി തുടങ്ങിയവയുടെ പാർശ്വഫലങ്ങൾ കുറയ്ക്കാനും ഇത് സഹായിക്കുന്നു.

യോഗയിലൂടെ ശരീരത്തിന്റെ ശക്തി, വഴക്കം, പ്രതിരോധശേഷി,സമതുലിതശേഷി തുടങ്ങിയവ വർധിക്കുന്നതായാണ് കാണുന്നത്. മാത്രവുമല്ല, രക്തസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവ കുറയ്ക്കുകയും മാനസികാവസ്ഥയും മെച്ചപ്പെടുത്തുകയും ചെയ്യുന്നു. യോഗയുടെ ഏറ്റവും വലിയ പ്രയോജനങ്ങളിലൊന്ന് സമ്മർദ്ദം കുറയ്ക്കുന്നുവെന്നതാണ്.

*(ബംഗലുരു ആസ്ഥാനമായുള്ള യോഗാ യൂണിവേഴ്സ്റ്റിയായ S-VYASAയുടെ പ്രസിഡന്റാണ് ലേഖകൻ)*

# യോഗ : ഒരു ആരോഗ്യ ജീവിതശൈലി

**ഡോ. ഈശ്വര എൻ. ആചാര്യ, ഡോ. രാജീവ് റസ്തോഗി**

ഇന്ത്യയുടെ പാരമ്പര്യത്തിലും സംസ്കൃതിയിലും അധിഷ്ഠിതമായതും ആരോഗ്യകരവും പ്രകൃതിയുമായി ഇണങ്ങിപോകുന്നതുമായ പരമ്പരാഗത സമ്പ്രദായമാണ് യോഗ. ആയിരക്കണക്കിന് വർഷങ്ങൾകൊണ്ട് ഋഷിവര്യന്മാരും സന്യാസിമാരും മുഖേന ഉരുത്തിരിഞ്ഞു വന്നതാണിത്. ആരോഗ്യ പരിപാലന രംഗത്ത് വർധിച്ചു വരുന്ന വെല്ലുവിളികൾ നേരിടാൻ യോഗ പരിശീലനം ഇപ്പോൾ ആഗോള വ്യാപകമായി ഉപയോഗിച്ചു വരുന്നു. ജീവിത ശൈലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് യോഗ ലളിതവും ചെലവു കുറഞ്ഞതുമായ പരിഹാരം നൽകുന്നു. ഓരോ വ്യക്തിയുടെയും തനതായ ശക്തി ശാരീരിക ഭാവങ്ങൾ, ശ്വസന മുറകൾ, ധ്യാനം എന്നിവയുടെ സങ്കലനത്തിലൂടെ സന്തുലിതമായി മെച്ചപ്പെടാൻ യോഗ ഉപകരിക്കും.

മെച്ചപ്പെട്ട ആരോഗ്യത്തിനു മാത്രമല്ല രോഗ ശമനത്തിനും യോഗാ പരിശീലനം ജീവിതത്തിന്റെ നാനാ തുറയിലുള്ളവർ ഇപ്പോൾ ദിനചര്യയുടെ ഭാഗമാക്കുന്നു. ജീവിത സമ്മർദ്ദങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് യോഗാ പരിശീലനം പരിഹാരമാകുമെന്ന വസ്തുത ശാസ്ത്രജ്ഞരും മെഡിക്കൽ വിദഗ്ധരും തിരിച്ചറിഞ്ഞിട്ടുണ്ട്. യോഗയുടെ പ്രയോജനം കാലം തെളിയിച്ചതും, ലളിതവും സാമ്പത്തിക ഭാരമില്ലാത്തതും, കൂടാതെ ആരോഗ്യകരമായ സന്തുലിത ജീവിതം നയിക്കാൻ യുവജനങ്ങളെ സഹായിക്കുന്നതുമാണ്.

ഇന്ത്യയുടെ അതിർത്തികൾക്ക് അപ്പുറത്തേക്ക് വളർന്ന യോഗയുടെ ബഹുജന സ്വീകാര്യത നാൾക്കു നാൾ ഏറിവരുകയാണ്. മതം, ജാതി, വർഗം, ദേശീയത, പ്രദേശം എന്നിങ്ങനെ ഒരു നിയന്ത്രണവും യോഗയ്ക്ക് ബാധകമല്ല. ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനമായി ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചിരുന്നു.

രോഗങ്ങളുടെയും മറ്റ് ബലഹീനതകളുടെയും അസാന്നിധ്യം മാത്രമല്ല ശാരീരികവും മാനസികവും സാമൂഹ്യവുമായ സമ്പൂർണ സൗഖ്യം ആണ് ആരോഗ്യം എന്ന് ലോകാരോഗ്യ സംഘടന നിർവ്വചിക്കുന്നു. ആത്മീയമായ സുഖാവസ്ഥ എന്ന നാലാമത് ഒരു മാനം കൂടി അത് നിർദ്ദേശിക്കുന്നുണ്ട്. ശാരീരികവും മാനസികവും വൈകാരികവും ആത്മീയവുമായ സൗഖ്യത്തിലൂടെ പൊതുവായ ആരോഗ്യം നേടാം.

പ്രകൃതിയോട് യോജിക്കുന്ന വിധം സന്തുലിതമായ മാർഗത്തിലൂടെ യോഗ നമ്മുടെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നു. സ്ഥിരമായ യോഗ പരിശീലനം നമ്മുടെ കഴിവുകൾ വർദ്ധിപ്പിക്കുകയും ആത്മവിശ്വാസം വളർത്തുകയും ചെയ്യും. കൂടുതൽ ആരോഗ്യകരവും സമ്മർദ്ദമുക്തവും അർത്ഥപൂർണ്ണവുമായ ജീവിതം നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കാൻ യോഗയ്ക്ക് കഴിയും. ചെയ്യാനാവുന്നതും അല്ലാത്തതുമായ കാര്യങ്ങളെപ്പറ്റി അത് ഒരു വ്യക്തിയെ ബോധവൽക്കരിക്കുന്നു. യോഗ പരിശീലനം ലളിതവും നമ്മുടെ ജീവിതചര്യയുമായി എളുപ്പത്തിൽ സംയോജിപ്പിക്കാവുന്നതുമാണ്.

വ്യവസായവൽക്കരണവും വേഗത്തിലുള്ള നഗരവൽക്കരണവും നമ്മുടെ മുന്നിൽ മലിനീകരണം, സമ്മർദ്ദം, ആകുലത, തുടങ്ങി പല വെല്ലുവിളികൾ ഉയർത്തുന്നു. ഇതിന് അനുസൃതമായി നമ്മുടെ ജീവിതം പുലർകാലം മുതൽ രാത്രി വൈകി വരെ നീളുന്ന യാന്ത്രികചര്യയായി മാറിക്കഴിഞ്ഞു. നമ്മുടെ ഭക്ഷണ രീതികൾ ആരോഗ്യകരമല്ല. സംസ്കരിച്ച ഭക്ഷണം, ഫാസ്റ്റ് ഫുഡ്, ജങ്ക് ഫുഡ്, ഉയർന്ന കലോറി ഭക്ഷണം, കൂടാതെ മദ്യപാനം, പുകവലി, ലഹരി മരുന്ന് തുടങ്ങിയവയും ശരിയായ വിശ്രമത്തിന്റെയും വ്യായാമത്തിന്റെയും അഭാവവും പ്രമേഹം, രക്തസമ്മർദ്ദം, സന്ധിവാതം, പുറം വേദന തുടങ്ങി പല വിധ

രോഗങ്ങൾക്കും നമ്മെ കീഴ്പ്പെടുത്താൻ അവസരം ഒരുക്കുന്നു. ഇത്തരം കാരണങ്ങൾ മൂലമുള്ള മാനസിക പ്രശ്നങ്ങളും വർധിച്ചു വരികയാണ്. മദ്യപാനം, ലഹരി മരുന്ന് ഉപഭോഗം തുടങ്ങിയവ മൂലമുള്ള പ്രശ്നങ്ങളും വർദ്ധിച്ചുവരുകയാണ്. നിരുപദ്രവകാരിയായ ചികിത്സാ രീതിയെന്ന നിലയിൽ ആസനം, പ്രാണായാമം, ശരത് കർമ്മം, സൂര്യ നമസ്കാരം, ധ്യാനം എന്നിവയിലൂടെ യോഗ ശരീരത്തെയും മനസിനെയും ചികത്സിക്കുന്നു. ഉത്കണ്ഠ, വിഷാദം, തുടങ്ങിയ മാനസിക പ്രശ്നങ്ങളും, തലവേദന, ബ്രോങ്കൈറ്റിസ്, ആസ്ത്മ, പ്രമേഹം തുടങ്ങിയ ഒട്ടുമിക്ക ശാരീരിക വിഷമതകളും യോഗയിലൂടെ നേരിടാം.

സമ്മർദ്ദവും ഉത്കണ്ഠയുമാണ് യുവാക്കൾ നേരിടുന്ന സാധാരണ പ്രശ്നങ്ങൾ. ജീവിതത്തിൽ വരുന്ന മാറ്റങ്ങൾ, ബന്ധങ്ങളിൽ വരുന്ന വൈഷമ്യങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, തിരക്കിട്ട ജീവിതം, കുടുംബ പ്രാരാബ്ധങ്ങൾ തുടങ്ങിയവയെല്ലാം സമ്മർദ്ദ കാരണങ്ങളായി പരിഗണിക്കാം. സ്ഥിരമായ ആകുലത, അശുഭ പ്രതീക്ഷ, മോശംചിന്ത, യാഥാർത്ഥ്യത്തിന് നിരക്കാത്ത പ്രതീക്ഷകൾ, വഴക്കമില്ലാത്ത ചിന്ത, എല്ലാം അല്ലെങ്കിൽ ഒന്നുമില്ല എന്ന സമീപനം തുടങ്ങിയവ സമ്മർദ്ദത്തിന് ഇടയാക്കുന്ന ആന്തരിക കാരണങ്ങളാണ്. വൈകാരിക അസുന്തുലിതാവസ്ഥ, അസ്ഥിരത, ആശങ്ക തുടങ്ങിയവും മാനസിക സമ്മർദ്ദത്തിന് ഇടയാക്കും. തലവേദന, ഉറക്കമില്ലായ്മ, രക്തസമ്മർദ്ദം തുടങ്ങിയവയ്ക്ക് കാരണമാകുന്ന രോഗാവസ്ഥയാണിത്. ഇവ നേരിടാൻ ആസനങ്ങൾ, പ്രാണായാമം, ധ്യാനം എന്നിവയുടെ സ്ഥിരമായ പരിശീലനത്തിലൂടെ കഴിയും. ശരീരവും മനസും ആയാസ രഹിതമാക്കി സുസ്ഥിരമാക്കാൻ ആസനങ്ങൾക്ക് കഴിയും. ഗാഢശ്വാസം, യോഗനിദ്ര, ധ്യാനം എന്നിവ അശുദ്ധ ചിന്തകളെ നീക്കി ശാന്തതയും ആന്തരിക സന്തുഷ്ടിയും ശുഭ പ്രതീക്ഷയും വളർത്തുന്നു.

ആരോഗ്യകരമായ ചില ജീവിത ശൈലികൾ യുവാക്കൾക്ക് ജീവിതത്തിൽ കൊണ്ടു വരാൻ കഴിയും. ഇവ ആരോഗ്യ പരിപാലനത്തിനും രോഗപ്രതിരോധത്തിനും ഉത്തമമാണ്. ലളിതവും പ്രയോഗികവും പിന്തുടരാൻ എളുപ്പവും ആയ ഇവ




ആവശ്യാനുസരണം ദിനചര്യയുടെ ഭാഗമാക്കാം. സ്വാഭാവിക ജീവിത ശൈലിയിലൂടെ മറ്റുള്ളവരുമായി സ്നേഹവും സൗഹൃദവും വളർത്തുവാനും ബന്ധങ്ങളെ ശക്തിപ്പെടുത്താനും കഴിയും.അത് മനസിനെ പ്രശാന്തവും ശുഭ പ്രതീക്ഷയുള്ളതും ആക്കും. അവയിൽ ചിലത് താഴെ ചേർക്കുന്നു.

**സന്തുലിത ഭക്ഷണം:-** പ്രാഥമികവും സുപ്രധാനവുമാണ് സന്തുലിത ഭക്ഷണം. കഴിയുന്നതും ഭക്ഷണം സ്വാഭാവിക രീതിയിൽ ആവണം. കാലാകാലങ്ങളിൽ ലഭ്യമാകുന്ന പഴവർഗ്ഗങ്ങൾ, ഇലച്ചെടികൾ, തുടങ്ങിയവ ഭക്ഷണത്തിന്റെ ഭാഗമാക്കണം. ക്ഷാര ഗുണമുള്ള ഇവ ശരീരശുദ്ധി, രോഗ പ്രതിരോധം, മെച്ചപ്പെട്ട ആരോഗ്യം എന്നിവ പ്രദാനം ചെയ്യും.

**ഉപവാസം:-** ആരോഗ്യ പരിപാലനത്തിലെ പ്രധാന സങ്കേതമാണ് ഉപവാസം. ദഹന സംവിധാനത്തിന് അപ്പാടെ വിശ്രമം നൽകുന്ന പ്രക്രിയയാണ് ഇത്. ഈ പ്രക്രിയയിലൂടെ ഭക്ഷണം ദഹിക്കാൻ ഇടയാക്കുന്ന ഊർജ്ജം ശരീരം ശുദ്ധീകരിക്കാൻ വേണ്ടി വിനിയോഗിക്കുന്നു. ശരീരത്തിന്റെയും മനസിന്റെയും പ്രശ്നങ്ങൾ നേരിടാനുള്ള ഉത്തമ മാർഗമാണിത്. പഴച്ചാറോ പഴ വർഗങ്ങളോ മാത്രം കഴിക്കുന്ന പ്രതിവാര ഉപവാസം ശരിയായ ആരോഗ്യം സംരക്ഷിക്കാൻ സഹായിക്കും.

**സ്ഥിരമായ വ്യായാമം :-** ഏതെങ്കിലും രീതിയിലുള്ള വ്യയാമമോ, യോഗാ പരിശീലനമോ ആരോഗ്യത്തിന് നല്ലതാണ്. രക്ത ചംക്രമണം വർദ്ധിപ്പിച്ച് അത് ശരീരത്തെ വഴക്കമുള്ളതാക്കുന്നു. ജരാനരകളെ തടഞ്ഞ് മെച്ചപ്പെട്ട ആരോഗ്യം ഉറപ്പാക്കാൻ ഇതു വഴി കഴിയും. പ്രഭാത സവാരി, ഓട്ടം, ജോഗിംഗ്,

യോഗാസനം, സൂര്യനമസ്കാരം, പ്രാണായാമം, പൂന്തോട്ട പരിപാലനം, കൃഷി പോലുള്ള ലഘു ജോലികൾ തുടങ്ങിയവ നമ്മുടെ താല്പര്യമനുസരിച്ച് സ്വീകരിക്കാവുന്നതാണ്. വ്യായാമം ശരീരത്തെ സജീവമാക്കുകയും നവോന്മേഷം നൽകുകയും നല്ല ചിന്തകൾക്ക് വഴി തുറക്കുകയും ചെയ്യും. കോശങ്ങളിലെ രോഗ ഗ്രസ്തമായ വസ്തുക്കളെ ഇളക്കുന്ന വ്യായാമം ധമനികളെ സജീവമാക്കുകയും ശ്വാസകോശങ്ങളെ വികസിപ്പിക്കുകയും അതു വഴി അധിക ഓക്സിജൻ ശരീരത്തിലെത്താൻ ഇടയാക്കുകയും ചെയ്യും. ത്വക്ക്, വൃക്കകൾ, കുടൽ എന്നിവയിലൂടെ ശരീര മാലിന്യവും രോഗഗ്രസ്തമായ വസ്തുക്കളും പുറത്തുകളയാൻ വ്യയാമം വഴിയൊരുക്കുന്നു.

**വിശ്രമം:-** യോഗാ പരിശീലനത്തിന് പുറമെ വിശ്രമവും അതായത് ശരിയായ ഉറക്കവും ആരോഗ്യത്തിന് അനിവാര്യമാണ്. നല്ല ഉറക്കം നമുക്ക് നവോന്മേഷം നൽകുകയും സന്തുഷ്ടിയുള്ളവരാക്കുകയും ചെയ്യും. പൂർണ്ണമല്ലാത്ത ഉറക്കം സമ്മർദ്ദത്തിനും ഉത്കണ്ഠക്കും ഇടയാക്കി ആരോഗ്യം അപകടത്തിലാക്കും. അതിനാൽ നല്ല ഉറക്കം ഒരിക്കലും നഷ്ടപ്പെടുത്താതെയിരിക്കുക.

**മതിയായ ജലപാനം:-** രോഗപ്രതിരോധത്തിനും ആരോഗ്യ പാലനത്തിനും മതിയായ അളവിൽ വെള്ളം കുടിക്കണം. ശരീരത്തിലെ വിഷാംശങ്ങൾ നീക്കം ചെയ്യാനും ശരീര ശുദ്ധിക്കും ജലപാനം ഉത്തമമാണ്.

എല്ലാവരും പിൻതുടരേണ്ട ആരോഗ്യകരമായ ജീവിതചര്യ സബന്ധിച്ച ചില വിവരങ്ങൾ താഴെ പറയുന്നു:

1. നേരത്തെ കിടക്കുകയും പുലർച്ചെ സൂര്യോദയത്തിന് മുൻപേ (ബ്രാഹ്മ മുഹൂർത്തം) എഴുന്നേൽക്കുകയും ചെയ്യുക. ഏഴ് മണിക്കൂർ എങ്കിലും നല്ല ഉറക്കം ശീലിക്കുക.
2. ലളിതവും സന്തുലിതവുമായ ഭക്ഷണക്രമം.
3. പഞ്ചസാര, ഉപ്പ്, വറ്റൽ മുളക്, മസാലകൾ, അച്ചാറുകൾ എന്നിവയുടെ അളവ് കുറയ്ക്കുക. ചായയും കാപ്പിയും കുറയ്ക്കുക. എല്ലാ ലഹരി പദാർത്ഥങ്ങളും വർജിക്കുക. നെയ്യ്, എണ്ണ എന്നിവ കുറക്കുക. യോഗ പരിശീലിക്കുന്ന ഒരാൾക്ക് സസ്യ ഭക്ഷണമാണ് ഉത്തമം.
4. ഊണിന് സമയ ക്രമം പാലിക്കുക. രാവിലെ അര മണിക്കൂർ യോഗ പരിശീലനത്തിന് ശേഷം പഴങ്ങളും മുളപ്പിച്ച പയർ വർഗ്ഗങ്ങളും അടങ്ങിയ പ്രഭാത ഭക്ഷണം ശീലമാക്കുക. ഗോതമ്പ്, റൊട്ടി, പുഴുങ്ങിയ പച്ചക്കറികൾ,സലാഡ്, ബട്ടർ മിൽക്ക് എന്നിവ അടങ്ങുന്ന ഉച്ചഭക്ഷണം പതിവാക്കാം. പച്ചക്കറി, സലാഡ്, എന്നിവയുടെ അളവ് റൊട്ടിയുടേതിനെക്കാൾ കൂടുതലാവണം.
5. ഭക്ഷണത്തിന് ഒപ്പം വെള്ളം കുടിക്കരുത് എന്നാണ് പ്രമാണം. ഭക്ഷണത്തിന് അര മണിക്കൂർ മുമ്പും അര മണിക്കൂർ ശേഷവും വെള്ളം കുടിക്കുന്നത് ശീലമാക്കണം.
6. ദിവസേന പ്രഭാതത്തിലോ സന്ധ്യയിലോ ചിന്തകൾക്ക് അയവുവരുത്താനും, മനസിനെ ഏകാഗ്രമാക്കുവാനും, പ്രർത്ഥനയോ ധ്യാനമോ ശീലിക്കുക. സമ്മർദ്ദങ്ങളെയും ആധികളെയും ഒഴിവാക്കാൻ അത് സഹായിക്കും. ശരീരത്തിനും മനസ്സിനും നവോന്മേഷം പകർന്ന് ജീവിതത്തിന് പുതിയ ഓജസ് ലഭിക്കുവാൻ ഇതു വഴിതെളിക്കും.
7. യോഗ പരിശീലനത്തിലൂടെ ശരീരത്തെ ആന്തരികവും ബാഹ്യവുമായി ശുചിയാക്കാൻ സാധിക്കും.
8. പ്രകൃതിയിൽ വിശ്വാസം ഉറപ്പിക്കുക. ശരിയായ സമീപനവും ആത്മ വിശ്വാസവും നിങ്ങൾക്ക് ലഭിക്കും.
9. അമിത ഭക്ഷണം ഒഴിവാക്കുക. വിശപ്പ് തോന്നുമ്പോൾ മാത്രം ഭക്ഷണം കഴിക്കുക. വയറ് നിറയുന്നത് വരെ കഴിക്കാതിരിക്കുക. പഴവർഗങ്ങൾ മാത്രം കഴിച്ച് പ്രതിവാര ഉപവാസം ശീലിക്കുക.
10. കഴിയുന്നതും ദൂരം നടക്കുക. ശരീരത്തിനും മനസിനും അത് ഗുണകരമാണ്.

*(ലേഖകർ ന്യൂഡൽഹിയിലെ യോഗയ്ക്കും പ്രകൃതിചികിത്സയ്ക്കുമായുള്ള കേന്ദ്ര ഗവേഷണ സമിതിയിൽ യഥാക്രമം ഡയറക്ടറും അസിസ്റ്റന്റ് ഡയറക്ടറുമാണ്)*

# യോഗ YOGA

**ക്ലേശം വിനാ ജീവിതം – അനായാസേനജീവിതം**



**യൂണിവേഴ്സിറ്റി കോഴ്സുകൾ**

| | | |
|---|---|---|
| YIC | Yoga Instructors Course | 6 Month |
| YFC | Yoga Foundation Course | 6 Month |
| Bsc (Yed) | Bachelor Degree Yoga Education | 3 Years |
| Bsc (Y) | Bachelor Degree in Yoga | 3 Years |
| Msc (Yed) | Master Degree in Yoga Education | 2 Years |
| Msc (Y) | Master Degree in Yoga | 2 Years |
| PGDY T | PG Diploma in Yoga Therapy | 1 Years |

**UGC Approved**
Internationally Valid

**Yoga Therapy**
**For all diseases**

आत्मनो मोक्षार्थं जगद् हिताय च

**Patanjali Yoga Training & Research Centre**

**0484 2538001, 9496332058, 7736880360**

Web: www.patanjaliyogacentre.com

# അന്താരാഷ്ട്രതലത്തിൽ യോഗയുടെ പ്രാധാന്യം

ഡോ.ഈശ്വർ വി ബാസവറെഡ്ഡി

അടിസ്ഥാനപരമായി ശാസ്ത്രീയ അടിത്തറയുള്ള ആത്മീയ പരിശീലനമാണ് യോഗ. മനസും ശരീരവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഐക്യമാണ് അതിന്റെ ലക്ഷ്യം. യോഗയുടെ സമഗ്രസമീപനം വ്യവസ്ഥാപിതമാണ്. രോഗ നിയന്ത്രണം, ആരോഗ്യ സംരക്ഷണം, നിരവധി ജീവിതശൈലി രോഗങ്ങളിൽ നിന്നുള്ള മോചനം ഇവയൊക്കെ യോഗയിലൂടെ സാധ്യമാകുന്നു.

ചില രോഗങ്ങളെ നിയന്ത്രിക്കുന്നതിൽ യോഗ ഫലപ്രദമാണ് എന്നതു കൊണ്ടു മാത്രമല്ല, പരിശീലിക്കുന്നവർക്ക് മാനസിക വൈകാരിക പിരിമുറുക്കങ്ങളിൽ നിന്ന് ആശ്വാസവും സൗഖ്യ അനുഭൂതിയും നല്കാനുള്ള അതിന്റെ ശക്തിയും മൂലമാണ് യോഗ ഇന്ന് ആഗോളതലത്തിൽ ജനകീയമാകുന്നത്. ദൗർഭാഗ്യവശാൽ മനശാന്തിക്കും ഭൗതിക സംസ്കാരത്തിനുമുള്ള കുറെ ആസനങ്ങളും പ്രാണായാമങ്ങളുമാണ് യോഗ എന്നത്രേ മിക്ക ആളുകളും ധരിച്ചിരിക്കുന്നത്. അതിലുപരി യോഗയ്ക്ക് ഒരു സമഗ്ര സമീപനമാണുള്ളത്. ഒരു ജീവിത രീതിയായി ഉൾക്കൊണ്ടാൽ മനുഷ്യരാശിയ്ക്കു ലഭിച്ചിരിക്കുന്ന അമൂല്യവും അതിവിശിഷ്ഠവുമായ ഈ ജീവിതശൈലിക്ക് ഒരാളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാവും. ആത്മാഭിവൃദ്ധിക്കുള്ള എല്ലാ പരിശ്രമങ്ങളും യോഗയാകുന്നു. യോഗയിലൂടെ ഒരാൾക്ക് അയാളുടെ വ്യക്തിത്വത്തിനു മേൽ പൂർണ നിയന്ത്രണം ലഭിക്കുന്നു. അതിലൂടെ അയാൾ യഥാർത്ഥ സത്തയെ കണ്ടെത്തുകയും ചെയ്യുന്നു.

## യോഗ: പൗരാണിക-ആധുനിക യുഗങ്ങളിൽ

നാഗരികത ഉദയം ചെയ്ത കാലം മുതൽ യോഗയുടെ പരിശീലനം ആരംഭിച്ചതായി വിശ്വസിക്കപ്പെടുന്നു. സിന്ധു നദീതട നാഗരികതയിൽ മനുഷ്യവംശത്തിന്റെ ആത്മീയവും ഭൗതികവുമായ ഉയർച്ച പരിപോഷിപ്പിക്കുന്ന അമർത്യ സംസ്കാരത്തിന്റെ പരിണാമാണ് യോഗ എന്ന് പരക്കെ കരുതപ്പെട്ടിരുന്നു. വിവിധ ദർശനങ്ങളിലൂടെയും പാരമ്പര്യങ്ങളിലൂടെയും വംശപരമ്പരയിലൂടെയും ഗുരുശിഷ്യ പാരമ്പര്യങ്ങളിലൂടെയും യോഗ വിവിധ ശാഖകളായി പരിണാമം പ്രാപിച്ചു. ഉദാഹരണം ജ്ഞാന യോഗ, ഭക്തി യോഗ, കർമ്മ യോഗ, ധ്യാന യോഗ, പതഞ്ജലി യോഗ, കുണ്ഡലിനി യോഗ, ഹഠയോഗ, മന്ത്രയോഗ, ലയ യോഗ, രാജയോഗ, ജൈന യോഗ, ബുദ്ധ യോഗ തുടങ്ങിയവ. ഓരോ ശാഖയ്ക്കും അവയുടെതായ തത്വങ്ങളും പ്രയോഗങ്ങളും ഉണ്ടെങ്കിലും ആത്യന്തികമായി എല്ലാം നയിക്കുന്നത് യോഗയുടെ ലക്ഷ്യത്തിലേയ്ക്കു തന്നെ. പാരിസ്ഥിതിക സന്തുലിതാവസ്ഥയോടുള്ള പ്രതിബദ്ധത പ്രതിഫലിപ്പിക്കാനും, ഇതര ചിന്താ പദ്ധതിയോട് സഹിഷ്ണുത പ്രദർശിപ്പിക്കാനും, എല്ലാ സഹജീവികളോടും സഹാനുഭൂതിപരമായ കാഴ്ച്ചപ്പാട് പുലർത്താനും യോഗ സഹായകമാണ്. ഇന്ന് കോടിക്കണക്കിന് ആളുകളാണ് പ്രഗത്ഭരായ ഗുരുക്കളുടെ കീഴിൽ പരിശീലനത്തിലൂടെ യോഗയുടെ പ്രയോജനങ്ങൾ അനുഭവിക്കുന്നത്. ആഗോളതലത്തിൽ യോഗ ജീവിതത്തിന്റെ തന്നെ ഭാഗമായിരിക്കുന്നു. വ്യാപകമായി പരിശീലിക്കപ്പെടുന്ന യോഗ സാധനകൾ യാമം, നിയാമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി, സംയമം, ബന്ധ, മുദ്ര, സത്കർമം, യുക്താഹാരം, യുക്തകർമം, മന്ത്രജപം എന്നിവയാണ്.

## ആധുനിക ജീവിതശൈലിയും യോഗയുടെ ആരോഗ്യപരമായ പ്രയോജനങ്ങളും

ആധുനിക ജീവിത ശൈലി, ആരോഗ്യത്തിന് നിരവധി വെല്ലുവിളികൾ ഉയർത്തുകയും ആഗോള വ്യാപകമായി ജനങ്ങളിൽ വിവിധ തരം രോഗങ്ങൾക്ക് പ്രധാന കാരണമാകുകയും ചെയ്യുന്നു. മാനസിക പി

രിമുറുക്കം, കൃത്യമല്ലാത്ത ആഹാര ക്രമങ്ങൾ, വ്യായാമ വിമുഖമായ ജീവിതം തുടങ്ങിയവ ആരോഗ്യം ക്ഷയിപ്പിക്കും. ക്രമേണ പ്രമേഹം, ആസ്ത്മാ, ഹൃദയസംബന്ധിയായ രോഗങ്ങൾ, ചയാപചയ പ്രശ്നങ്ങൾ, കാൻസർ എന്നിവയ്ക്കു വരെ കാരണമാകും. പുതിയ കാലത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രത്യേകിച്ച് പഴകിയ രോഗങ്ങൾക്കെല്ലാം പ്രധാന കാരണം തെറ്റായ ജീവിത ശൈലിയാണ്. ഇവയെ പ്രതിരോധിക്കുന്നതിൽ യോഗ വളരെ സഹായകരമാണ്. ജീവിത ശൈലീ പ്രശ്നങ്ങളും മാനസിക കാരണങ്ങളാലുണ്ടാകുന്ന ശാരീരിക രോഗങ്ങളും പരിഹരിക്കാൻ ഒരു പരിധി വരെ യോഗയ്ക്ക് കഴിവുണ്ട്. യോഗയുടെ രോഗനിയന്ത്രണ ശേഷി ശാസ്ത്രീയമായി പരിശോധിക്കാൻ ആഗോളാടിസ്ഥാനത്തിൽ ധാരാളം ഗവേഷണങ്ങൾ നടന്നിട്ടുണ്ട്. ശാരീരികവും ജ്ഞാനപരവുമായ സവിശേഷതകൾ, ശരീരത്തിന്റെ ഊഷ്മാവ് നിലനിർത്തുന്ന ശേഷി, ശാരീരിക അയവ്, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവയിൽ യോഗ പരിശീലനം ചെയ്യുന്നവർ വളരെ മികവ് പുലർത്തുന്നുവെന്ന് ശാസ്ത്രീയ പഠനങ്ങൾ സൂചിപ്പിക്കുന്നു. രക്താതിസമ്മർദ്ദം, ഹൃദ്രോഗം, പ്രമേഹം തുടങ്ങിയവ യോഗാ പരിശീലനത്തിലൂടെ നിയന്ത്രിക്കാൻ കഴിയും എന്നും കണ്ടെത്തിയിട്ടുണ്ട്.

മൂന്നു തലങ്ങളിലാണ് യോഗയുടെ പ്രയോജനങ്ങൾ ലഭിക്കുക. ശരീരത്തിന് ഇതു മൂലം നല്ല ആരോഗ്യവും സൗഖ്യവും ലഭിക്കുന്നു. മനസിന് നല്ല ഏകാഗ്രതയും പിരിമുറുക്കത്തിൽ നിന്ന് മോചനവും സാധിക്കുന്നു. ആത്മീയ തലത്തിൽ മാനുഷിക മൂല്യങ്ങൾ ഉയരുന്നു, ജീവിതത്തിൽ ശാന്തിയും സമാധാനവും കൈവരുന്നു.

ഇന്ത്യയ്ക്ക് ഇന്ന് മറ്റ് ഒരു രാജ്യത്തിനും അവകാശപ്പെടാനാവാത്ത തരത്തിലുള്ള യുവജനസമ്പത്തുണ്ട്. അവർ ആരോഗ്യ കാര്യങ്ങളിലും ജീവിത ശൈലിയിലും വ്യക്തിത്വ വികസനത്തിലും വേണ്ട ശ്രദ്ധാലുക്കളുമാണ്. അവർ സമ്മർദ്ദരഹിത ജീവിതത്തിനും മികച്ച ശാരീരിക ക്ഷമതയ്ക്കുമായി യോഗ അവരുടെ ജീവിത ശൈലിയാക്കണം. അന്താരാഷ്ട്ര യോഗാ ദിനാചരണം യോഗയുടെ ആരോഗ്യ പ്രയോജനം സംബന്ധിച്ച് വലിയ അവബോധം സൃഷ്ടിച്ചിട്ടുണ്ട്. മാത്രവുമല്ല ആഗോളതലത്തിൽ യോഗാ അധ്യാപകർക്ക് വലിയ സ്വീകാര്യതയും വന്നിരിക്കുന്നു. ഗുണനിലവാരമുള്ള യോഗ അധ്യാപകരെ സാക്ഷ്യപ്പെടുത്താൻ ആയുഷ് മന്ത്രാലയം ക്വാളിറ്റി കൺട്രോൾ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയുഷ് സംയോജിത ആശുപത്രികൾ സ്ഥാപിക്കാൻ ആയുഷ് മന്ത്രാലയം ആലോചിക്കുന്നുണ്ട്. സായുധ സേന, അർധ സൈനിക വിഭാഗങ്ങൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്കെല്ലാം യോഗ പരിശീലനം നല്കുവാൻ മന്ത്രാലയം രൂപരേഖ തയാറാക്കുന്നുണ്ട്. യോഗയുടെ സാധ്യതകൾക്ക് നാം വലിയ പ്രാധാന്യം നല്കണം. ഈ രീതിയുടെ പരമാവധി ഉപയോഗം ഉണ്ടാകുവാനുള്ള നയങ്ങളും ഇടപെടലുകളും ഉണ്ടാവണം. കൃത്യമായ ഭരണ പിന്തുണയ്ക്കൊപ്പം തത്തുല്യമായ ജനപിന്തുണയും ഇക്കാര്യത്തിൽ ഉറപ്പാക്കേണ്ടതുണ്ട്.

*(ആയുഷ് മന്ത്രാലയത്തിനു കീഴിലെ മൊറാർജി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയുടെ ഡയറക്ടറാണ് ലേഖകൻ)*

**വിജ്ഞാനപാത**

## SWAYAM: വിദ്യാഭ്യാസത്തിന് ഒരു സഹായഹസ്തം

മാസ്സീവ് ഓപ്പൺ ഓൺ ലൈൻ കോഴ്സ് (MOOC) രീതിയിൽ വലിയ ഒരു ജനവിഭാഗത്തിന് വിദ്യാഭ്യാസത്തിന് സഹായിക്കുക എന്നതാണ് സ്വയം (Swayam) പദ്ധതിയുടെ ലക്ഷ്യം. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിനാണ് ഇതിന്റെ നടത്തിപ്പ് ചുമതല. Study webs of Active-Learning for Young Aspring Minds എന്നതാണ് SWAYAM എന്നതിന്റെ പൂർണ്ണരൂപം. എല്ലാ വിഷയങ്ങളിലും ഉള്ള ഓൺലൈൻ കോഴ്സുകൾ വെബ് പോർട്ടലിൽ സജ്ജമാകും. ഇന്റർനെറ്റിന്റെ സഹായത്തോടെ രാജ്യത്തെ ഏത് ഭാഗത്തു നിന്നും സൗജന്യ ഓൺലൈൻ കോഴ്സുകൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഐ.ഐ.റ്റി. ബോംബെയും, ബാംഗ്ലൂരും അവരുടെ വിവിധ കോഴ്സുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബോംബെ ഐ.ഐ.റ്റി സംഘടിപ്പിക്കുന്ന Introduction to Computer Programming, തെർമോ ഡൈനാമിക്സ് തുടങ്ങിയ കോഴ്സുകൾ ഇവയിൽ ഉൾപ്പെടുന്നു.

# യോഗാപരിശീലകരുടെ സർട്ടിഫിക്കേഷനും ഗുണനിലവാര മാനദണ്ഡങ്ങളും

**രവി. പി. സിങ്ങ്, മനീഷ് പാണ്ഡേ**

ഋഷികൾ വികസിപ്പിച്ചതും, നൂറ്റാണ്ടുകളുടെ പാരമ്പര്യവുമുള്ള വിജ്ഞാനശാഖ എന്നാണ് ഇന്ത്യയുടെ ധർമ്മഗ്രന്ഥങ്ങൾ യോഗയെ വിശേഷിപ്പിക്കുന്നത്. പുരാതന ഗ്രന്ഥങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഉൾച്ചേർത്താണ് യോഗയെപ്പറ്റിയുള്ള രചനകൾ ഉണ്ടായിട്ടുള്ളത്. അതിന്റെ പ്രാധാന്യവും, ജനപ്രിയതയും, മനുഷ്യശരീരത്തിലും മനസിലും അതിനുള്ള സ്വാധീനവും ലോകമാകെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, അനേകം പേർ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് ഇന്നും അജ്ഞരാണ്.

യോഗ, പൊതുവായി ആദ്ധ്യാത്മികവും, കഠിനശിക്ഷണവും കൂടിച്ചേർന്ന് ഇന്ത്യൻ വ്യവസ്ഥയിൽ ഉൾച്ചേർന്നിരിക്കുന്നതാണ്. ശ്വാസനിയന്ത്രണം, ലഘുവായ ധ്യാനം, ചില പ്രത്യേകതരം അംഗവിന്യാസങ്ങൾ എന്നിവ യോഗയിൽ നിന്നും ഉൾക്കൊണ്ട്, ലോകത്തിലെ പല ഭാഗങ്ങളിലും, മാനസിക വിശ്രാന്തിക്കും, ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാനും ദിനചര്യയുടെ ഭാഗമായി ചെയ്തു വരുന്നു. പ്രമുഖ ഋഷിയായ പതഞ്ജലി യോഗയെ വിശേഷിപ്പിക്കുന്നത്, 'യോഗ: ചിറ്റ വൃത്തി നിരോധ:' എന്നാണ് അതായത് 'യോഗ മാനസികമായുണ്ടാകുന്ന ക്ഷോഭത്തെ തടയുന്നു.' ചിറ്റ എന്നത് മനസും, വൃത്തി - പെട്ടെന്നുണ്ടാകുന്ന മാനസിക വ്യവഹാരങ്ങളും, നിരോധ: എന്നത് - പ്രതിബന്ധവുമാണ്. യോഗയുടെ കൃത്യമായ കാലഘട്ടത്തെയും, ചരിത്രത്തെയും പറ്റി പല അനുമാനങ്ങളുമുണ്ട്. ഭഗവത്ഗീത പ്രകാരം മൂന്നുതരം യോഗയാണുള്ളത് - കർമ്മയോഗ, ഭക്തിയോഗ, ജ്ഞാന യോഗ. വേദങ്ങൾ പ്രകാരം, ഇതു ഒരു ജീവിതരീതിയാണ്. പതഞ്ജലിയുടെ പരമ്പരാഗത യോഗസൂത്ര പ്രകാരം, 8 യോഗസൂത്രങ്ങളാണുള്ളത്.

യോഗ, കുണ്ഠലിനി ശക്തി ഉണർത്തുവാൻ വേണ്ടി ഉപയോഗിച്ചുവരുന്നു. ശാരീരികവും, മാനസികവുമായ വ്യായാമങ്ങളിലൂടെ പലതരം ശാരീരികനിലകൾ, ആസനങ്ങൾ എന്നിവ യോഗ പിൻതുടരുന്നു. ശരീരത്തെ ആരോഗ്യത്തോടെ നിലനിർത്തുക എന്നതാണ് യോഗയുടെ പരമമായ ലക്ഷ്യം.

യോഗയുടെ ജനപ്രീതി ലോകവ്യാപകമായി ജനങ്ങളെ ആകർഷിക്കുകയും, ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ യോഗ ശീലിച്ച് പരിശ്രമിക്കുകയും ചെയ്യുന്നു. പുരാതനമായ ഇന്ത്യൻ യോഗാരീതിയുടെ മുഴുവൻ ഗുണങ്ങളും ആർജ്ജിക്കാൻ വിശ്വസ്തരും, കഴിവുള്ളവരുമായ യോഗാപരിശീലകരുടെ സംഘത്തെ വാർത്തെടുക്കേണ്ടതുണ്ട്. ഇതിനു വേണ്ടി പലതരം പ്രാരംഭപ്രവർത്തനങ്ങൾ ആവശ്യമാണ്. അതിലൊന്ന്, യോഗാപരിശീലകരുടെ നൈപുണ്യം പരിശോധിക്കാനും, സാക്ഷ്യപ്പെടുത്താനുമുള്ള ഒരു വ്യവസ്ഥ വേണമെന്നാണ്. അത്തരം നൈപുണ്യ പരിശോധനാ പദ്ധതികൾ ലോകമെമ്പാടും സ്വീകരിച്ചുവരുകയാണ്. അറിവും, വൈദഗ്ധ്യവും പക്വതയും അനുസരിച്ച് ഇൻസ്ട്രക്ടർ, ഗുരു, ആചാര്യൻ എന്നീ പദവികൾ നൽകിവരുന്നു. ഈ പദ്ധതിപ്രകാരം യോഗാപരിശീലകരുടെ നിലവാരം ആദ്യത്തേതിൽ നിന്നും ആചാര്യനിലേക്കെത്തുമ്പോൾ പ്രവൃത്തിപരിചയത്തിനാണ് മുൻഗണന കൊടുക്കുന്നത്.

മറ്റൊന്ന്, യോഗയിൽ ഡിപ്ലോമ/ഡിഗ്രി അല്ലെങ്കിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുക്കാനുള്ള ചട്ടകൂട് ഉണ്ടാക്കുക എന്നതാണ്. എല്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരേ നിലവാരമുള്ളതല്ല, അടിസ്ഥാന അറിവ് പകരുന്നതിലും, മറ്റു വൈദഗ്ധ്യങ്ങൾ പരിശീലിപ്പിക്കുന്നതിലും. ധർമ്മഗ്രന്ഥങ്ങൾ പ്രകാരം പാവനമായ സ്ഥാനമുള്ള യോഗാ പരിശീലനത്തെ കേവലം ധനകാര്യ ലാഭത്തിനുവേണ്ടി ഉപയോഗിക്കുന്ന ശ്രമങ്ങളെ നിരോധിക്കേണ്ടതാണ്. സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത്, ഒരു പരിധിവരെ, ജനങ്ങളെ

വേണ്ടവിധം തെരഞ്ഞെടുക്കാൻ സഹായിക്കുന്നു. യോഗാ സ്കൂൾ സർട്ടിഫിക്കേഷനുകൾ, യോഗാസ്കൂളുകളെ 4 വ്യത്യസ്ത തലങ്ങളിൽ സർട്ടിഫൈ ചെയ്യുന്നു. ഒന്നാമത്തെ തലത്തിലുള്ള സ്കൂളുകൾ ഒന്നും രണ്ടും ഘട്ടത്തിലുള്ള (ഇൻസ്ട്രക്ടർ, ഗുരു) സർട്ടിഫിക്കേഷൻ നേടിയവയും രണ്ടാം തലത്തിലുള്ളവ കുറച്ചുകൂടി സന്തുലിതമായതും അടിസ്ഥാനശേഷിയുള്ളതും, യോഗാ അസോസിയേഷൻ പ്രകാരമുള്ള 50% വരുന്ന പഠന പരിശീലനപദ്ധതികൾ പരിശീലിപ്പിക്കാൻ കഴിയുന്നതും, ISO 29990: 2010 ന്റെ അംഗീകാരം ഉള്ളതും ആയിരിക്കും. മൂന്നാമത്തെ തലത്തിലുള്ളത്, പൂർണ്ണമായ തലത്തിലുള്ളതും അത്തരം സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള കഴിവുമുണ്ടാകും. ഏറ്റവും ഉയർന്ന നില 'ആശ്രമം' എന്നതാണ്, ഇത് 'ആശ്രമം' പോലെയുള്ള സംവിധാനം ക്രമീകരിച്ച്, 200 മണിക്കൂറോ, അതിൽ കൂടുതലോ ഉള്ള സമയപ്രകാരം പാഠ്യ പദ്ധതികൾ പരിശീലിപ്പിക്കുന്നു.

## വെല്ലുവിളികൾ

ഒരു യോഗാപരിശീലകന്റെ നൈപുണ്യം അളക്കുക എന്നത് വെല്ലുവിളിതന്നെയാണ്. ഒരു അധ്യാപകനിൽ നിന്നും വിദ്യാർത്ഥിയ്ക്ക് കൈമാറിക്കിട്ടിയ അറിവ് അളക്കാനുള്ള ബുദ്ധിമുട്ടാണിത്. മറ്റൊന്ന് 'മനസ്സ്' നിരീക്ഷിക്കാനും, അളക്കാനും മറ്റുള്ളവർക്ക് എങ്ങനെ സാധിക്കും എന്നതാണ്.

യോഗ എന്നതൊരു പരീക്ഷണ വിജ്ഞാനശാഖയാണെന്നിരിക്കെ യോഗാ പരിശീലകരെ, സർട്ടിഫൈ ചെയ്യുക എന്നത് ഒരു ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇത് ഒരു തരത്തിൽ യോഗയെ കൂടുതൽ വസ്തുനിഷ്ഠമാക്കുകയാണ് ചെയ്യുന്നത്.

നമ്മുടെ രാജ്യത്തും അന്തർദ്ദേശീയ തലത്തിൽപ്പോലും കീർത്തിയുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളും കണക്കിൽപ്പെടാത്ത ചെറിയ ഇൻസ്റ്റിറ്റ്യൂട്ടുകളുമുണ്ട്. ഇവർ നടത്തുന്ന കോഴ്സുകൾ സമയത്തിലും ഘടനയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഇവിടെ പഠിച്ചിറങ്ങുന്നവർക്ക്, പലതലത്തിലുള്ള നൈപുണ്യമാണ് അറിവിലും പ്രാപ്തിയിലുമുണ്ടാവുക. ഇത്തരം വ്യത്യാസങ്ങൾ പഠിതാക്കളിൽ അനിശ്ചിതത്വം നിറയ്ക്കുന്നു.

സർട്ടിഫിക്കേഷൻ പദ്ധതി ഒരിക്കലും യോഗയുടെ സാരാംശം നശിപ്പിക്കാനോ യോഗാസ്കൂളുകളുടെയോ ഇൻസ്റ്റിറ്റ്യൂട്ടികളുടെയോ നിലവാരം ഇല്ലാതാക്കാനോ പാടില്ല. യോഗയെ കൂടുതൽ ശാസ്ത്രീയമാക്കുക വഴി അതിന്റെ ആവശ്യകത കൂട്ടുവാനുപകരിക്കുമെങ്കിലും അതിന്റെ തത്വചിന്താപരവും, പരീക്ഷണാത്മകവും, അദ്ധ്യാത്മികവുമായ തലങ്ങളെ അതിനുവേണ്ടി ബലികൊടുക്കാൻ പാടുള്ളതല്ല.

## പ്രതിവിധി

ജൂൺ 21 ഐക്യരാഷ്ട്രസഭ അന്തർദ്ദേശീയ യോഗാദിനമായി പ്രഖ്യാപിച്ചതോടെ യോഗയുടെ ജനപ്രിയത വീണ്ടും കൂടുകയുണ്ടായി. ഒരു തരത്തിൽ പറഞ്ഞാൽ ഇന്ത്യ, യോഗയുടെ ആസ്ഥാനമാണെന്ന് പുനരംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇത് യോഗയെ അതിന്റെ ശരിയായ സത്തയിൽ സംരക്ഷിക്കപ്പെടേണ്ടതാണെന്നുള്ള ചുമതലകൂടി നൽകുന്നുണ്ട്. അന്തർദ്ദേശീയ യോഗാദിനം പ്രഖ്യാപിച്ചതിനു തൊട്ടുപിന്നാലെ കേന്ദ്ര ആയുഷ്മന്ത്രാലയം യോഗപരിശീലന സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് മാർഗരേഖ പുറത്തിറക്കാൻ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (QCI) യെ ചുമതലപ്പെടുത്തുകയുണ്ടായി.

മനുഷ്യശരീരത്തെയും, മനസ്സിനേയും സ്വാധീനിക്കുന്ന, പ്രാധാന്യമുള്ള പരിശീലന പദ്ധതിയായതുകൊണ്ടുതന്നെ, തുടക്കം മുതൽ ശക്തമായ നിയമങ്ങൾ ഉണ്ടാകേണ്ടതാണ്. അല്ലെങ്കിൽ വേദങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ഈ വ്യവസ്ഥിതിയുടെ അടിസ്ഥാനപരമായ സ്വഭാവങ്ങൾ വിപണിയുടെ സ്വാധീനം കാരണം തകർന്നു പോയേക്കാം.

ഇത്തരം പദ്ധതികളുടെ ലക്ഷ്യം സ്ഥാപനങ്ങളേയും വ്യക്തികളേയും യോഗാ പരിശീലകരേയും അവരവരുടെ ആവശ്യങ്ങൾക്കും പ്രതീക്ഷയ്ക്കും അനുസൃതമായ തെരഞ്ഞെടുപ്പിനെ സഹായിക്കാനും അതു വഴി ആ മേഖലയിൽ കാര്യപ്രാപ്തി നേടാനുമാണ്.

മൂന്നാമതൊരാളുടെ മൂല്യനിർണയം എന്ന അന്തർദ്ദേശീയ തത്വം അനുസരിച്ചാണ് (ഇൻസ്റ്റിറ്റ്യൂഷനുകളുടെയും വ്യക്തികളുടെയും) യോഗാ സർട്ടിഫിക്കേഷൻ നൽകപ്പെടുന്നത്. യോഗാ പ്രൊഫഷണലുകൾക്കും, ഇൻസ്റ്റിറ്റ്യൂഷനുകൾക്കും യോഗ്യത

യ്ക്കുള്ള മാനദണ്ഡങ്ങൾ നിർണയിക്കുകയും, സർട്ടിഫിക്കേഷൻ പദ്ധതികൾ രൂപീകരിക്കുകയും യോഗ്യതാസൂചികകൾ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വോളന്ററി യോഗ സർട്ടിഫിക്കേഷൻ സ്കീമിന്റെ ലക്ഷ്യം, യോഗാ പ്രൊഫഷണലുകളുടെ കാര്യക്ഷമത സാക്ഷ്യപ്പെടുത്തുകയാണ്. യോഗ ക്ലാസ്സുകൾ നൽകുന്ന ഇൻസ്ട്രക്ടർമാർ, അധ്യാപകർ, യോഗാചാര്യൻമാർ എന്നിവരെ (രോഗനിവാരകവും, രോഗഹാരിയുമായി യോഗയെ ഉപയോഗിക്കുന്നവർ) അന്തർദ്ദേശീയ നിലവാരത്തിനനുസരിച്ച് (ISO 17024: 2012 പ്രകാരം) സാക്ഷ്യപ്പെടുത്തുന്നു. അന്തർദ്ദേശീയ തലത്തിൽ സ്വീകാര്യത ഉറപ്പുവരുത്താനായി ആ നിലയിലുള്ള നിലവിലെ നല്ല മാതൃകകൾ സ്വീകരിക്കുകയോ, അത്തരം മാതൃകകൾക്ക് അനുസൃതമായി പരിഷ്കരിച്ച മാതൃകകൾ പ്രകാരം സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നു.

പദ്ധതിക്ക് രൂപം നൽകാൻ വിദഗ്ദർ ഉൾക്കൊള്ളുന്ന ഒരു മൾട്ടിസ്റ്റേക്ക് ഹോർസിങ്ങ് കമ്മറ്റി QCI രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റിയ്ക്ക് പിൻതുണ നൽകി ഒരു സപ്പോർട്ടിങ്ങ് കമ്മറ്റിയും ടെക്നിക്കൽ കമ്മറ്റിയുമുണ്ട്. യോഗാപരിശീലകർ, യോഗാസ്കൂൾ പ്രതിനിധികൾ, ബന്ധപ്പെട്ട മന്ത്രാലയങ്ങൾ, ആയുഷ് വാണിജ്യ വ്യവസായ മന്ത്രാലയം, അക്കാദമിക രംഗത്തെ വിദഗ്ധർ, ഉപഭോക്തൃ സംഘടനകൾ, മറ്റു സർട്ടിഫിക്കേഷൻ ഏജൻസികൾ തുടങ്ങിയവ ഈ കമ്മറ്റിയിലെ പ്രതിനിധികളാണ്.

സർട്ടിഫിക്കേഷൻ സ്കീമുകൾ താഴെ പറയും പ്രകാരമുള്ള തലങ്ങളിലായി കൈകാര്യം ചെയ്യുന്നു.

(1) നിയന്ത്രണ സംവിധാനം - ഓർഗനൈസേഷന്റേയും കമ്മിറ്റിയുടെയും ഘടന, ഘടകങ്ങൾ, ഉത്തരവാദിത്തങ്ങൾ, ധർമ്മം എന്നിവ.

2. സാക്ഷ്യപ്പെടുത്താനുള്ള മാനദണ്ഡം - വിദഗ്ധർ ഉൾകൊള്ളുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ ആലോചനകൾക്ക് ശേഷം സാക്ഷ്യപത്രത്തിനുള്ള മാനദണ്ഡം തീരുമാനിക്കുന്നു.

3. സാക്ഷ്യപത്രം നൽകുവാനുള്ള മാനദണ്ഡം - പ്രാഥമിക മൂല്യനിർണയം, മേൽനോട്ടത്തിനുള്ള കഴിവ്, മൂല്യനിർണയം നടത്തുന്നവരുടെ നിബന്ധനകൾ എന്നിവ.

www.yogacertification.qci.org.in - എന്ന വെബ്സൈറ്റ് വഴി വിവരങ്ങൾ ലഭ്യമാക്കിയിരിക്കുന്നു.

## അവസരങ്ങൾ

വിവിധ ദേശീയ അന്തർദ്ദേശീയ വേദികളിൽ, യോഗാ പരിശീലന/സർട്ടിഫിക്കേഷൻ പദ്ധതിയ്ക്ക് ആവശ്യമായ പ്രോത്സാഹനം നല്കിവരുന്നുണ്ട്. സഫലമായ യോഗാപരിശീലകർക്ക് നൽകുന്ന സർട്ടിഫിക്കറ്റിൽ, ആയുഷ് മന്ത്രാലയത്തിന്റെ എംബ്ലം പതിച്ചിരിക്കുന്നു. ഇത് വിശ്വാസ്യത ഉറപ്പുവരുത്തുന്നു.

യോഗാ പരിശീലകർക്ക് പലതരത്തിലുള്ള ഇൻസെന്റീവുകൾ നല്കി വരുന്നുണ്ട്. ഗവ. റിക്രൂട്ടുമെന്റുകൾക്ക് മുൻഗണന നൽകുകയും, യോഗാധ്യാപകരുടെ നിയമനം നടത്തുമ്പോൾ വിവിധ ബോർഡുകളെ (CBSE, കേന്ദ്രീയവിദ്യാലയം പോലെ), സാക്ഷ്യപ്പെടുത്തിയ യോഗാദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുന്നു. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ ആന്റ് റിലേഷൻസ്, വിദേശത്തേക്കുള്ള യോഗയുമായി ബന്ധപ്പെട്ട നിയമനങ്ങൾക്ക് സർട്ടിഫിക്കേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

ആദ്യത്തെ തവണ തന്നെ വിജയം കൈവരിക്കുന്ന പരീക്ഷാർത്ഥികളിൽ ആദ്യത്തെ 2000 പേർക്ക്, ഫീസ് തുക മുഴുവനായും തിരിച്ചു നൽകുമെന്ന് ആയുഷ് മന്ത്രാലയം പരസ്യപ്പെടുത്തിയിട്ടുണ്ട്.

സാർവ്വദേശീയമായി ഈ പദ്ധതി മുന്നോട്ടു കൊണ്ടു പോകുന്നു എന്നതിൽ QCI യ്ക്ക് അഭിമാനിക്കാവുന്നതാണ്. ജപ്പാനിൽ സംഘം സന്ദർശിക്കുകയും, 13 യോഗാ പ്രൊഫഷണലുകളെ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വരുംകാലത്ത് യോഗാ കോഴ്സുകൾ നടത്തുന്ന യൂണിവേഴ്സിറ്റികളും, ഔദ്യോഗികമായോ അല്ലാതെയോ ഉള്ള യോഗാ ഇൻസ്റ്റിറ്റ്യൂട്ടുകളും സ്കൂളുകളും ഹെൽത്ത് റിസോർട്ടുകളും യോഗാപദ്ധതി പ്രകാരം സർട്ടിഫൈ ചെയ്ത പ്രൊഫഷണലുകളെ മാത്രമേ സ്ഥാപനത്തിൽ സ്വീകരിക്കുകയുള്ളൂ എന്ന് കരുതാം.

*(ലേഖകർ യഥാക്രമം ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ സെക്രട്ടറി ജനറലും ജോയിന്റ് ഡയറക്ടറുമാണ്)*

# നിങ്ങൾക്കറിയാമോ?

## ജൂൺ 21 - അന്താരാഷ്ട്ര യോഗാ ദിനം

യോഗയുടെ സാർവത്രിക സ്വീകാര്യത കണക്കിലെടുത്ത് ഐക്യരാഷ്ട്ര സഭ ജൂൺ 21 അന്താരാഷ്ട്ര യോഗാ ദിനമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഇന്ത്യ കൊണ്ടുവന്ന കരടു പ്രമേയത്തെ 175 രാജ്യങ്ങളാണ് പിന്താങ്ങിയത്.

യുഎൻ പൊതുസഭയുടെ അറുപത്തിയൊമ്പതാം സമ്മേളനത്തിൽ പ്രസംഗിക്കുന്നതിനിടെ ഇന്ത്യൻ പ്രധാനമന്ത്രിയാണ് ലോക യോഗാ ദിനമെന്ന നിർദ്ദേശം മുന്നോട്ടു വച്ചത്. “നമ്മുടെ പാരമ്പര്യം നൽകിയ അമൂല്യ സമ്മാനമാണ് യോഗ. യോഗ ശരീരത്തേയും മനസിനേയും ചിന്തയേയും പ്രവൃത്തികളേയും രൂപപ്പെടുത്തുന്നു. നമ്മുടെ ആരോഗ്യത്തിനും ക്ഷേമത്തിനുമുള്ള സഞ്ചിത സമീപനമാണ് യോഗ. യോഗ വെറുമൊരു കായികാഭ്യാസ പ്രവൃത്തിയല്ല. നിങ്ങളേയും ലോകത്തേയും പ്രകൃതിയേയുമെല്ലാം ഒന്നായി കാണുന്ന ഒരു ജീവിത രീതിയാണ്” – പ്രധാനമന്ത്രി അഭിപ്രായപ്പെട്ടിരുന്നു.

യോഗ പരിശീലിക്കുന്നതിന്റെ പല ഗുണങ്ങളേയും കുറിച്ചു അവബോധം സൃഷ്ടിക്കുകയെന്നതാണ് അന്താരാഷ്ട്ര യോഗദിനം കൊണ്ടു ലക്ഷ്യമിടുന്നത്. 2015 ജൂൺ 21-ലെ അന്താരാഷ്ട്ര യോഗ ദിനത്തിനു രാജ്യാന്തര സമൂഹത്തിൽനിന്നു വലിയ പിന്തുണയാണു കിട്ടിയത്. യുഎന്നിലെ 193 അംഗ രാജ്യങ്ങളിൽ യെമൻ ഒഴികെ എല്ലാവരും യോഗാദിനാഘോഷങ്ങളിൽ പങ്കെടുത്തു.

പ്രഭാഷണങ്ങൾ, ധാരാളം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗാഭ്യാസ പ്രദർശനം, യോഗാ സംഗീതക്കച്ചേരി, യോഗ നടത്തം, യോഗാ ഫിലിം, ഡോക്കുമെന്ററി, ഫോട്ടോ പ്രദർശനം തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികളാണ് വിവിധ രാജ്യങ്ങളിൽ യോഗാദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ചത്.

ഇന്ത്യയിലും വലിയ ആഘോഷ പരിപാടികളാണ് യോഗാദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ടത്. ലോകത്തിലെ ഏറ്റവും വലിയ യോഗാ ക്ലാസ് സംഘടിപ്പിച്ച് ഗിന്നസ് ലോക റിക്കാർഡും ഈ ആഘോഷങ്ങളോടനുബന്ധിച്ചു നാം നേടുകയുണ്ടായി. ഈ യോഗ ക്ലാസിൽ 84 രാജ്യങ്ങളിൽനിന്നായി 35,985 പേരാണ് പങ്കെടുത്തത്. ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്തതും ഏറ്റവും കൂടുതൽ രാജ്യങ്ങളിൽനിന്നുള്ളവർ പങ്കെടുത്തതും റെക്കോഡാവുകയായിരുന്നു. ഈ വർഷവും യോഗ ദിനം വിപലുമായി ആഘോഷിക്കുന്നതിനു നടപടികൾ പുരോഗമിച്ചു വരികയാണ്.

## അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ലോഗോ സൂചിപ്പിക്കുന്നത്

ലോഗോയിലെ കൈകൂപ്പുന്ന ചിത്രം ഐക്യത്തെയാണ് സൂചിപ്പിക്കുന്നത്. വ്യക്തിയുടെ മനസാക്ഷി ലോകത്തിന്റെ നീതിബോധത്തോടു ചേർന്ന് ഒന്നാകുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്. മനസും ശരീരവും, മനുഷ്യനും പ്രകൃതിയും, ആരോഗ്യവും ക്ഷേമവും ഒന്നാകുന്നതിനെ ഇത് അർത്ഥമാക്കുന്നു. ചാര നിറത്തിലുള്ള ഇലകൾ ഭൂമിയെ സൂചിപ്പ്ിക്കുന്നു. പച്ച ഇലകൾ പ്രകൃതിയേയും. നീല നിറം വെള്ളത്തേയും തിളക്കം തീയേയും സൂര്യൻ ഊർജസ്രോതസിനേയും പ്രചോദനത്തേയും പ്രതിഫലിപ്പിക്കുന്നു. ചുരുക്കത്തിൽ ഈ ലോഗോ മനുഷ്യകുലത്തിന്റെ സമാധാനത്തേയും ഒരുമയേയുമാണ് കാണിക്കുന്നത്. ലോഗോയുടെ അടിയിൽ ‘ഒരുമയ്ക്കും സമാധാനത്തിനും യോഗ’ എന്ന് കാണിച്ചിരിക്കുന്നു.

ഓൾ ഇന്ത്യ സർവേ ഓഫ് ഹയർ എഡ്യുക്കേഷന്റെ 2014-15-ലെ ഇടക്കാല റിപ്പോർട്ട് അനുസരിച്ചു രാജ്യത്തെ 25 യൂണിവേഴ്സിറ്റികളിലും 18 കോളേജുകളിലും യോഗയിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തുന്നുണ്ട്. രണ്ടു യോഗാ യൂണിവേഴ്സിറ്റികൾ യുജിസി പട്ടികയിലുമുണ്ട്.

## വികസന പാത

# എല്ലാവർക്കും എൽ ഇ ഡി: ഊർജ്ജക്ഷമത ലക്ഷ്യമിട്ട് 'ഉജാല'



ഹരിത ഗൃഹ വാതകങ്ങളുടെ പ്രസരണത്തിൽ 30-35 ശതമാനം കുറവും ഊർജ ക്ഷമതയും ലക്ഷ്യം വച്ചുള്ള ഉജാല ( ഉന്നത് ജ്യോതി ബൈ അഫോഡ ബിൾ എൽഇഡി ഫോർ ഓൾ) പദ്ധതി പ്രകാരമുള്ള എൽഇഡി ബൽബുകളുടെ വിതരണം 10 കോടിയിലെത്തി.

ഊർജ ക്ഷമതയുള്ള വെളിച്ച സംവിധാനം സംബന്ധിച്ച് അവബോധമുണ്ടാക്കുന്നതിൽ ഉജാല പദ്ധതി വൻ വിജയമാണ് നേടിയത്. 2014-15ൽ ആകെ 30 ലക്ഷം എൽഇഡി ബൾബുകളാണ് വിതരണം ചെയ്തതെങ്കിൽ 2015-16ൽ ഇത് 15 കോടി കവിഞ്ഞു. ഇതിൽ ഒമ്പതു ലക്ഷം എണ്ണം ഉജാല പദ്ധതിയനുസരിച്ചാണ് വിതരണം ചെയ്തത്. ശേഷിച്ചത് ലൈറ്റിംഗ് വ്യവസായമേഖലയും വിതരണം ചെയ്തു.

നടപ്പുവർഷം 20 കോടി എൽഇഡി ബൽബുകൾ കൂടി വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് കേന്ദ്ര ഗവണ്മെന്റിന്റെ പ്രതീക്ഷ. വ്യവസായമേഖലയുടെ പിന്തുണയോടെ ഉജാല പദ്ധതിയനുസരിച്ച് 2019 മാർച്ചോടെ രാജ്യത്തെ കാര്യക്ഷമതയില്ലാത്ത 77 കോടി ബൽബുകൾ മാറ്റി എൽഇഡി കൊണ്ടുവരുകയാണ് ലക്ഷ്യം.

ആഗോളതലത്തിൽതന്നെ ഊർജലാഭത്തിനുള്ള ഏറ്റവും വലിയ സംഭവനയാണ് കാര്യക്ഷമതയുള്ള ലൈറ്റിംഗ് സംവിധാനം നൽകുന്നത്. പത്തുകോടി എൽഇഡി ബൾബ് വിതരണം ചെയ്തതുവഴി പ്രതിവർഷം 1298 കോടി കിലോ വാട്ട് വൈദ്യുതി ലാഭിക്കുവാൻ സാധിക്കുന്നുണ്ട്. ഇതുവഴി രാജ്യത്തിനു 2600 മെഗാവാട്ട് വൈദ്യുതി ശേഷി വിനിയോഗം ഉപേക്ഷിക്കുവാൻ സാധിച്ചു. മാത്രവുമല്ല പ്രതിവർഷം 12 കോടി ടൺ ഹരിത ഗൃഹവാതക പ്രസരണം ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്.

സിഎഫ്എൽ ബൽബുകൾ ഉപയോഗിക്കുന്നതിന്റെ പകുതി വൈദ്യുതി മതിയാകും എൽഇഡി ബൽബുകൾക്ക്. മറ്റു പാരമ്പര്യ ബൽബുകൾ ഉപയോഗിക്കുന്നതിന്റെ പത്തിലൊന്നു വൈദ്യുതിയേ എൽഇഡി ബൽബുകൾ ഉപയോഗിക്കുന്നുള്ളു.

ലോകത്തിലെ ഏറ്റവും വലിയ സബ്സിഡിയിതര എൽഇഡി വിതരണ പദ്ധതിയാണ് ഉജാല. ഈ പദ്ധതി ഉപയോഗപ്പെടുത്തിയവർക്കു ചെലവിനത്തിൽ വലിയ തുക ലാഭിക്കുവാൻ സാധിക്കുന്നുണ്ട്.

പല സംസ്ഥാന സർക്കാരുകളും സ്വമേധയാ ഈ പദ്ധതി സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 13 സംസ്ഥാനങ്ങൾ ഈ പദ്ധതി നടപ്പാക്കി. എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (ഇഇഎസ്എൽ) ഒരു മാസത്തിനുള്ളിൽ കൂടുതൽ സംസ്ഥാനങ്ങളിൽ എൽഇഡി ബൽബുകൾ വിതരണം ചെയ്തു തുടങ്ങും.

### ഉജാല പദ്ധതി വഴിയുള്ള ദേശീയ നേട്ടം (ഏകദേശ കണക്കിൽ)

* വാർഷിക ഊർജ് സമ്പാദ്യം- 1298 കോടി കിലോവാട്ട്
* പീക്ക് ലോഡ് കുറവു വരുത്താൻ സാധിക്കുന്നത്- 2600 മെഗാവാട്ട്
* ഉപഭോക്താക്കളുടെ ബിൽ തുകയിൽ കുറവു വരുന്നത്- 5,195 കോടി രൂപ
* ഹരിത വാതക പ്രസാരണ കുറവ്- 12 കോടി ടൺ കാർബൺ ഡയോക്സൈഡ്

ഉജാല പദ്ധതിയുടെ നേട്ടത്തിൽ പങ്കാളിയാകുവാൻ ആഗ്രഹിക്കുന്നവർക്കു വെബ്സൈറ്റിൽനിന്ന് (www.delp.in) അടുത്തുള്ള വിതരണ കിയോസ്ക് കണ്ടെത്താൻ സാധിക്കും.

**Yojana (Malayalam) June, 2016 Price Rs.22/-  RNI No.22588/72 Postal Regn.KL/TV(S)/29/2015-17**
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1st June 2016


# JEWELS
## FROM
## PUBLICATIONS DIVISION




Sales Centres : Soochna Bhawan, Lodhi Road, New Delhi-110003. Hall No.196, Old Secretariat,Delhi-110054. C-701, 7th Floor, Kendriya Sadan , CBD Belapur, Navi Mumbai -400614. 8, Esplanade East, Kolkata-700069. Rajaji Bhawan, F&G Block , A Wing, Besant Nagar, Chennai-600090. Press Road, New Govt Press,Thiruvananthapuram-695001. Block No. 4, Ist Floor, Gruhakalpa Complex, M.J. Road, Nampally, Hyderabad-500001. Bihar State Coop. Bank Bldg. Ashoka Rajpath, Patna-800001. IInd Floor, Hall No.1, Kendriya Bhawan, Sector-H, Aliganj, Lucknow-226024. Ambika Complex Ist Floor, Paldi, Ahmedabad-380007. Ist Floor, F Wing, Kendriya Sadan, Koramangala, Bangalore-560034. KKB Road, New Colony, House No. 7, Chenikuthi, Guwahati-781003.

For further details please contact Business Manager, Publications Division
Soochna Bhawan CGO Complex, Lodhi Road, New Delhi-110003. Ph:011-24367260,Fax-011-24365609

PUBLICATIONS DIVISION
MINISTRY OF INFORMATION 7 BROADCASTING
GOVERNMENT OF INDIA

e-mail:dpd@sb.nic.in, dpd@hub.nic.in
website: publicationsdivision.nic.in

davp-22213/11/0027/07-08


ഇന്ത്യാ ഗവണ്മെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
എസ്.ബി. പ്രസ്സ് (പ്രൈവറ്റ്) ലിമിറ്റഡിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ്സ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ - ദീപിക കച്ചൽ, സീനിയർ എഡിറ്റർ - ധന്യ സനൽ കെ.**